Sahitha Pranayikal Pt. I

PAUL

032:9M8
G0·1;1

MUL
165279

# സാഹിത്യപ്രണയികൾ

Sahithya Pranayikal

ഒന്നാം ഭാഗം.

Part I

UNIVERSITY LIBRARY
2 4 SEP 1955
MADRAS

പ്രകാശകൻ,

തോമസ് പോൾ ബി. എ.

Thomas Paul

V. V. Publishing House,
Trivandrum.

165279
38207
O32:9M8
G0.1;1

UNIVERSITY LIBRARY
24 SEP 1955
MADRAS

# സാഹിത്യ പ്രണയികൾ

## ഒന്നാംഭാഗം

---

I

## വേങ്ങയിൽ നായനാർ

വേങ്ങയിൽ തറവാട്ടിൽ അനേകം നായനാർമാർ ഉണ്ടായിട്ടുണ്ട്. പലരും മഹായോഗ്യന്മാരായിരുന്നു. ധനം സമ്പാദിച്ചു കീർത്തി നേടിയവരും, പരോപകാരംചെയ്തു വിഖ്യാതരായവരും വീരശൂരപരാക്രമങ്ങളെക്കൊണ്ട് കേൾവിപ്പെട്ടവരും ആയ അനേകം നായനാർമാർ ആ തറവാട്ടിലെ കാരണവന്മാരായിട്ടുണ്ടായിരുന്നുവെങ്കിലും, സാഹിത്യലോകത്തിൽ 'വേങ്ങയിൽ നായനാർ' എന്ന പേരിൽ അറിയപ്പെടുന്ന ആൾ ഏകൻമാത്രമേ ഉണ്ടായിരുന്നുള്ളു.

പ്രസിദ്ധരായ ആംഗ്ലേയസാഹിത്യകാരന്മാർ തങ്ങൾ എഴുതുന്ന ലേഖനങ്ങളും പുസ്തകങ്ങളും സ്വന്തംപേരിൽ പരസ്യംചെയ്യാതെ വല്ലതും ഒരു കൃത്രിമനാമധേയത്തിൽ വെളിക്കിറക്കുന്ന സമ്പ്രദായമുണ്ട്. സ്വന്തം പേരുകളാൽ അറിയപ്പെടുന്നതിനെക്കാൾ, ആ വക കൃത്രിമ നാമധേയങ്ങളാലാണ് അവർ അധികം വിഖ്യാതരായത്. മാർക്ക് ടൈ്വയിൻ, ജോർജ്ജ് എലിയട്ട് എന്നീ പേരുകൾ ആ നിലയിൽ പ്രസിദ്ധങ്ങളാകുന്നു. അവയ്ക്കു 'പേനപ്പേരുകൾ' (Pen name) എന്നാണ് പറയുന്നത്. കേരളസാഹിത്യ

ലോകത്തിൽ അങ്ങനെയുള്ള പേർ ഒന്നേയുള്ളൂ. അതാണ് 'കേസരി.'

'കേസരി' എന്ന പേർ, കേരളകാളിദാസൻ, കേരളവ്യാസൻ, കേരളടാഗോർ എന്നിങ്ങനെയുള്ള പേരുകൾ പോലെയല്ല. അതു അടുത്തുനില്ക്കുന്ന സേവകന്മാരൊ മുഖസ്തുതിക്കാരോ വിളംബരപ്പെടുത്തിയ വഴിക്കു പററിച്ചുന്ന വിശേഷാഭിധാനമല്ല. കവിതിലകൻ, സാഹിത്യസഖി, സരസകവി എന്നിവയെപ്പോലെ വല്ല തമ്പുരാക്കന്മാരുടെയും തിരുവുള്ളം ഉണ്ടായി സമ്പാദിച്ചതുമല്ല. തൻെറ സാഹിത്യപ്രകടനകളുടെ അനന്യസാധാരണമായ ഗുണവിശേഷങ്ങളുമായി അഭേദ്യമായ ഐക്യം സംഭവിച്ചതിനാൽ സ്ഥിരമായിത്തീർന്ന പേനപ്പേരാണ് 'കേസരി' എന്നതു്. സാഹിത്യലോകത്തിൽ മേലാൽ പ്രഖ്യാതരായിത്തീരാവുന്ന വേങ്ങയിൽ നായനാർമാർ വളരെ ഉണ്ടായി എന്നുവരാം; 'കേസരി' ഉണ്ടാകയില്ല. വേങ്ങയിൽ നായനാരുടെ സ്വന്തം സമ്പാദ്യമാണ് അതെങ്കിലും അതിനു മക്കൾക്കൊ മരുമക്കൾക്കൊ അവകാശമില്ല. ഉപയോഗംകൊണ്ട് അതിൻെറ സ്ഥിരമായ പകപ്പവകാശവും ആദ്ദേഹത്തിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ അതു കട്ടെടുക്കുവാൻ മാനമുള്ളവരാരും ധൈര്യപ്പെടുകയുമില്ല.

കാവ്യം വായിക്കുക, കവിയെ കാണുക, കവിയുമായി സംസാരിക്കുക,—ഈ മൂന്നു കാര്യങ്ങളും പലരെ സംബന്ധിച്ചും ഭഗ്നാശയത്തിന്നു് ഇടവരുത്താറുണ്ടല്ലോ. കേസരിയുടെ ലേഖനങ്ങൾ വായിക്കുക, കേസരിയെ കാണുക, കേസരിയുമായി സംസാരിക്കുക,—ഈ മൂന്നു കാര്യങ്ങളെക്കൊണ്ടും ഒരാളുടെ മനസ്സിൽ ഉണ്ടാകുന്ന ഫലം ഏറക്കുറയ തുല്യമായിരിക്കും.



വല്ല സഭകളിലോ, തീവണ്ടിയിലോ, മററോ വച്ചു കേസരിയെ കണ്ടുമുട്ടിയാൽ, അതൊരു “വടക്കൻ യശമാന

ൻ" ആണെന്നു ആരും സംശയിക്കയില്ല. യൂറോപ്പ്യൻസമ്പ്രദായത്തിലുള്ള ഉടുപ്പുകളാണെന്നു പറഞ്ഞു, കാലുറയും ഷൂസ്സും ധരിക്കുന്ന നാടന്മാർ ആ കാൎയ്യത്തിൽ പലേ അബദ്ധങ്ങളും പ്രകടിപ്പിച്ചു, പാശ്ചാത്യന്മാരുടെ പരിഹാസത്തിന്നു പാത്രമാകുന്നതു സാധാരണയാണല്ലോ. എന്നാൽ ആവക യാതൊരു അബദ്ധവും വരുത്താതെ, ഏററവും പരിഷ്കൃതരീതിയിൽ; ഓപ്പൺകോട്ടും, വേസ്റ്റ്കോട്ടും, അവയ്ക്കു യോജിച്ച കാലുറയും, വൃത്തിയിൽ മിനുസമാക്കിയ ഷൂസ്സും, അശേഷം അഴുക്കില്ലാത്ത കോളറും, കോട്ടിൻെറ വൎണ്ണത്തിന്നു സാമ്യമായ ടൈയും, കട്ടിസ്വൎണ്ണത്തിലുള്ള ഗഡിയാൾചങ്ങലയും, കസവുതലപ്പാവും, പൊന്നിൻകൂട്ടിലുള്ള കണ്ണടയും ധരിച്ചു്, ഏതു അപരിചിതനെ കണ്ടാലും, "എന്താ, എന്നോടു വല്ലതും പറവാനുണ്ടോ, അടുക്കാം, മടിക്കണ്ടാ," എന്നു പറയുന്നുണ്ടെന്നു തോന്നിക്കുന്ന സുപരിചിതസൂചകമായ പുഞ്ചിരിയോടുകൂടിയ കേസരിയെ കണ്ടാൽ, വടക്കേ മലയാളത്തിലെ വടക്കേ അററത്തു ജനിച്ചുവളൎന്ന ഒരു നാടൻനായരാണെന്നോ, വല്ല കാട്ടു വാഴുന്ന "യശമാനൻ" ആണെന്നോ, യാതൊരാൾക്കും സംശയം ഉണ്ടാകയില്ല. നവീനാശയന്മാരായ മഹാന്മാരോടുകൂടി നിത്യം പരിചയിച്ചു കാലംകഴിക്കുന്ന വലിയൊരു ഉദ്യോഗസ്ഥനാണെന്നേ ആരും വിചാരിക്കയുള്ളു. മലയാളപത്രങ്ങളിൽ ലേഖനം എഴുതുകയെന്നല്ല, മലയാളപത്രങ്ങൾ വായിക്കുക, എന്നതുപോലും, അന്തസ്സിന്നു കുറവാണെന്നു വിചാരിക്കുന്ന ഒരുതരം മനുഷ്യരിൽപെട്ട ആളല്ലയോ ഇതു്? അല്ല, ഇതാണ് കേസരി.

ഇതാണോ കേസരി? ശരി. അത്തരം സൎവ്വസമ്മതമായ ഉപന്യാസങ്ങളുടെ കൎത്താവ്, ഇത്തരം സൎവ്വവശ്യ

മായ സ്വരൂപമുള്ള ആൾതന്നെ ആയിരിക്കണം. ഫലിതരസസമ്മിശ്രമായ വാഗ്വിലാസത്തോടുകൂടി ആരെയും നേരംപോക്കിൽ പരിഹസിക്കുന്ന സ്വതഃസിദ്ധമായ പ്രത്യേക സ്വഭാവമാണ്, കണ്ണടയ്ക്കുള്ളിൽകൂടി ആ നേത്രങ്ങളിൽ പ്രകാശിക്കുന്നത്. "നിങ്ങളെ ശരിയായി മനസ്സിലാക്കി എന്റെ ഉള്ളിൽ ഗ്രഹിച്ചുവെച്ചിട്ടുണ്ട്; ഉപായവും കുസൃതിയും കൊണ്ടൊന്നും ഇങ്ങോട്ടുവരണ്ട," എന്നാണ്, അടച്ചുവെച്ച ആ ചുണ്ടുകളും അവയ്ക്കു ചുററും വിളയാടുന്ന പുഞ്ചിരിയും നിങ്ങളോട്ടു പറയുന്നതെന്നു തോന്നും. കേസരി വായ് തുറന്നെങ്കിൽ ഫലിതമല്ലാതെ പറകയില്ല. ഇവയൊക്കെ ഓരോ സന്ദർഭത്തിൽ പ്രത്യേകം എടുത്തുപറവാൻവേണ്ടി മുൻകൂട്ടി പഠിച്ചുവെച്ചതൊ എന്നു സംശയിച്ചുപോകും. എഴുത്തിൽ കാണുന്ന ഫലിതങ്ങളൊക്കെ സംഭാഷണത്തിലും കേൾക്കാം. യോഗ്യന്മാരാണെന്നു അറിയപ്പെടുന്ന ചിലരുടെ പ്രത്യേക സ്വഭാവങ്ങളും ചില ഉദ്യോഗസ്ഥന്മാരുടെ കള്ളത്തരങ്ങളും അവരിൽ ചിലർ കൈക്കൂലി വാങ്ങുന്ന സമ്പ്രദായങ്ങളും മററും ഉള്ളതുപോലെ മനസ്സിലാക്കി, അത്യന്തം തന്മയത്വത്തോടുകൂടി വിവരിക്കുന്നതു കേട്ടാൽ എത്ര ഗൌരവമുള്ള ആളും എത്ര അഗാധമായ വ്യസനത്തിൽ മുഴുകിയവരും തന്നെത്താൻ മറന്നു പൊട്ടിച്ചിരിക്കാതിരിക്കയില്ല. ഈവക നേരംപോക്കുകൾ പറയുമ്പോൾ ഇരുന്നുകൊണ്ടു സംസാരിക്കുന്ന പതിവില്ല. നിന്നും നടന്നും അഭിനയങ്ങളോടുകൂടിയാണ് പറയുക. "മക്കളുടെ വേളിക്ക്" ധനസഹായം അർത്ഥിച്ചുകൊണ്ടു "ഭിക്ഷാംദേഹികൾ" ആയിവരുന്ന ചില ബ്രാഹ്മണർ നടിക്കുന്ന അധികാരഗൌരവങ്ങൾ കണ്ടാൽ, അവരെ പരിഹസിച്ചു വിടാൻ നായനാർക്കുള്ള പാടവം പ്രത്യേകമാണ്.

ഉപായത്തിൽ വല്ലതും പററിക്കൊണ്ടു പോവാൻ വന്നവനാണെന്നു മനസ്സിലായാൽ അവനെ വല്ലവിധത്തിലും ചെണ്ടകൊട്ടിക്കാതെ വിട്ടയക്കയില്ല. എന്നാൽ യഥാൎത്ഥത്തിൽ ദ്രവ്യസഹായം അവശ്യപ്പെട്ടുന്നവരെ വെറുംകൈയ്യാലെ മടക്കിയയക്കുകയും ഇല്ല.

നായനാർ ഒരു സംസ്കൃതപണ്ഡിതനായിരുന്നില്ല; എന്നല്ല, ശ്രീരാമോദന്തമൊ ശ്രീകൃഷ്ണവിലാസമൊ മററൊ കഷ്ടിച്ചു വായിച്ചിരുന്നതല്ലാതെ, അദ്ദേഹത്തിന്നു സംസ്കൃതവിദ്യാഭ്യാസംതന്നെ ഉണ്ടായിരുന്നില്ല. 'മലയാളഭാഷയെക്കൊണ്ടു കൈകാൎയ്യം ചെയ്യുന്നതിൽ സംസ്കൃതപരിജ്ഞാനത്തെ അദ്ദേഹം ആവശ്യപ്പെട്ടിരുന്നതുമില്ല. ഇംഗ്ലിഷു വിദ്യാഭ്യാസത്തിൻെറ ഒരു ഉത്തമസന്താനമായിരുന്നു കേസരി.

അദ്ദേഹം ആദ്യം തളിപ്പറമ്പിലുള്ള ഒരു സ്കൂളിലും പിന്നിട്ട് കോഴിക്കോട്ട് ഗവമ്മെണ്ടുകോളജിലും ചേൎന്നു പഠിച്ചു. മിസ്റ്റർ ബാറോ എന്ന പ്രസിദ്ധ ഇംഗ്ലിഷ് പ്രൊഫസർ ഗവമ്മെണ്ടു സൎവ്വീസ്സു വിട്ടേണ്ടിവന്നശേഷം, അന്നത്തെ കലക്ടരുടെ ഉപദേശപ്രകാരം സാമൂതിരിപ്പാട്ടുതമ്പുരാൻ തിരുമനസ്സുകൊണ്ടു കേരള വിദ്യാശാല സ്ഥാപിക്കുകയും മിസ്റ്റർ ബാറോവിനെ അവിടെ പ്രൻസിപ്പാളായി നിയമിക്കുകയും ചെയ്തു. അന്നു ഗവമ്മെണ്ടുകോളജു വിട്ട്, കേരളവിദ്യാശാലയിൽ ചേൎന്ന വിദ്യാൎത്ഥികളിൽ ഒന്നു, വേങ്ങയിൽ കുഞ്ഞിരാമൻനായനാരായിരുന്നു. അവിട്ടന്നു മെട്രിക്കുലേഷൻപരിക്ഷയിൽ ജയിക്കുകയും അവിടെത്തന്നെ എഫ്. എ. ക്ലാസ്സിൽ ചേരുകയും ചെയ്തു. ആദ്യത്തെക്കൊല്ലം എഫ്. എ. പരിക്ഷയിൽ പരാജിതനായി. അതിന്നുശേഷം മദിരാശിയിൽ പോയി പ്രസിഡൻസികോളെ

ളിൽ ചേൻനു. അവിടെ ഒരുകൊല്ലം പഠിച്ചതിനുശേഷം സൈദാപേട്ടയിലെ കൃഷിവിദ്യാശാലയിൽ ചേൻനു, ജന്മിയുടെ നിലയിൽ കൃഷിസംബന്ധമായി ആവശ്യമുള്ള പരിജ്ഞാനം സമ്പാദിച്ചു.

വേങ്ങയിൽതറവാട്ടിൽ കുഞ്ഞിരാമൻനായനാൎക്കു മുമ്പുണ്ടായിരുന്ന കാരണവന്മാരൊക്കെ യോഗ്യന്മാരും സമൎത്ഥന്മാരും ആയിരുന്നുവെങ്കിലും അദ്ദേഹത്തെപ്പോലെ ഇംഗ്ലീഷുവിദ്യാഭ്യാസവും പരിഷ്ക്കാരവും സിദ്ധിച്ചവർ പൂൎവ്വന്മാരിൽ ആരും ഉണ്ടായിരുന്നില്ല. വലിയ മരുമക്കത്തായ തറവാട്ടിലെ അനന്തിരവന്മാരുടെ കാൎയ്യം മോശമാണ്. അല്പകാലം മുമ്പുവരെ വളരെ മോശമായിരുന്ന തറവാട് ഏത്രയധികം ഉന്നതവും ധനപുഷ്ടിയും ഉള്ളതോ, മരുമക്കളുടെ കാൎയ്യം അത്രയധികം മോശമായിരിക്കുകയും ചെയ്യും. തറവാട്ടിൽ മൂന്നുനേരം ശാപ്പാടിന്നു പക്ഷെ കുറവുണ്ടായില്ലെന്നുവന്നാലും സ്വന്തം ചെലവിന്നായി വല്ലതും കിട്ടണമെങ്കിൽ കാരണവരുടെ പ്രത്യേക കാരുണ്യമോ, മക്കളുടെ ഭൎത്താവെന്ന വിശേഷപദവിയോ ഉണ്ടായിരിക്കണം. വേങ്ങക്കാർ അനന്തിരവന്മാൎക്കൊക്കെ പ്രത്യേകം ചെലവിന്നു വസ്തു നീക്കിട്ടുണ്ടെങ്കിലും, കുഞ്ഞിരാമൻനായനാർ കാരണവസ്ഥാനം കൈയേല്ക്കുന്നതുവരെ, അദ്ദേഹത്തിന്നു പൊതുജനങ്ങളുടെ ഇടയിലുള്ള മതിപ്പിന്നനുസരിച്ചു, ചെലവഴിക്കാൻ ധനം സ്വാധീനത്തിലില്ലാതെ കുറെ ബുദ്ധിമുട്ടേണ്ടിവന്നിരുന്നുവെന്നുള്ളതു നമ്മുടെ രാജ്യത്തെ മരുമക്കത്തായ സമ്പ്രദായത്തിൻെറ നിസ്സാരതയെ പ്രത്യക്ഷപ്പെടുത്തുകയേ ചെയ്യുന്നുള്ളു.

നായനാർ തറവാട്ടിൽ കാരണവരാകുന്നതിന്നു് പത്തുപന്ത്രണ്ടുകൊല്ലം മുമ്പുതന്നെ അദ്ദേഹത്തെ മലബാർ

ഡിസ്റ്റ്രക്ട്ബോർഡിൽ ഒരു അംഗമായി നിയമിച്ചിരുന്നു. ൧൯൦൨-ൽ തറവാട്ടിൽ കാരണവരായശേഷം ആ സ്ഥാനം രാജിവെക്കുകയാണു ചെയ്തത്. ൧൯൦൭-ൽ വീണ്ടും മെമ്പറായി നിയമിക്കപ്പെട്ടു. ഇതിനുപുറമെ അദ്ദേഹം കോയമ്പത്തൂർ കൃഷിവിദ്യാശാലയിൽ ഒരു അനുദ്യോഗസ്ഥമെമ്പറായും ഇന്ത്യയിൽനിന്ന് ഇംഗ്ലണ്ടിൽ പോയി പഠിക്കുന്ന വിദ്യാൎത്ഥികൾക്കു വേണ്ടുന്ന ഉപദേശം നൽകാനുള്ള സംഘത്തിലെ ഒരു അംഗമായും ഇരുന്നിട്ടുണ്ട്. പൊതുജനങ്ങളെ സംബന്ധിക്കുന്ന കാൎയ്യത്തിലും ഡിസ്റ്റ്രിക്ട്ബോർഡിന്റെ ഭരണത്തിലും കുഞ്ഞിരാമൻനായനാർ കാണിച്ച ശ്രദ്ധയെ അനുസരിച്ച് അദ്ദേഹത്തിന് എഡ്വർഡ് ചക്രവൎത്തിമഹാരാജാവിന്റെ പട്ടാഭിഷേകാവസരത്തിൽ ഗവൎമ്മെണ്ടിൽനിന്ന് ഒരു പ്രശംസാപത്രം (Certificate of Honour) കല്പിച്ചുകൊടുത്തിരുന്നു

കാരണവസ്ഥാനം ലഭിച്ചശേഷം നായനാർ തറവാട്ടുകാൎയ്യങ്ങൾക്കൊക്കെ പരിഷ്കൃതസമ്പ്രദായത്തിലുള്ള വ്യവസ്ഥകൾ വരുത്തി. വടക്കെമലയാളത്തിൽ ഇടപ്രഭുക്കന്മാരുടെ ഇടയിൽ ഏററവും ഗണ്യമായ സ്ഥാനത്തെ അൎഹിക്കുന്ന വേങ്ങക്കാരുടെ നടപടികളൊക്കെ പഴയ ആചാരത്തിന്നും മാമൂലിന്നും അനുസരിച്ചതന്നെ ആയിരുന്നു. അവയെല്ലാമെ നവീനകാലത്തെ പരിഷ്ക്കാരത്തിന്നനുസരിച്ചുള്ള ചിട്ടകൾ ഏൎപ്പെടുത്തിയതു കുഞ്ഞിരാമൻനായനാരായിരുന്നു.

വേങ്ങയിൽ കുഞ്ഞിരാമൻനായനാർ കേരളം മുഴവൻ പ്രസിദ്ധനാവാനും അദ്ദേഹത്തിന്റെ പേർ ഇനിയുള്ള തലമുറകളും ഓൎമ്മിക്കാനും ഇടയാക്കിയതു് അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമമായിരുന്നു.

൧൮൯൦-ൽ തിരുവിതാംകൂറിൽനിന്നു പുറപ്പെട്ട 'കേരളചന്ദ്രിക'യിൽ ആയിരുന്നു അദ്ദേഹത്തിൻെറ പ്രഥമലേഖനം പരസ്യം ചെയ്തിരുന്നതു്. എന്നാൽ റാവുബഹദൂർ ററി. എം. അപ്പുനെടുങ്ങാടി അവർകൾ, റാവുസാഹിബ് സി. കുഞ്ഞിരാമമേനോൻ അവർകൾ മുതലായ മാന്യന്മാർ ആരംഭിച്ചതും, ഇന്നും സി. കുഞ്ഞിരാമമേനോൻ അവർകളുടെ മേൽനോട്ടത്തിൽത്തന്നെ പ്രചരിക്കുന്നതുമായ 'കേരളപത്രിക' യിലായിരുന്നു 'കേസരി' അധികമായി വിഹരിച്ചതു്.

കേരളപത്രികയിൽ കടന്നു കേസരി കളിച്ചുകൂട്ടിയ കളി ഭാഷാസാഹിത്യരസികന്മാർ ഒരു കാലത്തും വിസ്മരിക്കുന്നതല്ല. കേസരിയുടെ അതിലുള്ള ലേഖനങ്ങളൊക്കെ നശിച്ചുപോകാൻ ഇടവരുത്തിയതു ഭാഷയ്ക്കു വലിയൊരു നഷ്ടമാകുന്നു. അന്നത്തെ ഉദ്യോഗസ്ഥന്മാർ കൈക്കൂലി മുതലായ ദുരാചാരങ്ങൾ ബാധിച്ചു, രാജ്യത്തിന്നു്, വലിയ അനത്ഥങ്ങൾക്കു് ഇടവരുത്തിയിരുന്നു. തങ്ങളെ തടുക്കാനും മുടക്കാനും ആളില്ലെന്നും തങ്ങൾ കളിച്ചതൊക്കെ കളിയാണെന്നും വിചാരിച്ച മദോന്മത്തന്മാരായ ആ ഉദ്യോഗസ്ഥവാരണങ്ങളെ നശിപ്പിക്കാനായിരുന്നു കേസരി കേരളപത്രികയിൽ അവതരിച്ചതു്. കേസരിയുടെ ലേഖനങ്ങളെ അടിസ്ഥാനമാക്കി അധികൃതന്മാർ ചെയ്ത അന്വേഷണത്തിൻെറ ഫലമായി ചില ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കാൻ ഇടവന്നിട്ടുണ്ടു്. അതിനുശേഷം കുറെക്കാലം മലബാറിൽ ഉദ്യോഗസ്ഥന്മാരുടെ ദുന്നയങ്ങൾക്കു വളരെ പൊറുതിയുണ്ടായിരുന്നു.

ആ അവസരത്തിൽത്തന്നെയായിരുന്നു മലബാറിലെ ഒരു വക്കീലായ പൂവാടൻരാമൻ അവർകൾ, ഒരു അച്ചുക്കൂ

ടം സ്ഥാപിച്ചു, മലബാർ സ്പെക്റ്റേറ്റർ എന്ന പേരിൽ ഒരു ഇംഗ്ലിഷുപത്രം ആരംഭിച്ചതു്. പൂവാടൻരാമൻ അവർകൾ വലിയ പരിഷ്കാരിയും മഹാ ധീരനും ആയിരുന്നു. മലബാറിൽ യൂറോപ്യൻസമ്പ്രദായത്തിൽ മുടിവെട്ടി യൂറോപ്യൻവസ്ത്രം ധരിച്ച ഒന്നാമത്തെ ഹിന്ദു അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ പുത്രനും ഏഡനിൽ പൊളിററിക്കൽ ഏജൻറിൻെറയും മററും ഉദ്യോഗം വഹിച്ചു പെൻഷ്യൻ വാങ്ങി ഇപ്പോൾ ആലുവായിൽ താമസിച്ചുവരുന്ന ആളും ആയ പി. സി. ഗോവിന്ദൻ അവർകളെ അദ്ദേഹം ഇംഗ്ലണ്ടിൽ അയച്ചു വിദ്യാഭ്യാസം ചെയ്യിച്ചു. മലബാറിൽനിന്നു വിദ്യാഭ്യാസം ചെയ്വാൻ ഒന്നാമതു് ഇംഗ്ലണ്ടിൽ പോയ മലയാളി അദ്ദേഹമായിരുന്നു. രാമൻ അവർകൾ ആരംഭിച്ച ഇംഗ്ലീഷുപത്രത്തിൻെറ പത്രാധിപരായി, തിരുവിതാംകൂറിൽനിന്നു രാജ്യത്തിൽ അസമാധാനത്തിനിടയാക്കിയതിനു് ബഹിഷ്കരിക്കപ്പെട്ട ഡാക്ടർ കിസ്സിനെ വരുത്തി വലിയ ശമ്പളത്തിന്നു നിയമിച്ചു. അദ്ദേഹത്തിൻെറ സഹായിയായി പ്രസിദ്ധപത്രപ്രവൎത്തകനായിത്തീൎന്ന മിസ്റ്റർ റോളോപ്ലററലിനേയും നിശ്ചയിച്ചു. രാമൻ അവർകൾക്കു് ഒരു മലയാളപത്രംകൂടി നടത്തേണമെന്നു് ആഗ്രഹമുണ്ടാകയും അതിൻെറ ഫലമായി 'കേരളസഞ്ചാരി' ആരംഭിക്കുകയും ചെയ്തു. അതിൻെറ പത്രാധിപസ്ഥാനം കേസരിയാണു് കയ്യേററതു്. കേസരിപദം കൂട്ടങ്ങണമെന്നുവെച്ചായിരുന്നു പത്രത്തിന്നു കേരളസഞ്ചാരി എന്ന പേർ കൊടുത്തിരുന്നതു്. മലബാർ സ്പെക്റ്റേറ്റർ എന്ന പത്രവും കേരളസഞ്ചാരിയുംകൂടി അന്നു കേരളത്തിലെ ഉദ്യോഗമത്തന്മാരെ ഇട്ടു കുലുക്കിയതു ഇന്ത്യയിലെ പത്രപ്രവൎത്തനചരിത്രത്തിൽ പ്രധാനമായ ഒരു അദ്ധ്യായമായിരുന്നു.

ആറുമാസമെ കേസരി കേരളസഞ്ചാരിയുടെ പത്രാധിപ രായിരുന്നുള്ളു. അതിൽപിന്നെ ആ പത്രത്തിലേക്ക് വള രെക്കാലം അദ്ദേഹം ഒന്നും എഴുതാതെയായി. പിന്നീട് ൧൮൯൨-ൽ മൂർക്കോത്തു കുമാരൻ അവർകൾ കേരളസഞ്ചാ രിയുടെ പത്രാധിപത്യം കൈയേററശേഷം കുഞ്ഞിരാമൻ നായനാർ അവർകൾ, കേസരി, വജ്രബാഹു, വജ്രസൂ ചി, ദേശാഭിമാനി എന്നീ പേരുകൾ വെച്ച് അതിൽ പല രസകരങ്ങളായ ലേഖനങ്ങളും എഴുതിയിരുന്നു. മലയാളമ നോരമ, കോഴിക്കോടൻമനോരമ എന്നീ പത്രങ്ങളിലും അ ദ്ദേഹത്തിൻെറ ലേഖനങ്ങൾ കണ്ടിട്ടുണ്ട്. തൻെറ സബ്ര ഹ്മചാരിയായ സി. അച്യുതമേനോൻ അവർകൾ വിദ്യാ വിനോദിനിയുടെ പത്രാധിപരായിരുന്ന കാലം, കേസരി കുറെക്കാലം അതിൻെറ സഹപത്രാധിപരായിരുന്നു. മൂ ർക്കോത്തുകുമാരൻ അവർകളുടെ പത്രാധിപത്യത്തിൽ തല ശ്ശേരിൽവെച്ചു തുടങ്ങിയ മിതവാദിയിലായിരുന്നു പിന്നിട്ട് യഥാൎത്ഥ 'കേസരി' കടന്നുചാടിയതു്.

കേസരിയുടെ പരിഹാസത്തോട്ടു നിവൃത്തിയില്ല. ഒ രു പുലിയുടെ മട വിവരിച്ചതിൽ അദ്ദേഹം ഇങ്ങിനെ എഴു തിയിരിക്കുന്നു :—'അതിനകത്തെ ഘ്രാണം ഇന്നും വിചാരി ച്ചുകൂടാ. മുനിസിപ്പാലിററിയിൽക്കൂടി ഇത്ര ദുൎഗ്ഗന്ധമില്ല. അ ത്ര കഠിനം.' മുനിസിപ്പാലിററികളിൽ ശുചീകരണകാൎയ്യ ത്തിൽ കാണിക്കാറുള്ള അശ്രദ്ധയെ ഇത്ര ശക്തിയോട്ടുകൂടി വിവരിക്കുവാൻ മററൊരാൾ ഒരു പുസ്തകം എഴുതേണ്ടിവ രികയില്ലെ എന്നാണു സംശയം.

'നാട്ടെഴുത്തശ്ശന്മാർ' ലോകത്തിൽനിന്നു അന്തൎദ്ധാനം ചെയ്തുതുടങ്ങി. ഇനി അധികംപേർ ബാക്കിയില്ല. ഉള്ളവ ർകൂടി നശിച്ചാൽ അവരുടെ സ്ഥാനം വഹിപ്പാൻ സന്താ

നവും ഇല്ല. നശിക്കുന്ന സാധനങ്ങളുടെ മാതൃകകൾ കാഴ്ചബങ്കളാവിൽ സൂക്ഷിച്ചുവെക്കാറുള്ളതുപോലെ, നാട്ടെഴുത്തശ്ശന്മാരെ 'കേസരി' ഭാഷാസാഹിത്യത്തിൽ എന്നെന്നും ജീവിക്കത്തക്കവണ്ണം രേഖപ്പെടുത്തിക്കളഞ്ഞു. കേസരിയുടെ കാലത്ത് കേരളത്തിൽ പഠിപ്പു കുറഞ്ഞവരും രോഗികളും ധാരാളമുണ്ടെങ്കിലും, ഇത്രയധികം മുറിവൈദ്യന്മാരെയും എഴുത്തശ്ശന്മാരെയും ക്ഷാമം തീർന്നു കിട്ടുന്ന ദിക്കും വേറെ ഉണ്ടോ എന്നു വളരെ സംശയമാണ്.' അന്ന് 'എഴുത്തശ്ശനാവാൻ എഴുത്തുമായിട്ടു സംബന്ധം തന്നെ വേണമെന്നില്ല. × × × × കഷ്ടിച്ചു കുട്ടിവായിക്കാറായാൽ എഴുത്തശ്ശനാവാം. ഒന്നുരണ്ടു ശ്ലോകങ്ങൾ ഉണ്ടായാലത്തെ കഥ പറയേണ്ട, കവിയായിപ്പോയി. വൈദ്യനോ വൈദികനോ ആവാൻ അത്രയും അറിയണമെന്നില്ല. അച്ഛനോ അമ്മാവനോ വൈദ്യനായാൽ താനും വൈദ്യനായി. എഴുത്തശ്ശനാവാൻ പാരമ്പര്യംകൂടി നോക്കാനില്ല.' എഴുത്തശ്ശനെ കണ്ട മാത്രയിൽ തിരിച്ചറിയാമെന്നാണ കേസരി പറയുന്നത്. ആ കോലത്തിൻെറ രൂപം തൻെറ പേനാകൊണ്ടു വിവരിച്ചതു, ചിത്രകാരന്മാർ തൂലികകൊണ്ടു വരയ്ക്കുന്നതിനെക്കാൾ, തന്മയത്വമുള്ളതായിരിക്കുന്നു. എഴുത്തശ്ശനെ കണ്ടുകൊൾവിൻ:—'കഷണ്ടിയാണെന്നു പറയാൻ പാടില്ലാത്തവിധത്തിൽ തലയിൽ രോമം വളരെ കുറഞ്ഞ് ഇരുവിരൽ നെററിയും കുണ്ടൻകണ്ണും ഒട്ടിയ കവിളും നീട്ടം കുറഞ്ഞു ബഹു വിസ്തീർണ്ണമായ ദ്വാരത്തോടുകൂടിയ മൂക്കും നേരിയ ചുണ്ടും ഒരു മാതിരി പച്ചനിറത്തോടുകൂടിയ നീണ്ട പല്ലും വലിയ മുഴയോടുകൂടിയ വണ്ണംകുറഞ്ഞ കഴുത്തും നെഞ്ചുന്തി ലേശംപോലും ഉദരപുഷ്ടിയില്ലാതെ മെലിഞ്ഞ ദേഹവും കയ്യും കാലും നന്നാ നേർത്തും കഷ്ടിച്ചു മുട്ടുമറയുന്നതായ കട്ടി

മുണ്ടും ഉടുത്തു് എടങ്ങഴി ഭസ്മവും വാരിത്തേച്ച, നല്ലോരു എഴുത്താണിപ്പിശ്ശാങ്കത്തിയുമായി, ക്ഷയരോഗിയുടെ മാതിരി എല്ലായ്പ്പോഴും കുരച്ചോണ്ടു്, ചൊറിഞ്ഞോണ്ടു്, ആകെപ്പാടെ മനുഷ്യാകൃതിയിൽ ഭയങ്കരമായിട്ടുള്ള ഒരു പൈശാചികരൂപം കണ്ടാൽ, അതൊരു എഴുത്തശ്ശനായിരിക്കേണമെന്നു് ഊഹിക്കുന്നതായാൽ അധികമായ അബദ്ധമൊന്നും വരാൻ ഇടയില്ല.' ഈവിവരണം വായിച്ചാൽ ഇതു തങ്ങളെ സംബന്ധിക്കുന്നതല്ലെന്നു മിക്ക എഴുത്തശ്ശന്മാരും പറവാനാണു് എളുപ്പം. ഇതു കേസരി തനിക്കു പരിചയമുള്ള പ്രത്യേകം വല്ലവരെയും കൊള്ളിച്ചു വർണ്ണിച്ചതാണെന്നാണു് എനിക്കുള്ള ശങ്ക. പക്ഷെ, 'കുളിയും ജപവും തോത്തുമുണ്ടും ചന്ദനപ്പൊട്ടും പൊട്ടിന്മേൽ പൊട്ടും സിന്ദൂരവും അമ്മായിശ്ലോകവും മൂളൻപാട്ടും എന്നുവേണ്ട, പലേ രസികതകളും' ഉള്ളവരാണു് എഴുത്തശ്ശന്മാരിൽ മുക്കാലേ അരയ്ക്കാലും. മിക്ക തറവാട്ടിലും കലവറക്കാരൻ എഴുത്തശ്ശൻ തന്നെയായിരിക്കും എന്നു പറഞ്ഞതു് ആ ഉദ്യോഗസ്ഥന്നു ബഹുമാനത്തിന്നു കാരണമുള്ളതാണു്. പക്ഷെ 'മിക്ക ദിക്കിലും സംബന്ധക്കാരെ അന്വേഷിച്ചുണ്ടാക്കുന്ന ഭാരവാഹിത്വം എഴുത്തശ്ശന്മാരിൽ തന്നെയാണു്' എന്നു പറഞ്ഞതു കുറെ കടന്ന കയ്യായിപ്പോയി. എഴുത്തശ്ശന്മാർ കുറച്ചു വേദാന്തം പഠിക്കുന്നതു് 'വൈകുന്നേരത്തെ വിനോദത്തിന്നുവേണ്ടി മാത്രം' ആണുപോൽ.

എഴുത്തശ്ശൻമട്ടിൽ രാമായണം മഹാഭാരതം മുതലായതു വായിക്കുന്നതിനെ കേസരി വിവരിച്ചതു പരിഹാസതന്ത്രം പഠിച്ചറിവാൻ വിചാരിക്കുന്നവർ ഒരു മാതൃകയായി സ്വീകരിക്കേണ്ടതാണു്. അതുകൊണ്ടു് അതു മുഴുവൻ ഇവിടെ പകൎത്തി എഴുതുവാൻ മടിക്കുന്നില്ല. ഇതിഹാസപു

രാണങ്ങൾ എഴുത്തച്ഛൻരാഗത്തിൽ മാത്രമേ വായിക്കാൻ പാട്ടുള്ളു എന്നും എന്നാൽമാത്രമേ ഗുണമുള്ളുവെന്നും പുരാണപാരായണലോലുപന്മാൎക്ക് ദൃഢമായ വിശ്വാസമുണ്ടത്രെ ആ രാഗത്തിൻെറ സ്വരചിത്ത് എന്താണെന്നറിയേണ്ടതിന്നു ദിക്ഷിതർ, ത്യാഗരാജൻ മുതലായ മഹായോഗ്യന്മാർ കൂടി ശ്രമിച്ചിട്ടും ഫലമായിട്ടില്ല. പക്ഷെ അതു് എങ്ങിനെയാണു ശീലിക്കേണ്ടതെന്നു കേസരി വിവരിച്ചിരിക്കുന്നു. അതു് ഇങ്ങിനെയാണ് :—

'ഒന്നാമതു, നല്ല കണ്ഠമായിരിക്കേണം. ഇടത്തെ കൈ, ഇടത്തെ ചെവിയുടെ അടുക്കൽ ഉറപ്പിച്ചുവെച്ച് ഉദാത്തം അനുദാത്തം സ്വരിതം എന്നീ മൂന്നു വിധത്തിൽ ഒന്നായിട്ടും വെവ്വേറെയും വായ് നല്ലവണ്ണം പൂട്ടി തല കുലുക്കിയുംകൊണ്ടു വളരെനേരം മൂളാനായിട്ടാണ് ആദ്യമായി അഭ്യസിപ്പിക്കേണ്ടതു്. പിന്നെ വായ് പാട്ടുള്ളേടത്തോളം തുറന്ന്, 'ആ' എന്നു ഉച്ചത്തിൽ നിലവിളിക്കാൻ ശീലിക്കേണം. അങ്ങിനെതന്നെ കവിടിസ്സഞ്ചിയുടെ മാതിരി പൂട്ടി, 'ഊ' എന്നു കാളാനും പഠിക്കണം. അവസാനം വായ് പകുതി തുറന്ന്, 'ഏ'കാരം പുറപ്പെടിക്കാനും മനസ്സിലാക്കേണ്ടതു് ആവശ്യമാണ്. ഇത്രയും ശീലിച്ചുപോയാൽ, വണ്ണം, അലങ്കാരം എന്നുവേണ്ട, സകല രാഗങ്ങളും പൊടിപാറിപ്പാടാം. പേരു മാത്രം തരംപോലെ വിളിച്ചോണ്ടാൽ മതി. എഴുത്തച്ഛൻരാഗത്തിലും, കഥകളിപ്പാട്ടിലും പാട്ടുള്ളത്ര ഉച്ചത്തിൽ കൂകിവിളിക്കുന്നതാണു മുഖ്യ സംഗതി. ആദ്യത്തെ സ്വരം ഏകദേശം പകുതിയാകുമ്പോൾതന്നെ, സമീപമുള്ള നായ്ക്കളൊക്കെ ഞെട്ടി ഉണൎന്നു, 'ചങ്കിടി' പാടാൻ തുടങ്ങണം. ഇതൊരു പരിഹാസമാണെന്നു വിചാരിക്കരുതു്. ഒരുവസ്തു ഗന്ധമില്ലാത്ത പശുക്കൾകൂടി നല്ല പാട്ടു

കേട്ടാൽ ഭ്രമിച്ചുനില്ക്കുന്ന അവസ്ഥയ്ക്കു അവററിനേക്കാൾ എത്രയോ ബുദ്ധിയുള്ള നാസ്സുകൾ ചില സമയം ഒന്നിച്ചു പാടുന്നതു് ആശ്ചര്യമാണോ? വല്ലതും വായിക്കുമ്പോൾ കേൾക്കുന്ന ആൾക്കു മാത്രമല്ല, വായിക്കുന്നവന്നുകൂടി അൎത്ഥം മനസ്സിലാവാത്ത വിധത്തിൽ പദങ്ങൾ തിരിച്ചും മറിച്ചും അക്ഷരങ്ങൾ ചിലതു കൂട്ടിയും കിഴിച്ചും വായിക്കണം. ഈ തത്വം കഥകളിപ്പാട്ടുകാൎക്കു നല്ലവണ്ണം ഓൎമ്മയുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അക്ഷരം തിരിയാത്ത ദിക്കിൽ മൂളിക്കൊള്ളണം. അങ്ങിനെതന്നെ രാഗം മാറുന്നതും അക്ഷരം തിരിയാത്ത ദിക്കിൽ വേണ്ടതാണു്. '...ം...ം...ം... വട്ടാ...ത്തിൽ നി....ല്ക്കു മി...വററെ...എ—എ—യൊരമ്പെ ...യിതു...ഊ...പൊട്ടിക്കിൽ ബാലിയെ.. ക്കൊല്ലാ...ആ...യിവരും ..ം...ം...ം...ദ്ദഢം...ം...ം–' എന്നാണു പാടിയതെങ്കിൽ അതിന്റെ അൎത്ഥം, 'വട്ടത്തിൽനില്ക്കുമിവററെയൊരമ്പെയ്തു, പൊട്ടിക്കിൽ, ബാലിയെക്കൊല്ലാസ്സുരും ദ്ദഢം' എന്നാണു്.

യുദ്ധകാണ്ഡത്തിലോ മറേറാ ഉള്ള—

തെക്കേതലയ്ക്കലെതിൎത്ത രിപുക്കളെ
വാനര നായകന്മാരൊട്ടുക്കിനാർ.

എന്ന വരികൾ നമ്മുടെ എഴുത്തച്ഛൻ,

തെക്കേതലയ്ക്കലെ—തൃത്താരിപൂക്കളെ
വാനരനായ—കമ്മാരനൊട്ടുക്കിനാൻ.

എന്നായിരിക്കും വായിക്കുക. എന്നാലും തനിക്കു് അൎത്ഥത്തിന്നു കുറവില്ല. 'ലങ്കയിൽ തെക്കേ തലയ്ക്കലാണല്ലൊ രാവണന്റെ പൂങ്കാവനം. അവിടെ 'തൃത്താരിപൂക്കൾ' എന്നൊരുവക പൂക്കളുണ്ടു്. നമ്മുടെ പനിനീർപൂക്കളുടെ മാതിരി തന്നെ. തുക്കിടിസായ്പിന്റെ വീട്ടിൽ പെരുത്തുണ്ടു്.

അതൊക്കെ കമ്മാരൻ എന്ന വാനരൻ മുഴുവൻ നശിപ്പിച്ചുകളഞ്ഞു. നളൻ, കുമുദൻ, കുഞ്ചുരാമൻ എന്നൊക്കെ കുരങ്ങന്മാക്കു പേരുള്ള അവസ്ഥയ്ക്കു്, കമ്മാരൻ എന്ന പേരും വിളിച്ചുകൂടെന്നില്ല.' എഴുത്തച്ഛന്മാർ ശ്ലോകം ചൊല്ലി അത്ഥം പറയുന്ന രീതിയെപ്പററി കേസരി വിവരിക്കുന്നതും രസകരമായിരിക്കുന്നു.

'നാരായണീയത്തിലെ ആദ്യത്തെ ശ്ലോകത്തിൻെറ അത്ഥമാണ് പറയാൻ ഭാവമെങ്കിൽ, വൈയാകരണന്മാരൊക്കെ ഓടി ഒളിക്കേണ്ടുന്ന പാകത്തിന് ലേശംപോലും ദയയില്ലാതെ പദങ്ങളൊക്കെ കണ്ടംതുണ്ടമായി തറച്ചു മുറിച്ചു എടുത്തൊണ്ടു കുഴച്ചൊണ്ടു ശ്ലോകം ഏകപയ്യന്തം ഒന്നു നീട്ടി വലിച്ചു ചൊല്ലി ഒരു ദീഘശ്വാസം വിട്ട് അവസാനം, 'എന്താണ് അവിടത്തെ മഹിമ?' എന്നും പറഞ്ഞു, രണ്ടാമതും 'സാന്ദ്രാനന്ദാവബോധാത്മകമനുപമിതം കാലദേശാവധിഭ്യാം—ഗുരുവായൂരപ്പൻെറ വിലാസം!—എന്തൊരാശ്ചയ്യമാണ്!— കാലത്തെ അവിടെ പോയി തൊഴുതാൽ തന്നെ ആനന്ദമായി. ആനന്ദം വന്നാലൊ ആത്മാവിനു ബോധവും വന്നുവല്ലൊ —നിർമ്മുക്തം നിത്യമുക്തം നിഗമശത സഹസ്രേണ നിർഭാസ്യമാനം—ഗുരുവായൂര് പോയാൽത്തന്നെ മുക്തിയായി. പത്തായിരം ജനങ്ങൾ ദിവസേന ഇന്നും വന്നു തൊഴുന്നില്ലേ? എൻെറ ഭഗവാനേ—പട്ടേരിപ്പാട്ടിന്ന് ഇതു ചൊല്ലിയപ്പോൾത്തന്നെ ഭഗവാൻ തല കുലുക്കിയിരിക്കുന്നു—അസ്പഷ്ടം ദൃഷ്ടമത്രെ—തലകുലുക്കിയപ്പോൾ ആ ബിംബത്തിൻെറ മൂദ്ധാവിങ്കൽ വെച്ച നാരങ്ങ കാണ്മാൻതന്നെയില്ല—പുനരുരുപുരുഷാത്ഥാത്മകം ബ്രഹ്മതത്വം—നിന്തിരുവടിയുടെ മായാവിലാസം ഏതൊരു പുരുഷനെക്കൊണ്ടാണ് അറിവാൻ കഴിയുന്നത്?—അവി

ട്ടത്തെ കൃപാകടാക്ഷമുണ്ടായാൽ ഒന്നിനും ഒരു ആലസ്യമു ണ്ടാവില്ല—തത്താവൽ ഭ്രാത്രസാക്ഷാൽ ഗുരുപവനപുരേ ഹന്ത ഭാഗ്യം ജനാനാം—എ്ഃ എ്ഃ—എന്താണവിട്ടത്തെ മഹിമ! ഗുരുവായൂരുള്ള ജനങ്ങളുടെ ഭാഗ്യം പറഞ്ഞാൽ അ സാനിക്കില്ല—കാലത്തു മുട്ടോളം എകരത്തിൽ കാണും, ഉച്ച പൂജ കഴിഞ്ഞാൽ അരയോളമാകും, വൈകുന്നേരമാകുമ്പോ ഴേക്ക് ഒരാളെ കരത്തിൽ ഒട്ടും കുറയില്ല. സാക്ഷാൽ ഭഗ വാൻ തന്നെയാണത്. ആ പായസവും പഞ്ഞളാലും, കി ഴക്കേ നടയും, അനവധി പെണ്ണുങ്ങൾ ഒന്നരയും മുണ്ടുമാ യി കുളിച്ചുവരുന്ന വരവും എൻെറ ഭഗവാനെ!—എന്താ പറയേണ്ടതു്! കാണേണ്ടതു തന്നെയാണ്. അതു തന്നെ യാണ് ഭാഗ്യം.'

ഇങ്ങിനെയാണത്രെ എഴുത്തശ്ശന്മാർ നാരായണീയ ത്തിലെ, 'സാന്ദ്രാനന്ദാബോധാത്മകം' എന്നാദിയായ ശ്ലോകത്തിൻെറ വ്യാഖ്യാനം പറയാറ്! എന്തൊരു പരി ഹാസമാണിതു്!

'കുട്ടികളെ സന്മാർഗ്ഗത്തിൽ വളർത്തേണ്ടുന്ന ഭാരം മാതാ പിതാക്കന്മാരിൽ പ്രത്യേകം ഇരിക്കുന്നതാണെങ്കിലും കേര ളീയ സമ്പ്രദായപ്രകാരം മക്കളെ പ്രത്യക്ഷത്തിൽ വിളിക്കാ നും പറയാനുംകൂടി പാടില്ലാത്തതാണു',' എന്നാണു കേ സരി പറയുന്നതു്.

എഴുത്തശ്ശന്മാർ പരിഷ്കരിച്ചുണ്ടായ 'മേസ്ത്രി'ന്മാരെയാ ണു പിന്നെ കേസരി പിടികൂടിയിരിക്കുന്നതു്. ആ രസി കൻ പറകയാണ്, 'അവരുടെ (മേസ്ത്രിന്മാരുടെ) അവസ്ഥ ഇങ്ങിനെയൊന്നുമല്ല. പെരുത്തു രസമുണ്ട്. ഇംഗ്ലീഷു പഠിക്കാൻ ആരംഭിച്ച മുതല്ക്ക് എണ്ണപ്പെട്ട പരീക്ഷവരെ യാതൊന്നിലും ജയിക്കാതെ എങ്ങിനെയോ ക്ലാസ്സുകയ

ററം മേടിച്ച് അനവധി പ്രാവശ്യം പരീക്ഷയിൽ തോററു, തോററു നാട്ടിലേക്കും വീട്ടിലേക്കും കൊള്ളാതെ സകലയാൾക്കും പരിഹാസത്തിന്നു പാത്രമാകുമ്പോൾ തനിക്കു തന്നെ ഒരു വൈരാഗ്യം തോന്നി ഒന്നിലും വിശ്വാസമില്ലാതെ, ലോകത്തിലുള്ളവരെയൊക്കെ നിസ്സാരമാക്കിയുംകൊണ്ടു, വല്ല ദിക്കിലും തെണ്ടിനടന്ന് അവസാനം ഒരു മേസ്ത്രീയാവും. ചില വലിയ യജമാനന്മാരുടെയും പ്രഭുക്കന്മാരുടെയും സേവകന്മാരായി നടന്നു നാൾ കഴിക്കുന്ന ഒരുവക നടവിടധൂർത്തഗായകന്മാരുടെ കൂട്ടത്തിൽ കുറേക്കാലമായി ഇങ്ങിനെയുള്ള ഒരു മേസ്ത്രിം ഒഴിച്ചുകൂടാത്ത ഒരംഗമായിത്തീന്നിട്ടുണ്ട്.'

കേസരിയുടെ ഭാഷ ഏതു കുട്ടിക്കും പാമരന്നും വായിച്ചുകേട്ടാൽ പ്രയാസംകൂടാതെ മനസ്സിലാകുമെന്നുള്ളത് ഈ പരിഹാസത്തിന്നു മൂച്ച് കൂട്ടുകയാണു ചെയ്യുന്നതു്. ചീത്ത പറയുന്നതും പരിഹസിക്കുന്നതും ഇപ്പഴത്തെ തിലതണ്ഡുലഭാഷയിൽ, അല്പം മലയാളവാക്കുകളും വളരെയധികം കടിച്ചാൽ പൊട്ടാത്ത സംസ്കൃതവാക്കുകളും ചേർത്തുകൊണ്ടായാൽ, എഴുതിയ ആളും അയാളെപ്പോലെ ദുർല്ലഭം ചിലരും മാത്രമല്ലേ മനസ്സിലാക്കുകയുള്ളു എന്നൊരു സമാധാനമുണ്ടാകും. ഇതു് അങ്ങിനെയല്ലല്ലോ. കേസരിയുടെ ഭാഷ ചെവിയുള്ള മലയാളിയൊക്കെ കേട്ടാൽ അർത്ഥമാകും. അതിലടങ്ങിയ പരിഹാസവും മനസ്സിലായിപ്പോകും.

'ചില കൂട്ടർ ചിരിക്കുന്നതുതന്നെ ഇംഗ്ലീഷിലാണ്'' എന്നു കേസരി പറഞ്ഞിരിക്കുന്നു. 'ബിലാത്തിച്ചിരിയും നാടൻചിരിയും തമ്മിൽ വളരെ അന്തരമുണ്ട്'പോൽ! നമ്മൾ ചിരിക്കുമ്പോലെയല്ലപോൽ നമ്പൂരിമാർ ചിരിക്കാറു്.

പ്രാചീനാചാരോപചാരങ്ങളെയും സ്ഥാനമാനങ്ങളെയും പററി പരിഹസിച്ചെഴുതിയ ഒരു ലേഖനത്തിൽ ആചാരം പറയുന്നതിലും മററും ചിലക്ക് എത്രമേൽ വാശിയുണ്ടെന്നുള്ളതിന്ന് ഒരു കഥ പറഞ്ഞിരിക്കുന്നു. വഴിയിൽ കെട്ടും ഭേസി വരുന്ന ഒരാൾക്ക് എഴുന്നെള്ളിയെടത്തെ തൊഴാൻ തരമായില്ല. അപ്പോൾ തിരുമനസ്സുകൊണ്ടു തന്നെ അവൻെറ തലയിൽനിന്നു കെട്ടു പിടിച്ചു താഴെവെച്ചു, അവനെക്കൊണ്ട് 'എറാൻ' എന്നു പറഞ്ഞു തൊഴിച്ചു പോലും !

സന്ദർഭവശാൽ വാസ്കോഡിഗാമയുടെ പേർ എഴുതേണ്ടതായി വന്നപ്പോൾ കേസരിക്ക് ഒരു കാര്യം ഓർമ്മ വന്നു. അതു താഴെ എഴുതുന്നു :—

'ഗാമ കപ്പലിറങ്ങിയ ഉടനെ അന്നത്തെ സാമൂതിരി തമ്പുരാനെ ചെന്നു കണ്ടു എന്നും തളിയിൽ അമ്പലത്തിൽ പോയി മണിയടിച്ചു തൊഴുതുവെന്നും മററും പല കഥകളുണ്ട്. ഇതെല്ലാം വാസ്തവമാണെങ്കിൽ അദ്ദേഹം ക്രിസ്ത്യാനിയായിരിക്കയില്ലെന്നാണ് ഒരു നമ്പൂതിരിയുടെ പക്ഷം. ഗാമയുടെ ബുദ്ധിസാമർത്ഥ്യവും അദ്ദേഹം നിമിത്തം ബിലാത്തിക്കാൎക്കുണ്ടായ അത്ഭുതപൂൎവ്വമായ അഭിവൃദ്ധിയും മററും ഓൎത്ത്, സ്വാഭിമാനികളായ വെള്ളക്കാർ ക്രിസ്ത്യാനിയാണെന്നു ഘോഷിക്കുന്നതാണ്. സൂക്ഷ്മത്തിൽ അദ്ദേഹം ഒരു ഹിന്ദുവാണ്. ഗാമ അതിസുന്ദരനായിരുന്നുവല്ലൊ. വളരെ വെളുത്തിട്ടുമാണ്. ആ മഹാൻെറ യോഗ്യതയും ഐശ്വൎയ്യം പദവിയും ഒക്കെ കണ്ടു ഭ്രമിച്ച് അന്നത്തെ സാമൂതിരിപ്പാട്ടിന്നു ധാതുപാഠാനുസാരമായി 'വാസവകോടികാമൻ' എന്നു കല്പിച്ചുകൊടുത്ത പേർ പാശ്ചാത്യന്മാർ വാസ്കോഡിഗാമ എന്നാക്കിയിരിക്കണം. അങ്ങിനെതന്നെ

കൊളമ്പസ് എന്ന പേർ കുവലയാംഭസ് എന്നായിരിക്കണം. കൊളമ്പസ്സിൻെറ കടൽയാത്ര നിമിത്തമായിരിക്കണം ഈ വിശേഷനാമം സിദ്ധിച്ചതു്. മാക്സ്മുള്ളർ, ആനിബസൻറു്, സ്റ്റീവൻസൻ എന്ന പേരൊക്കെ, മോക്ഷഭട്ടാചാര്യർ, അന്നഭായി, ശ്രീവത്സൻ എന്നാണത്രെ ഇപ്പോൾ എഴുതിവരാറു്.'

കേസരി മേല്പറഞ്ഞ ലേഖനം എഴുതിയതിന്നു ശേഷമായിരിക്കണം ബസൻറു്മദാമ്മയെ ചിലർ വസന്തമാതാവാക്കിയതു്.

വലിയവക്കു കത്തുകൾ അയക്കുന്നതിൽ മററുള്ളവർ നിർബ്ബന്ധമായി അനുസരിക്കേണ്ടിവരുന്ന സമ്പ്രദായത്തെ കേസരി പരിഹസിക്കുന്നതുകൂടി കേൾക്കണം.

'വലിയ നമ്പൂതിരിപ്പാടന്മാക്കു് എഴുതുന്നതു കുട്ടിപ്പട്ടരു വായിച്ചു തിരുമനസ്സിൽ അറിയിക്കാനുള്ള വിധത്തിലേ പാടുള്ളൂ. പ്രഭുക്കന്മാരെയൊക്കെ 'സമയംപോലെ വായിച്ചു ബോധിപ്പിച്ചാൽ' മതി. അത്ര തിരക്കില്ല. 'സവിനയം,' വിനയപൂരസ്സരം,' 'സാദരം,' എന്നൊക്കെ ഈയിടെ തുടങ്ങിയതാണു്. മേൽവിലാസം എഴുതുന്നതിലും വളരെയൊക്കെ ആലോചിക്കാനുണ്ടു്. തിയ്യക്കു് 'അവർകൾ ചേർത്തുകൂടാ എന്നൊരു പക്ഷമുണ്ടു്. ബ്രാഹ്മണക്കു് 'ബ്രഹ്മശ്രീ' എന്നുകൂടി ചേക്കണം. കത്തുകടലാസ്സും ലക്കോട്ടും മററും ഉപയോഗിപ്പാൻ തുടങ്ങിയതു വാസ്ക്കോഡിഗാമയുടെ ശേഷമായിരിക്കണം. തപാലിൽ അയക്കുന്ന എഴുത്തുകളിലും കൂടി, നായരു്, നമ്പ്യാരു് എന്നു ചേക്കുന്നതു് അവസ്ഥക്കു പോരാ എന്നു വിചാരിക്കുന്ന യജമാനന്മാരും ധാരാളം ഉണ്ടു്. ഈവക പ്രതാപരുദ്രന്മാക്കു തറവാടല്ലു,

ഇമയാണു മുഖ്യം. സ്ഥാനമാനങ്ങൾ ഇമസ്സനുസരിച്ചേ പാട്ടുള്ളൂ എന്നാണു ധാരണ.

'ഇമാബലമശക്താനാം
ശക്താനാം ഭൂഷണം ഇമാ.'

എന്നെല്ലാം ധരിച്ചിട്ടുണ്ടായിരിക്കും.'

'കള്ളുകുടിക്കുക'യെന്നതിന്നു്, ഓരോ ജാതിക്കാരെയും ദേശക്കാരെയും സംബന്ധിച്ച പലേ പേരുകളും ഉള്ളതിനെപ്പററി 'കേസരി' ഇങ്ങിനെ പറയുന്നു :—

'നന്ന സാധുക്കൾ മാത്രമേ കള്ളുകുടിക്കുള്ളൂ. തീയ്യർ, വണ്ണാൻ മുതലായവർ കഴിക്കുന്നതു്, 'മരനീർ' ആണു്. 'മരവെള്ള'മെന്നു പറയുന്നതിന്നും അത്ര വിരോധമില്ല. മരനീർ വളരെ വിശേഷമാണു്. സ്വദേശിബഹളം വർദ്ധിച്ചതിൽപ്പിന്നെ കുറച്ചധികം ഗുണം കൂടീട്ടുണ്ടു്. വടക്കൻ ദിക്കിൽ 'ബാല'യോ, 'അല്ലിവെള്ള'മോ കഴിക്കാത്തവർ ചുരുങ്ങും.

എതിരേ കതിരവനുയരും മുമ്പേ
ഊററിയ മരനിരകമേ ചെന്നാൽ,
എരിയാ, പൊരിയാ, കുളിരാ, തളരാ.

എന്ന പ്രാമാണവും ഉണ്ടു്. പക്ഷേ വടക്കൻ എജമാനന്മാർ ഒരിക്കലും 'കള്ളുകുടിക്കില്ല.' 'പലഹാരം കഴിച്ചാൽ' തന്നെ മത്തുണ്ടാകും. കടത്തനാട്ടു ചില ദിക്കിൽ 'ഭസ്മം തൊട്ടാൽ'ത്തന്നെ ലഹരിയായി. അമാലന്മാക്കു് ഒരുനേരം 'വെള്ളം കുടിക്കാൻ' കാലുറുപ്പിക 'ചെമ്പുകാശിൽ' ചുരുങ്ങിയാൽ പോരാ. പുലയരും ചെറുമക്കളും 'നാമം ജപിക്ക,' 'പിരാന്തൻവെള്ളം' കൊണ്ടാണു്. സൂക്ഷ്മത്തിൽ അതാണു് യഥാത്ഥമായ പേരു്.'

നോവല്പകൾ എഴുതി അച്ചടിക്കുമ്പോൾ, 'ഇംഗ്ലീഷുമാ

തിരിയിൽ എഴുതപ്പെട്ടിട്ടുള്ള കഥ' എന്ന് എഴുതുവാൻ മറക്കരുത് എന്നു കേസരി ഉപദേശിക്കുന്നു. അതു 'എഴുതാൻ മറന്നുപോയാൽ ഇംഗ്ലിഷു പഠിക്കാത്ത വായനക്കാർ ഇതെന്തൊരു അസംബന്ധമാണ് എന്നൊക്കെ പറഞ്ഞു ഹസിക്കാൻ തുടങ്ങും. അത് ഉണ്ടായിരുന്നാൽ, ഇംഗ്ലീഷു നോവൽ ഇങ്ങിനെയൊക്കെ ആയിരിക്കും, എന്നു വിചാരിച്ച് ഒന്നും പറകയില്ല. ഈ വിദ്യ നമ്മുടെ വെപ്പുകാരൻ മനസ്സിലാക്കിട്ടുണ്ട്. അവൻ എന്തെങ്കിലും വല്ലതും പാകം ചെയ്തു യാതൊരു സ്വാദും ഇല്ലാതിരിക്കുമ്പോൾ ദ്വേഷ്യപ്പെട്ടുകയോ മറ്റോ ചെയ്താൽ, 'യജമാനനേ ഇതു മദിരാശിവെപ്പാണ്, സായ്പുമാർക്കു ഇങ്ങിനെയാണു വേണ്ടതു, മുൻസീപ്പ് എജമാനന്ന് ഇതു വലിയ ഇഷ്ടമാണ്' എന്നെല്ലാമാണു സമാധാനം. സായ്പുമാർക്കു ഇങ്ങിനെയാണെങ്കിൽ ഇതു നല്ലതായിരിക്കും എന്ന് ഇങ്ങുന്നും വിചാരിക്കും.'

കപടവേദാന്തികളെ കേസരി പിടിച്ചു കുടഞ്ഞു വിട്ടിട്ടും അവരുടെ സംഖ്യയ്ക്കു ഇപ്പഴും വളരെ കുറവുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൂടാ, കപടവേദാന്തികളുടെ പ്രമാണം തന്നെ,

തത്രമിത്രനവസ്തവ്യം
യത്രനാസ്തി ചതുഷ്ടയം
വേദാന്തി മദ്യശാലാച
വാരനാരീച മൂലികാ

എന്നാണുപോൽ. ഒരുവക വേദാന്തികൾ ശിഷ്യന്മാരോടുകൂടി രാജ്യത്തു പൂജനീയന്മാരായി സഞ്ചരിക്കുന്നതു പലരും കണ്ടിരിക്കുമല്ലോ. പാമ്പു, തേളു മുതലായ ക്ഷുദ്രജീവികളെ കണ്ടാൽ, അവയെ കൊല്ലുന്നതു ഹിംസയാണെ

ന്നു കരുതി ദ്രോഹിക്കാതെ വിടുന്ന, നമ്മുടെ നാട്ടുകാർ, വേദാന്തികളെയും നാട്ടിൽനിന്ന് അടിച്ചോടിക്കാതെ, അവൎക്കു കേരളത്തിൽ സ്വച്ഛന്ദവാസം അനുവദിച്ചിരിക്കയാണല്ലോ. മദ്യപിക്കാൻ ലൈസൻസുള്ളവരാണു വേദാന്തികൾ: അവരെപ്പററി കേസരി തന്നെ വിവരിക്കട്ടെ.

'ഈവക ഗുരുശിഷ്യന്മാരെ കണ്ടാൽ ക്ഷണത്തിൽ അറിയാം. പല ദിക്കിൽനിന്നും കുടിച്ചു വീണു, തഴമ്പുകെട്ടി ഒരുമാതിരി നല്ല കൂററന്മാരായിരിക്കും കണ്ടാൽ. വാല്യം തലയും ഇല്ലാതെ നിളാനിളത്തിൽ പെരുത്തു പറയാനും വശമുണ്ടാകും. എല്ലായ്പോഴും ആനന്ദത്തിൽ തന്നെയാണ്. പാത്രചതുഷ്ടയവും ഭൈരവീപാത്രവും ഒക്കെ കഴിച്ചാലും അങ്ങൊരു കുലുക്കവും ഇല്ല. 'ഖേചരി' കൂടാതെ ഒരു നേരവും കഴിയില്ല. 'വയറത്തു ശിവലോകം' എന്നു പറഞ്ഞത് അതിശോക്തിയൊന്നുമല്ലെന്ന് ഈ കൂട്ടരുടെ തിററി കണ്ടാൽ ആൎക്കും തോന്നിപ്പോകും. സൎവ്വജ്ഞനാണ്. യോഗാഭ്യാസവും വശമുണ്ടെന്നുള്ള നിലയിൽ ഷഡശോധനയും ചില ആസനങ്ങളും ശീലിച്ചിരിക്കും. അധികവും തോന്ന്യാസമാണ്. രാഗദ്വേഷാദികളെപ്പററിയൊക്കെ ശാസ്ത്രാനുസരണം വിചാരം ചെയ്തു ഉറപ്പിച്ചവരാകകൊണ്ട് സിദ്ധാന്തം കലശലാണെന്ന് ഈ വക ഗുരുക്കന്മാരുടെ ശേഷക്കാരോടു ചോദിച്ചാൽത്തന്നെ അറിയാം. അസൂയയും മത്സരവും ഈ അവിവേകികളിൽനിന്നു പോയതേയുള്ളു. അധികവും നാടും വീടും ചുട്ടുപൊട്ടിച്ചവരായിരിക്കും. അതുകൊണ്ട് ഇവരുടെ മത്സരത്തിന്നും വളരെ ശക്തി കൂടും. വല്ലതുമൊന്നു ചോദിച്ചാൽ ദ്വേഷ്യം കഠിനമാണ്. കണ്ണു രണ്ടും ചെങ്കിരിയുടെ കണ്ണുപോലെ ചുകന്നിരിക്കും: മൂക്കു

പിഴിഞ്ഞാൽ മൂന്നാഴി പുളിച്ച നാറുന്ന.......(പറയുന്നില്ല). അറിവിൻെറ കാൎയ്യം.

യത്രശാബ്ദികാസ്തത്രഛാന്ദസാഃ
യത്രഛാന്ദസാഃ തത്ര ശാബ്ദികാഃ
യത്രനോ ഭയം തത്രചോ ഭയം
യത്രചോ ഭയം തത്രനോ ഭയം

എന്ന പാകത്തിലാണ്. ഈവക വിദ്വാന്മാൎക്ക് അവരുടെ വാസനയ്ക്കും ഹിതത്തിന്നും അനുസരിച്ച് അനവധി ശ്രുതികളും സ്മൃതികളും അവിടവിടെ ബഹുലം തോന്നും.

രേവതി വദനോച്ഛിഷ്ട-
പരിപൂതപുടേ ദൃശൌ

എന്നൊക്കെ പറഞ്ഞതു കൂടാതെ,

സഹകാരരസോന്മിശ്രം
നാഷ്പാദ്യ പ്രിയയാൎപ്പിതാൻ

ഇത്യാദി വചനങ്ങളെക്കൊണ്ട് സ്ത്രീപുരുഷന്മാർ ഒന്നിച്ചു കുടിക്കുന്നതാണല്ലോ യോഗ്യത. അപ്പഴാണു തത്വോപദേശത്തിനും നല്ല തരം: എന്താണ്, ഏതാണ്, ഒക്കെയും നശ്വരം. ബ്രഹ്മാദി പിപിലികാപൎയ്യന്തം, പൎവ്വതാദിതൃണപൎയ്യന്തം, സകല ചരാചരങ്ങളും അനിത്യം. സകലതും മിഥ്യം. ഒക്കെ മായാമയം. കസ്ത്വം ? കോഹം ? കുതആയാതഃ ?—എന്നും മററും പൊടിപാറും. കളാഞ്ജവത്തിൽ നിന്നു, "പീത്വാപീത്വാപുനഃപീത്വാ" എന്നാദിയായ ശ്ലോകങ്ങളുടെ സാരങ്ങളെല്ലാം ഇട്ടു വൎഷിക്കും. അങ്ങിനെയുള്ള ശ്ലോകങ്ങളും പ്രമാണങ്ങളും ആവശ്യംപോലെ പെരുത്തുചൊല്ലും. ഒരു വസ്തു പറഞ്ഞാൽ മനസ്സിലാവാത്ത പരമസാധുക്കൾ ഇതെല്ലാം കേൾക്കുമ്പോൾ ഇതൊക്കെ

ത്തന്നെയാണു വേദാന്തമെന്നുവെച്ച് "ശ്രീഗുരുഭ്യോനമഃ" എന്നാവും. നമസ്കാരത്തിനുമില്ല തുമ്പും വാലും. അങ്ങട്ടുമിങ്ങട്ടും നമസ്കാരത്തോടെ നമസ്കാരംതന്നെ. വങ്കത്വം, വഷളത്വം, വലച്ചൽ, വകതിരിവില്ലായ്മ, എന്ന സാധനചതുഷ്ടയസമ്പത്തിയും വ്യവഹാരം, വ്യവസ്ഥയില്ലായ്മ, എന്ന വകാരത്രയസിദ്ധിയും കൂടിയായാൽ ദീക്ഷിതരായി. പിന്നെ ആരെ കൂട്ടാക്കണം? ഒരാളെയും ശങ്കിക്കാനില്ല. ഇങ്ങനെ എത്രപേർ, രാവും പകലും അസാരമാകുന്ന സംസാരത്തിൽ സുഖസാരത്രയമാകുന്ന മദ്യം, മാംസം, മത്സ്യം എന്നീ മകരത്രയം എല്ലാപ്പോഴും അനുഭവിച്ചുംകൊണ്ട്,

വേശ്യാവേശ്മസുസീധുഗന്ധിലലനാ
വക്ത്രാസവാമോദിതൈ-
ർന്നീത്വാനിർഭരമന്മഥോത്സവരസൈരുന്നിദ്ര
ചന്ദ്രാഃക്ഷപാഃ
സർവ്വജ്ഞാ ഇതി, ദീക്ഷിതാ ഇതി, ചിരാൽ
പ്രാപ്താഗ്നിഹോത്രാ ഇതി,
ബ്രഹ്മജ്ഞാഇതി, താപസാഇതി, ദിവാ
ധൂർത്തൈർജ്ജഗദ്വഞ്ച്യതേ."

ഇതാണു കപടവേദാന്തിയുടെ ചിത്രം. കേസരി തന്നെപ്പററിത്തന്നെ നേരംപോക്കായി എഴുതിയ ഒരു ഭാഗത്തു നല്ല പരിഹാസം അടങ്ങിയിരിക്കുന്നു. ഒരു പുസ്തകത്തിന്ന് ആമുഖോപന്യാസം എഴുതിക്കൊടുക്കുവാൻ ആവശ്യപ്പെട്ടതിന്നനുസരിച്ച്, ആമുഖോപന്യാസമാണെന്നും സങ്കല്പിച്ചു വാരിവലിച്ച് എഴുതിക്കൊടുത്ത ഉപന്യാസത്തിൽ ഉള്ളതാണിതു :—

"മുമ്പൊക്കെ വല്ലതും ഞാനൊന്ന് എഴുതിവിട്ടാൽ ഗുണംവാ ദോഷംവാ മിക്കപേരും 'ബഹുരസം—നല്ല. ഫലി

തം—ഇയാളെന്താ ഒരു നോവലെഴുതാത്തതു്?' എന്നെല്ലാം പറയുമായിരുന്നു. നോവൽ എഴുതാൻ പ്രയാസമില്ലാത്ത കാൎയ്യമാണല്ലൊ, അതിനു പ്രത്യേകം ഒരു വാസനയൊ വൈഭവമൊ ഒന്നും വേണ്ടാ. കുറഞ്ഞൊരുകാലമായി മഴ കുറവായതുകൊണ്ടോ, കലിയുടെ മൂൎദ്ധന്യംകൊണ്ടോ, എന്തൊ 'സംസ്കൃതഭാഷാഹിമഗിരി' വല്ലാതെകണ്ടൊന്നു് ഉരുകിപ്പൊട്ടി, ഒലിച്ചു, മലയാളം മുഴുവനെ കുത്തിക്കലക്കി കട്ടിച്ചോറാക്കിയതുകൊണ്ടു നമ്മളെപ്പോലുള്ള കൂട്ടർ ഒരു തുമ്പുംവാലും അമരവും രൂപവും ഒന്നുമില്ലാതെ കിടന്നു 'അന്ധനായിട്ടുഴലുന്നു കരകാണാതെ' എന്ന പാകത്തിലായിരിക്കുന്നു.''

സംസ്കൃതപദപ്രയോഗേച്ഛുക്കളായ ആ പണ്ഡിതന്മാരെ അപഹസിച്ചുകൊണ്ടു് കേസരി ഇങ്ങിനെ ഉപന്യസിച്ചിരിക്കുന്നു :—

''വളരെക്കാലം ഒരു അവിഭക്തകുടുംബക്കാരെപ്പോലെ ഏകയോഗക്ഷേമമായിക്കഴിഞ്ഞിരുന്ന സംസ്കൃതവും മലയാളവും തമ്മിൽ നമ്മുടെ സൎവ്വകലാശാലക്കാരുടെ പ്രവേശനത്തിന്നുശേഷം ഗൃഹഛിദ്രമുണ്ടായി എങ്ങിനെയൊ അധികമായ വ്യവഹാരംകൂടാതെ ഭാഗം കഴിഞ്ഞു പിരിഞ്ഞതിൽപ്പിന്നെ കാവ്യനാടകങ്ങൾ വായിക്കുന്ന സമ്പ്രദായം കേവലം ചുരുങ്ങിപ്പോയി. ഇപ്പഴത്തെ ചെറുപ്പക്കാരധികവും വല്ല ''കേരളകാഹളമൊ, വാരികയൊ, മലയാളമദ്ദളമൊ, മാസിക''യൊ വായിച്ചു വ്യുല്പത്തി ഉണ്ടായിട്ടുള്ള കൂട്ടരാണ്. ഇങ്ങിനെയുള്ള വിദ്വാന്മാർ സംസ്കൃതത്തിലും മലയാളത്തിലും അതിഗംഭീരന്മാരായ നമ്മളുടെ അഭിനവകാളിദാസൻ മുതലായവരെപ്പോലെ സംസ്കൃതപദങ്ങൾ ഉപയോഗിച്ചു് എളുപ്പത്തിൽ യോഗ്യന്മാരായിക്കളയാമെന്നു വെച്ചു; യാതൊരു 'ദയാദാക്ഷിണ്യവും' ഇല്ലാതെ സംസ്കൃ

തം ലേശംപോലും വേവിക്കാതെ അങ്ങിനെതന്നെ മുറം കൊണ്ടും ഒരു വകതിരിവും കൂടാതെ കോരിയൊഴിച്ചു വിളമ്പുന്നതു കാണുമ്പോൾ—എന്താ പറയേണ്ടത്—ചിരിക്കാതെകണ്ട് എന്താ നിവൃത്തി?' ഇങ്ങിനെയുള്ള പണ്ഡിതന്മാർ വല്ല പുതിയ പുസ്തകത്തെപ്പററി അഭിപ്രായം പറയുന്നതിൻെറ ഒരു മാതൃക, കേസരി എഴുതിട്ടുള്ളതിനെക്കുടി താഴെ പകൎത്തിയെഴുതി ഈ ഉപന്യാസം അവസാനിപ്പിക്കുന്നു. താഴെ പറയുംപ്രകാരമായിരിക്കുംപോൽ അവരുടെ അഭിപ്രായം :—

'നിങ്ങൾ സദയം അയച്ച പുസ്തകം സസന്തോഷം കൈപ്പററി. അപരിഹാൎയ്യമായ ഓരോ കൃത്യാന്തരബാഹുല്യം നിമിത്തം സരസമായും സരളമായും എഴുതിയിരിക്കുന്ന നിങ്ങളുടെ നിസ്തുല്യമായിരിക്കുന്ന പുസ്തകം കൂലങ്കഷമായി വായിക്കാൻ ഏതൽക്കാലപൎയ്യന്തംവരെ അവസരമില്ലാത്തതുകൊണ്ട് ആകപ്പാടെ സ്ഥൂലമായി ഒന്നു വായിച്ചു പരിശോധിച്ചുനോക്കിയതിൽ അപൂൎവ്വമായ ചില സ്ഖലിതങ്ങൾ ദുർല്ലഭമായി വന്നുപോയിട്ടുള്ളതു വേറെ ചില മാന്യമഹാന്മാർ കരുണാസാകം സവിസ്തരം ചൂണ്ടിക്കാണിച്ചതു വിഷ്ടവേഷന്യായേന ഞാനും ചൎവ്വിതചൎവ്വിതം ചെയ്യേണ്ടതില്ലെന്നു വിശിഷ്യ പ്രത്യേകിച്ച് പ്രസ്താവിക്കേണ്ടതില്ലല്ലോ. കിംബഹുനാ—മലയാളത്തിൽ ഗ്രന്ഥദൌർല്ലഭ്യം കുറവായിട്ടുള്ളത് എത്രയൊ ശോചനീയമായ ഒരവസ്ഥയാകകൊണ്ടു അതിനെ നിൎവ്വിഘ്നമായി നിർമ്മൂലം നിരാകരിക്കാനായി പ്രഖ്യാതവിഖ്യാതനായ നിങ്ങളുടെ പ്രശംസാവഹമായ അശ്രാന്തപരിശ്രാന്തം വളരെ ശ്ലാഘനീയംതന്നെ. അതുകൊണ്ട് ഈ പുസ്തകം സൎവ്വകലാശാലക്കാർ ഒരു പാഠപുസ്തകമാക്കിത്തീൎക്കുമെന്നു വിശ്വസിക്കുന്നു. യോഗ്യരസികനായ

നിങ്ങൾ ആയുരാരോഗ്യ സമ്പൽക്ഷേമത്തോടുകൂടി വളരെ കാലം ദീർഘായുസ്സായിരിപ്പാൻ അഖിലാണ്ഡകൊടിബ്രഹ്മാണ്ഡനായികയായി സർവ്വാന്തര്യാമിയായിരിക്കുന്ന ജഗദീശ്വരനെ എല്ലായ്പോഴും സദാ പ്രാർത്ഥിച്ചുകൊണ്ടു തൽക്കാലം ഇത്രമാത്രംകൊണ്ടു വിരമിക്കുന്നു.'

ഇങ്ങിനെയല്ലെങ്കിലും ഏകദേശം ഇങ്ങിനെയുള്ള വാക്യങ്ങൾ എഴുതുന്ന ലേഖകന്മാരും അവയെ പരസ്യം ചെയ്യുന്ന പത്രാധിപന്മാരും ഇന്നും ഉണ്ടല്ലോ. സരസനായ കേസരി ഇത്രവേഗം നമ്മെയൊക്കെ വിട്ടുപിരിഞ്ഞത്, അത്തരം അഖിലാണ്ഡകൊടിബ്രഹ്മാണ്ഡവഞ്ചകന്മാരുടെ ഭാഗ്യമെന്നേ പറയേണ്ടതുള്ളു.

കേസരിക്ക് ഉണ്ടായിരുന്ന ജനസ്വാധീനവും അദ്ദേഹത്തെപ്പററി ജനങ്ങൾക്കുള്ള വിശ്വാസവും പ്രത്യക്ഷപ്പെട്ടത്, അദ്ദേഹം മലബാർ, തെക്കൻകർണ്ണാടകം എന്നിവിടങ്ങളിലെ ജന്മികളുടെ പ്രതിനിധിയായി മദിരാശിനിയമനിർമ്മാണസഭയിൽ തിരഞ്ഞെടുക്കപ്പെട്ടപ്പോഴായിരുന്നു. അന്ന് അദ്ദേഹത്തിന്ന് എതിരായി നിന്നത്, കൊല്ലങ്കോട്ടു രാജാ വാസുദേവരാജാ അവർകളായിരുന്നു. ജനസ്വാധീനംകൊണ്ടും ധനസമ്പത്തുകൊണ്ടും പലവിധ യോഗ്യതകളെക്കൊണ്ടും പ്രശസ്തനായ വാസുദേവരാജാവവർകളെ പരാജിതനാക്കുകയെന്നത് വളരെ എളുപ്പമുള്ള കാര്യമല്ലല്ലോ.

ഇത്രമേൽ യോഗ്യനായ നായനാർ അവർകൾക്ക്, അന്യായാസേനയുള്ള മരണം, ഒരു മഹാസദസ്സിൽവെച്ചു സംഭവിക്കുവാൻ ഇടവന്നു. മദിരാശിനിയമസഭയിൽവെച്ചു ഒരു പ്രസംഗംചെയ്തു, ആസന്നസ്ഥനായ ഉടനെ അദ്ദേഹം കാലധർമ്മം പ്രാപിക്കുകയാണല്ലോ ചെയ്തത്.

വേങ്ങയിൽകുഞ്ഞിരാമൻ നായനാർ അവർകൾ 'കേസരി' എന്ന പേരിൽ കേരളഭാഷയുള്ളന്നും സാഹിത്യസദസ്സിൽ ശോഭിച്ചു ജീവിക്കാതിരിക്കയില്ല.

---

## II
## റാവു ബഹദൂർ ഒയ്യാരത്തു ചന്തുമേനോൻ

'ലക്ഷം മനുഷ്യർ കൂടിയ ദിക്കിൽ' ചന്തുമേനോനെ കണ്ടാൽ, 'അതാരാണ് ?' എന്നു ചോദിച്ചുപോകും. ആറടിയിൽ അധികം പൊക്കം; അതിന്നനുസരിച്ചു കായപുഷ്ടി, വിശേഷവിധിയായ കുടവയർ. ഇങ്ങിനെയുള്ള ആകൃതി, സാധാരണ വല്ല മനുഷ്യനും ഉണ്ടായാൽ, അതു് അല്പം ആഭാസമായിട്ടേ തീരൂ. എന്നാൽ അസാമാന്യമായ ബുദ്ധിശക്തിയും രസികത്വവും തിളങ്ങിക്കാണുന്ന മുഖകാന്തിയും, മനുഷ്യൻെറ ഹൃദയം തുളെച്ചു പ്രവേശിച്ചു അതിന്നുള്ളിൽ രഹസ്യമായി നിക്ഷേപിക്കപ്പെട്ടവയെ തോണ്ടി പുറത്താക്കുവാൻ തക്ക ശക്തിയുള്ള കണ്ണുകളും ചന്തുമേനോനിൽ മേല്പറഞ്ഞ ആകൃതിക്കു മഹത്വവും ഗാംഭീര്യവും നൽകിയിരുന്നു.

ചന്തുമേനോനെ സ്നേഹിക്കയും ബഹുമാനിക്കുകയും ചെയ്യുവരെപ്പോലെതന്നെ അദ്ദേഹത്തിൻെറ പരിഹാസത്തെ ഭയപ്പെടുകയും ചെയ്യുവർ ഉണ്ടായിരുന്നുവെന്നല്ലാതെ, അദ്ദേഹത്തെ വെറുക്കുന്നവർ ആരും ഉണ്ടായിരുന്നില്ലെന്നാണ് വിശ്വസിക്കേണ്ടതു്. ഗുണം കണ്ടാൽ തന്നെത്താൻ മറന്നു പ്രശംസിക്കുകയും, ദോഷം കണ്ടാൽ നിർദ്ദയമായി പരിഹസിക്കുകയും ചെയ്യുകയെന്നതു് ഇന്ദുലേഖാകർത്താവിൻെറ ഒരു സ്വഭാവവിശേഷമായിരുന്നു.

ഇന്ദുലേഖാപുസ്തകം വെളിക്കു വന്നതിൻെറ ശേഷമാ യിരുന്നു ചന്തുമേനോൻെറ രസികത്വവും യോഗ്യതയും ബുദ്ധിസാമർത്ഥ്യവും കേരളത്തിൽ പരക്കെ ജനങ്ങൾ അ



റിവാൻ ഇടവന്നതു്. എന്നാൽ ബാല്യത്തിൽത്തന്നെ അ ദ്ദേഹത്തിൽ ചില വിശേഷവിധി ഗ്ഗുണങ്ങൾ, തൻെറ മേലധികാരികളായ യൂറോപ്പ്യൻ ഉദ്യോഗസ്ഥന്മാർ ക

ണ്ടറിഞ്ഞിരുന്നു. മിസ്റ്റർ ഷാർപ്പ് (Mr. Sharp) എന്നു പേരായി നാട്ടുകാരുമായി വളരെ രഞ്ജനയുള്ള ഒരു സ്മാൾക്കാസ്സ് ജഡ്ജിയായിരുന്നു ചന്തുമേനവന്ന് ഒന്നാമത്ത് ഉദ്യോഗംകൊടുത്തത്ത്. ഉദ്യോഗാർത്ഥിയായി സായ്വിൻെറ അടുക്കൽ ചെന്നയവസരത്തിൽ, അദ്ദേഹം ഈ യുവാവിനെ ആപാദചൂഡം ഒന്നു നല്ലവണ്ണം നോക്കി, ചില സംഭാഷണങ്ങൾ കഴിച്ചശേഷം; വളരെ തൃപ്തനായ നിലയിൽ പുഞ്ചിരിയിട്ടുംകൊണ്ട്, നിബിഡമായി വളൎന്ന കുടുമ അഴകിൽ കെട്ടിവെച്ചതിനെ കുതുകത്തോടുകൂടി പിടിച്ച് 'ഇന്നുതന്നെ ഉദ്യോഗത്തിൽ പ്രവേശിച്ചുകൊള്ളു' എന്നു പറഞ്ഞിരുന്നുപോൽ. അന്നു ഷാർപ്പുസായ്പ് പിടിച്ച കുടുമതന്നെയായിരിക്കണം ഇന്ദുലേഖാകാവ്യത്തിലെ നായകൻെറ തലയിൽ ഉയൎത്തിയതായി നമ്മൾ ഇന്നും കാണുന്നത്.

സ്വതഃസിദ്ധമായ രസികത്വത്തെ മററുള്ളവരുടെ വിനോദാർത്ഥം പ്രകടിക്കുന്നതിന്നു വേണ്ടുന്ന കലാവിദ്യാപരിജ്ഞാനം ചന്തുമേനോന്നു സിദ്ധിച്ചിരുന്നു. സംഗീതത്തിൽ നല്ല വിദഗ്ദ്ധൻ, ചെണ്ടകൊട്ടിൽ പാടവം, കഥകളിയിൽ ഭ്രാന്ത്, മോഹിനിയാട്ടത്തിൽ ഭ്രമം മുതലായി സമവയസ്സുള്ള യുവാക്കളെയും യുവതികളെയും ആകൎഷിക്കാനും രസിപ്പിക്കാനും ഉള്ള കോളൊക്കെ ഉണ്ടായിരുന്നതിനാൽ, ചന്തുമേനോൻ ചെറുപ്പത്തിൽ ഏകദേശം വൃന്ദാവനത്തിലെ ബാലകൃഷ്ണനെപ്പോലെയായിരുന്നു പരിലസിച്ചതെന്ന് ഊഹിക്കുന്നതിൽ യാതൊരു തെററും വരാൻ പാടില്ല. ആപ്പീസ്സിലെ ജോലിയൊക്കെ അതിവേഗം ചെയ്തുതീക്കും. അതിൽപ്പിന്നെ, ഒന്നിച്ചു ജോലിചെയ്യുന്നവരെ വെറുപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന

പണിയായി. ഉദ്യോഗനിലയിൽ കിഴെതൂങ്ങി ബഹുമാനിക്കേണ്ടുന്ന മേലധികാരികൾ ആപ്പീസ്സു പിരിഞ്ഞുപോയെന്നു കണ്ടാൽ, പാട്ടും കൊട്ടും തുടങ്ങും. പെൻസിലൊ, റൂൾവടിയൊ എടുത്തു മേശമേൽ ഭംഗിയിൽ തലയാട്ടിക്കൊണ്ടു താളത്തിൽ കൊട്ടി, തന്നെത്താൻ രസിക്കുന്നതും, തങ്ങളുടെ ജോലി മുഷിഞ്ഞു ചെയ്യുന്നവരുടെ നെററി ചുളിയുന്നതും കൂട്ടത്തിൽ രസികന്മാരായവർ പേന കിഴെ വെച്ചു ചിരിച്ചു രസിക്കുന്നതും, ഇടയ്ക്കു ചിലർ താളത്തിന്നൊത്തു് ആട്ടം തുടങ്ങുന്നതും, ആൎക്കും സങ്കല്പശക്തികൊണ്ടു കാണ്മാൻ കഴിയുന്ന കാഴ്ചയാണ്. ഇടയ്ക്കു് ചില സ്നേഹിതന്മാരുടെ പുറം, ചെണ്ടയാണെന്നു കല്പിച്ച് കൊട്ടിലുള്ള സാമൎത്ഥ്യം അവിടെ പ്രകടിക്കാറും ഉണ്ടു്. കഷണ്ടിത്തലയന്മാരുടെ പിന്നിൽ ചെന്നുനിന്നു്, കൈകൊണ്ടു് അവരുടെ കഷണ്ടിക്കു താളം പിടിക്കും. എന്തായാലും ആൎക്കും ഒരു മുഷിച്ചിലും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല ദുരുദ്ദേശം ഇല്ലാത്ത ആളാണെന്നു് എല്ലാവൎക്കും ബോദ്ധ്യമായിരുന്നതിനാൽ ചന്തുമേനവൻെറ ഈ വികൃതിത്തരത്തിൽ രസിക്കാതിരുന്നവർ ഉണ്ടായിരുന്നില്ല. ഈ രസികത്വം മരണംവരെ ഉണ്ടായിരുന്നുവെന്നുള്ളതിന്നു പല ദൃഷ്ടാന്തങ്ങളും ഉണ്ടു്. മുൻസിപ്പായിരിക്കുന്ന കാലം ഒരിക്കൽ ഒരു സംഗീതനാടകം കണ്ടുകൊണ്ടിരിക്കയായിരുന്നു. ഒരു വേഷക്കാരൻെറ പാട്ടുകേട്ടു് അസാമാന്യമായി സന്തോഷിച്ചതിൻെറ ബാഹ്യചിഹ്നമായി, 'ഭേഷ്' എന്നു ഉറക്കെപറഞ്ഞുകൊണ്ടു് അടുത്തിരുന്ന ഒരു വക്കിലിൻെറ പുറത്തു നല്ലൊരു അടികൊടുത്തു. മുൻസിപ്പിൻെറ അടി വക്കിലിന്നു നല്ല വേദനയുണ്ടാക്കിയെന്നു് അയാളുടെ പുറത്തിന്നു പെട്ടെന്നുണ്ടായ വളവു കണ്ടപ്പോൾ ബോദ്ധ്യമായയുടനെ

'ക്ഷമിക്കണം, ഞാൻ അറിയാതെ ചെയ്തുപോയതാണ്' എന്നു പറകയും ചെയ്തു.

സ്മാൾക്കാസ് കോടതിയിൽ ചന്തുമേനോൻ മൂന്നു കൊല്ലം ക്ലാക്കായി ഇരുന്നിരുന്നു. അതിലിടയ്ക്കു് സ്ഥാനത്തിലും ശമ്പളത്തിലും കയററം കിട്ടിക്കൊണ്ടിരുന്നു. മിസ്റ്റർ ഷാർപ്പിൻെറ പ്രത്യേക വാത്സല്യത്തിന്നു പാത്രമായിരുന്നതിനാൽ, ഉദ്യോഗത്തിൽ കയററംകിട്ടാൻ വല്ല ഒഴിവും സന്ദർഭവും സംഭവിക്കേണ്ടുന്ന താമസമേ ഉണ്ടായിരുന്നുള്ളു. ആപ്പീസിൽ ശിരസ്ഥദാരുടെ അദ്ധ്യക്ഷതയിൽ എല്ലാ ക്ലാക്കമാരും ഒരേ മുറിയിൽ ഇരുന്നു, വളരെ ഗൌരവത്തോടു കൂടി വല്ലതും എഴുതിക്കൊണ്ടിരിക്കുന്നതിനിടയ്ക്കു പെട്ടെന്ന് അകാരണമായി എല്ലാവരും ചിരിക്കുന്നതു കേട്ട് ശിരസ്ഥദാർ തലപൊക്കി നോക്കും. ചന്തുമേനോൻ ഒഴികെ എല്ലാവരും ചിരിക്കുന്നതു കാണാം. വളരെ ഗൌരവത്തിൽ തലയും താഴ്ത്തിക്കൊണ്ടു ധൃതിയിൽ എഴുതിക്കൊണ്ടിരിക്കുന്ന ആ വിദ്വാൻ മുഖംകൊണ്ടോ മററോ വല്ല ഗോഷ്ടിയും കാണിച്ചതിൻെറ ഫലമാണ്, താൻ കേട്ട 'കൂട്ടച്ചിരി'യെന്നു ശിരസ്ഥദാർക്കു മനസ്സിലാകുമെങ്കിലും, സായ്വെജ്ജമാനെൻെറ കണ്ണിലുണ്ണിയായ മേനോനോടു യാതൊന്നും പറയാതെ താനും മെല്ലെ പുഞ്ചിരിക്കും.

മലബാറിലെ ജനങ്ങൾ ഇന്നും ബഹുമാനപൂർവ്വം ഓർമ്മിക്കാൻ ഇടയുള്ള കലക്ടർ മിസ്റ്റർ ലോഗൻ, അന്നു തലശ്ശേരിയിൽ സബ്ബ്കലക്ടരായിരുന്നു. മേനോൻെറ ഗുണഗണങ്ങൾ മിസ്റ്റർ ഷാർപ്പു പറഞ്ഞു മിസ്റ്റർ ലോഗൻ അറിഞ്ഞു ആ ക്ലാക്കിനെ തനിക്കു കിട്ടിയാൽ കൊള്ളാമെന്നു മിസ്റ്റർ ലോഗന്നുണ്ടായ ആഗ്രഹത്തിൻെറ ഫലമായി ൧൦൪൯ മാർച്ചുമാസം ൩-ാം തിയതി ചന്തുമേനോൻ

ത്തുക്കിടികച്ചേരിയിൽ ൩-ാം ഗുമസ്തനായി നിയമിക്കപ്പെട്ടു. അവിടുന്നു കൊല്ലംതോറും കയററം കിട്ടുകയും ൧൮൬൪-ൽ ആക്റ്റിംഗ് ഒന്നാം ഗുമസ്തനായിത്തീരുകയും ചെയ്തു. മിസ്റ്റർ ലോഗൻ കലക്ടരായപ്പോൾ മേനോനെ ഹജൂരിൽ പോലീസ്മുൻഷിയായി നിയമിച്ചു. ൧൮൭൧-ൽ ഹെഡ്മുൻഷിയായി. ഈ ഉദ്യോഗസ്ഥനെ മിസ്റ്റർ ലോഗനും മിസ്റ്റർ ഷാർപ്പും തമ്മിൽ പിടിയും വലിയും ആയിരുന്നുവെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയായിരുന്നില്ലെങ്കിൽ ൧൮൭൨ നവമ്പർമാസം ൨-ാംതിയതി ചന്തുമേനോൻ മിസ്റ്റർ ഷാർപ്പിന്റെ കീഴിൽ കോഴിക്കോട്ടു സിവിൽക്കോടതിയിൽ ഹെഡ്റൈട്ടരായി പോവാൻ സംഗതിയില്ല. അധികംതാമസിയാതെ അദ്ദേഹം പട്ടാമ്പയിൽ മുൻസിപ്പായി നിയമിക്കപ്പെട്ടു.

നമ്മൾ കണ്ടപ്രകാരമുള്ള വിനോദരസികൻ ഒരു ജഡ്ജിയുടെ നിലയിൽ, കുട്ടിന്മേൽ എങ്ങിനെയാണ് തന്റെ ഗൌരവത്തെ പരിപാലിച്ചുപോന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അഥവാ, തന്റെ കോടതിയിൽ കേസ്സു നടത്തുന്ന വക്കിൽമാൎക്കു കൂടക്കൂടെ ചിരിക്കുവാൻ നല്ല വകയുണ്ടായിരുന്നിരിക്കാം. ചന്തുമേനോനു ശിക്കാറിലും ധാരാളം ഭ്രമമുണ്ടായിരുന്നു. മുൻസിപ്പായിരുന്ന കാലത്ത് കോടതിയിലും ഒരു തോക്ക് ഒന്നിച്ചു കൊണ്ടുപോയി സ്വകാൎയ്യമുറിയിൽ വെച്ചിരിക്കും. വല്ല പക്ഷിയുടെയും ശബ്ദം കേട്ടാൽ വിചാരണമദ്ധ്യത്തിലാണെങ്കിലും വക്കിൽമാരോട്, എല്ലാം തല്ക്കാലം നിൎത്താൻ പറഞ്ഞു തോക്കും എടുത്തു പക്ഷിയെ അന്വേഷിച്ചു പോകുമത്രേ.

കൊല്ലവൎഷം ൧൦൪൯-ലായിരുന്നു ചന്തുമേനോന്റെ വിവാഹം നടന്നത്. രൂപശീലാദിഗുണങ്ങളിൽ പ്രശോ

ഭിതയായി ഭാഗ്യവതിയായിരുന്ന കാഞ്ഞോളിവീട്ടിൽ ലക്ഷ്മിയമ്മയെയായിരുന്നു വിവാഹം കഴിച്ചിരുന്നത്. സർവ്വവിധത്തിലും തനിക്ക് അനുരൂപിണിയായ ഈ ഭാര്യ തൻെറ ഗൃഹത്തിൽ ഒരു ലക്ഷ്മിയായിത്തന്നെ ശോഭിച്ചിരുന്നുവെന്നുള്ളത് അവരെ അറിയുന്നവരൊക്കെ സമ്മതിക്കുന്നതാണ്. ഇന്ദുലേഖാപുസ്തകത്തിൽ തിളങ്ങിക്കാണുന്ന ശൃംഗാരത്തെ സൃഷ്ടിച്ച ചന്തുമേനവൻെറ ധർമ്മപത്നിയായി അഭേദ്യമായ അന്യോന്യപ്രണയത്തോടുകൂടി അദ്ദേഹത്തെ മരണംവരെ ശുശ്രൂഷിച്ച ആ മഹിളാമണിയുടെ വിശേഷബുദ്ധിയും ലോകപരിജ്ഞാനവും ക്ഷമാശീലവും അത്യന്തം ആദരണീയമായിരുന്നുവെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. കേരളകാളിദാസൻ അമരുകശതകം പരിഭാഷചെയ്യതിന്നുള്ള കാരണത്തെപ്പററി തിരുമനസ്സു കൊണ്ടു താഴെ പറയുംപ്രകാരം എഴുതിയിരുന്നു:

സുമതികൾമണി ചന്തുമേനവൻെറ
കമനിമനീഷിണി ലക്ഷ്മി ചൊല്കയാലെ
അമരുകശതകം മണിപ്രവാളം
കിമഹ ചമച്ചിതു ഭാഷയായി ഞാനും.

ഒരിക്കൽ ഞാൻ വിദ്യാവിനോദിനിയിൽ 'മാതാക്കളുടെ ഭാരവാഹിത്വം' എന്ന വിഷയത്തെപ്പററി ഒരു ലേഖനം എഴുതിയിരുന്നു. അതു് ൧൦൭൦-ൽ ആയിരുന്നുവെന്നു തോന്നുന്നു. ആ ലേഖനം പരസ്യംചെയ്ത അവസരത്തിലാണ് ഞാൻ ചന്തുമേനോനെ ഒന്നാമതു കണ്ടതു്. അന്ന് അദ്ദേഹം ദേഹസുഖാർത്ഥം കല്പനയിൽ പ്രവേശിച്ച് തലശ്ശേരിയിൽ പാർക്കുകയായിരുന്നു. പരേതനായ ദിവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ അവർകൾ

തന്നെയച്ച ഒരു സാധനം ചന്തുമേനോന്നു കൊട്ടപ്പാനായിരുന്നു ഞാൻ ചെന്നിരുന്നതു്. എൻെറ പേർ ചോദിച്ചറിഞ്ഞ ഉടനെ 'ഞാൻ ഈ പേർ ഇപ്പോൾ എവിടെയോ വായിച്ചുവല്ലോ ? ശരി, വിദ്യാവിനോദിനിയിൽ ഒരു ലേഖനം എഴുതിയതു നീയാണോ ?' എന്നു ചോദിച്ചു. ഞാൻ അതു സമ്മതിച്ചപ്പോൾ ഉടനെ ആ പുസ്തകം അകായിൽനിന്നു എടുത്തുകൊണ്ടുവരുവിച്ചു താൻ തന്നെ ഉറക്കെ വായിച്ചു തുടങ്ങുകയും, അകായിൽ നോക്കി 'ലക്ഷ്മി, നമ്മൾ വായിച്ച ആ ലേഖനം എഴുതിയതു ഈ കുട്ടിയാണ്, വന്നു കാണാം' എന്നു പറകയും ചെയ്തു. സാഹിത്യവിഷയമായ തൻെറ പരിശ്രമത്തിലൊക്കെ തൻെറ പത്നിയും യഥാൎത്ഥത്തിൽ സഹധൎമ്മചാരിണിയായിരുന്നുവെന്നു തീൎച്ചപ്പെടുത്തുവാൻ പിന്നീടും ഞാൻ പല ദൃഷ്ടാന്തങ്ങളും കണ്ടിരുന്നു.

൧൦൭൨ ഒക്ടോബർമാസത്തിൽ ചന്തുമേനോൻ മഞ്ചേരി മുൻസിപ്പായും ൭൩-ൽ പാലക്കാട്ടു മുൻസിപ്പായും സ്ഥലംമാററം ചെയ്യപ്പെട്ടിരുന്നു. ൧൦൭൭ വരെ അദ്ദേഹം പാലക്കാട്ടു മുൻസിപ്പായിരുന്നു. ബ്രാഹ്മണർ അനവധി നിവസിക്കുകയും പലതരം കുണ്ടാമണ്ടികളുള്ള വ്യവഹാരങ്ങൾ സദാ ഉണ്ടായിരിക്കുകയും ചെയ്യു പാലക്കാട്ടു വിട്ടുപോകുമ്പോൾ ചന്തുമേനോൻ മുൻസിപ്പിനെ അനേകം ജനങ്ങൾ ഒത്തുചേൎന്നു ആഘോഷപൂൎവ്വം യാത്രയയച്ചതോൎത്താൽ ഒരു ജഡ്ജിയുടെ നിലയിൽ അദ്ദേഹം സമ്പാദിച്ച ജനസംതൃപ്തിയെ ഊഹിക്കാം. പിന്നെ ൧൦൭൯ വരെ കോഴിക്കോട്ടു മുൻസിപ്പായി ഇരുന്നു. അതിലിടക്കു മുൻസിപ്പുമാരുടെ തസ്തികയിൽ ചില മാററങ്ങളൊക്കെ വരുത്തി ശമ്പളം വൎദ്ധിപ്പിക്കുകയും മററും ചെയ്തപ്പോൾ

ചന്തുമേനവനെ ഒന്നാംക്ലാസ്സ് മുൻസിപ്പാക്കിയിരുന്നു. അന്നു കോഴിക്കോട്ടു ഡിസ്ത്രിക്ട് ജഡ്ജിയായിരുന്നതു മിസ്റ്റർ വിഗ്രാം എന്ന സായ്പും, സബ്ബ് ജഡ്ജിയായിരുന്നതു ഇ. കെ. കൃഷ്ണൻ അവർകളും ആയിരുന്നു. നമ്മുടെ ചരിത്രനായകനും കൃഷ്ണൻ അവർകളും തമ്മിൽ ആത്മമിത്രങ്ങളായിരുന്നു. രണ്ടുപേരും പ്രാപ്തന്മാരും നിഷ്കളങ്കമായ സത്യസന്ധതയുള്ളവരും ആയിരുന്നതിനാൽ അന്യോന്യം തനിയെ ആകൎഷിക്കപ്പെട്ടുവെന്നേ പറയേണ്ടതുള്ളു. മിസ്റ്റർ കൃഷ്ണൻ പ്രകൃതശാസ്ത്രത്തിൽ പാണ്ഡിത്യമുള്ള ആളും സസ്യങ്ങളും ചെടികളും പുഷ്പങ്ങളും, പക്ഷിമൃഗാദിതിൎയ്യക്കുകളെയും നിരീക്ഷണം ചെയ്തു അവയുടെ സ്വഭാവചേഷ്ടാദികൾ മനസ്സിലാക്കി രസിക്കുന്ന ആളും ആയിരുന്നതുപോലെ മിസ്റ്റർ മേനോൻ മനുഷ്യരെയും അവരുടെ സ്വഭാവവിശേഷങ്ങളെയും മനസ്സിലാക്കുകയും അവരുടെ ഗോഷ്ടികൾ അനുസരിച്ചു നടിച്ചു പരിഹസിക്കുകയും ദോഷങ്ങളെ വെറുക്കുകയും ഗുണങ്ങളെ കൊണ്ടാടുകയും ചെയ്യുന്നതിൽ സ്വതഃസിദ്ധമായ വാസനയുള്ള ആളായിരുന്നു. രണ്ടുപേരും ശിക്കാറിലും നായാട്ടിലും ഭ്രമമുള്ളവരും അത്രെ. വിഗ്രാംസായ്പിന്നു രണ്ടുപേരും ഒരുപോലെ തൃപ്തിയും സ്നേഹവും വിശ്വാസവും ഉള്ള ഉദ്യോഗസ്ഥന്മാരും തന്നെ. മിസ്റ്റർ വിഗ്രാം കോഴിക്കോടു വിട്ടുപോയതിന്റെശേഷം രണ്ടുപേരുംകൂടി കൊല്ലംതോറും കേരളവിദ്യാശാലയിൽ (ഇന്നത്തെ സാമൂതിരി കോളേജ്) എഫ്. എ., മെട്രിക്കുലേഷൻ എന്നീ ക്ലാസ്സുകളിൽ ഒന്നാമന്മാരായി പാസ്സാകുന്ന കുട്ടികൾക്കു ഓരോ സ്വൎണ്ണമോതിരം സായ്പിന്റെ സ്മാരകമായി കൊടുപ്പാൻ ഏൎപ്പാടു ചെയ്തിരുന്നു.

ചന്തുമേനവന്റെ സത്യസന്ധതയിൽ അദ്ദേഹത്തിന്നു തന്നെയുണ്ടായിരുന്ന ആത്മവിശ്വാസത്തെയും സ്വാഭിമാനത്തെയും കാണിക്കുന്ന ഒരു കഥയുണ്ട്. ഒരിക്കൽ ഒരു സദ്യയിൽ ചില നായർ ഉദ്യോഗസ്ഥന്മാർ ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവർ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കൈക്കൂലിയെപ്പററി സംസാരിക്കുവാൻ സംഗതി വന്നു. അപ്പോൾ വലിയൊരു കൈക്കൂലിക്കാരനാണെന്നുള്ളതു പരസ്യമായ രഹസ്യമായിരുന്ന ഒരു ഉദ്യോഗസ്ഥൻ ഇങ്ങിനെ പറഞ്ഞു: 'ചക്കരപ്പാടത്തിൽ കൈകുത്തിയാൽ ഒന്നു നക്കിനോക്കാത്തവർ ആരും ഉണ്ടായിരിക്കയില്ല.' ഇതിന്റെ അർത്ഥം സക്കാരുദ്യോഗസ്ഥനായാൽ വല്ല സംഗതിയാലും കൈക്കൂലി വാങ്ങാൻ സംഗതിവരാത്തവർ ഉണ്ടായിരിക്കയില്ല എന്നത്രെ. ഇതു കേട്ട ഉടനെ ചന്തുമേനവൻ, കയ്യിൽ വാരിയിരുന്ന ചോറു ഇലയിൽ തന്നെ ഇട്ടു നിവന്നിരുന്നിട്ട് 'ഉണ്ട്, ഞാനുണ്ട്, ഒയ്യാരത്തു ചന്തു' എന്ന തന്റെ സ്വതഃസിദ്ധമായ പൌരുഷത്തോടുകൂടി ഉച്ചത്തിൽ പറഞ്ഞു. അല്പനേരം സവ്വരും നിശ്ശബ്ദമായിപ്പോയി. നേരംപോക്കും രസികത്വവും പരിഹാസവും സംഗീതവും കഥകളിയും മററുമായി പലരുമായി ഇടപെട്ടും അവരുടെ സ്നേഹം സമ്പാദിച്ചും കാലം കഴിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ഉദ്യോഗസംബന്ധമായ കാൎയ്യങ്ങളിൽ നിഷ്കളങ്കമായ സത്യസന്ധതയും സവ്വസമ്മതമായ നിഷ്പക്ഷപാതിത്വവും ചന്തുമേനോൻ പരിപാലിച്ചുപോന്നതു്, ഇക്കാലത്തു, വീടുവിട്ടാൽ കച്ചേരി, കച്ചേരിവിട്ടാൽ വീട്, എന്ന നിലയിൽ കാലം കഴിക്കുന്ന ഉദ്യോഗസ്ഥന്മാരെ അത്ഭുതപ്പെടുത്താതിരിക്കയില്ല. വല്ല ചിത്തപ്പേരും തീണ്ടിപ്പോകുമെന്നു ലവലേശം ഭയമില്ലാതിരുന്നതിനാൽ, ഏതു സഭ

യിലും നാടകശാലയിലും സംഗീതശാലയിലും മററും പോയി രസിക്കുന്നതിന്നു ചന്തുമേനവന്ന് അശേഷം സംശയം ഉണ്ടായിരുന്നില്ല. സത്യം ചന്തുമേനവൻെറ മതമായിരുന്നു. എന്നല്ല, ചന്തുമേനവൻെറ മതം സത്യം മാത്രമായിരുന്നു. അതാണ്, പരിഹസിക്കേണ്ടുന്നവരെ പരസ്യമായി പരിഹസിപ്പാനും ചീത്തപറയേണ്ടുന്നവരെ പരസ്യമായി ചീത്ത പറവാനും അദ്ദേഹത്തിന്നു അസാമാന്യമായ ധൈര്യം ഉണ്ടായതിൻെറ രഹസ്യം. ഒരിക്കൽ പ്രബലനും പ്രസിദ്ധനും ആയ ഒരു വക്കിൽ വാഗ്വാദം ചെയ്തുകൊണ്ടിരിക്കുമ്പോൾ അയാളോടും ചന്തുമേനോൻ 'താൻ ഒരു വിഡ്ഢിയാണ്' എന്നു പരസ്യമായി പറകയുണ്ടായി. വക്കിൽ ഇതു കേട്ടു സ്തംഭിച്ചു വിയൎത്തുപോയി. ഒരക്ഷരം മറുപടിപറവാൻ സാധിച്ചില്ല. പരമയോഗ്യനാണെന്നു സൎവ്വരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന ഒരു വക്കീലിനെ അനേകം ജൂനിയർ വക്കീൽമാരും കക്ഷികളും നിറഞ്ഞ കോടതിയിൽവെച്ചു വിഡ്ഢിയെന്നു വിളിച്ചാലുള്ള കഥയെന്താണ് ? അല്ലെങ്കിലോ പലേ ജഡ്ജിമാരെയും പറഞ്ഞു വട്ടത്തിലാക്കിയ ധീരനാണു വക്കിൽ. ഇതിനെപ്പററി പിന്നിട്ട് 'എന്തുചെയ്യും ! ചന്തുമേനോനായിപ്പോയി' എന്നാണു വക്കീൽ പറഞ്ഞതു്. ചന്തുമേനോൻ അന്നു വൈകുന്നേരം തന്നെ അയാളെ വിളിച്ചുവരുത്തി ക്ഷമായാചനം ചെയ്കയും ചെയ്തു.

൧൮൮൨-ൽ ഒററപ്പാലത്തും പിറേറത്തെ കൊല്ലം പരപ്പനങ്ങാടിയിലും അദ്ദേഹം മുൻസിപ്പായിപ്പോയി. പരപ്പനങ്ങാടിയിൽ മുൻസിപ്പായി ഇരിക്കുന്ന കാലത്തായിരുന്നു, ൧൮൮൯-ൽ ഇന്ദുലേഖ എഴുതിയിരുന്നതു്. താനും താൻ പരിചയിച്ചറിഞ്ഞ പലരും ഇന്ദുലേഖയിൽ ഒളിഞ്ഞും തെ

ളിഞ്ഞും വിലസുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇന്നു പരിഷ്കാരോൻമുഖന്മാരായ നമ്പൂതിരിമാക്കു ഇന്ദുലേഖ കണ്ടുകൂടാ; അതിനെപ്പററി ചിന്തിക്കക്കൂടി വയ്യാ. 'രാജ്യത്തുള്ള ഇന്ദുലേഖാപുസ്തകങ്ങളൊക്കെ ചുട്ടു ഭസ്മമാക്കി അറബിക്കടലിൽ കലക്കണം' എന്ന് ഒരു നമ്പൂതിരി അല്പം മുമ്പ് ഒരു പത്രത്തിൽ എഴുതിയിരുന്നു. ഇന്ദുലേഖാപുസ്തകങ്ങളൊക്കെ നമ്പൂതിരിമാർ വിലകൊടുത്തു വാങ്ങി ദഹിപ്പിക്കുന്നതു നല്ലതു തന്നെ പക്ഷെ അതിൻെറ ഭസ്മം അറബിക്കടലിൽ കലക്കി നശിപ്പിക്കുകയല്ല വേണ്ടതു്, ശുദ്ധജലത്തിൽ കലക്കി ഓരോ യാഥാസ്ഥിതിക നംപൂതിരിയും സേവിക്കുകയാണു വേണ്ടതു്. നാല്പതു കൊല്ലത്തിലിടയ്ക്കു നമ്പൂതിരിമാരുടെ ഇടയിൽ അത്യധികം സാവധാനത്തിലെങ്കിലും ദൃഢമായ പദ്ധതിയിൽക്കൂടി വന്നുകൊണ്ടിരുന്നതും അഞ്ചുപത്തു കൊല്ലമായി ഗതിക്കു വേഗംകൂടിയതും ആയ പരിഷ്കാരത്തിൻെറ അസ്ഥിവാരം ഇന്ദുലേഖാപുസ്തകമാണെന്നു പറവാൻ ഞാൻ അശേഷം മടിക്കുന്നില്ല. ചെറുശ്ശേരിയെപ്പോലുള്ള പരമയോഗ്യന്മാരായി വളരാൻകഴിയുന്നവർ സൂരിനമ്പൂതിരിയെപ്പോലെ പരപരിഹാസത്തിന്നു പാത്രമായി ജീവിക്കയല്ല വേണ്ടതു്, എന്നു് ആ ഉത്തമസമുദായത്തിന്നു ചൂണ്ടിക്കാണിക്കുകയാണു ആ കാവ്യം ചെയ്യുന്നതു്.

൧൦൬൭-ൽ കോഴിക്കോട്ടു മുൻസിഫ്ഫായി വീണ്ടും സ്ഥലംമാററം ചെയ്യപ്പെട്ടു. ആ അവസരത്തിലായിരുന്നു 'ശാരദ'യുടെ ഒന്നാംഭാഗം പ്രസിദ്ധപ്പെടുത്തിയതു്. 'ഗുണദോഷങ്ങളെ സൂക്ഷ്മമായി ഗ്രഹിപ്പാൻ വിദഗ്ദ്ധതയുള്ള ഒരു സ്നേഹിതൻ' അഭിപ്രായപ്പെട്ടുകയാലാണു്, പുസ്തകം മുഴവൻ എഴുതിത്തീക്കുന്നതിനു് മുമ്പിൽ ഒന്നാംഭാഗം പരസ്യം

ചെയ്തതു്. ആ സ്നേഹിതൻ ഇ. കെ. കൃഷ്ണൻ അവർകൾ അല്ലാതെ മററാരും ആയിരുന്നില്ല.

ഇക്കാലത്തുതന്നെയായിരുന്നു, ഇപ്പോൾ സർ സി. ശങ്കരൻ നായർ എന്നു പ്രഖ്യാതനായി അറിയപ്പെടുന്ന ചേററൂർശങ്കരൻനായർ അവർകൾ നിയമസഭയിൽ അവതരിപ്പിച്ച വിവാഹബില്ലിനെപ്പററി അന്വേഷിപ്പാൻ ഏല്പ്പെടുത്തിയ 'മുത്തുസ്വാമിഅയ്യർക്കമ്മെററി'യിൽ ചന്തുമേനോൻ ഒരു അംഗമായി നിയമിക്കപ്പെട്ടതു്.

൧൮൯൨-ൽ അദ്ദേഹത്തെ തിരുനൽവേലിയിൽ ആക്ടിംഗ് അഡിഷനൽ സബ്ജഡ്ജിയായി നിയമിച്ചു. പിറേറത്തെ കൊല്ലം ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തി മംഗലാപുരത്തേക്കു സ്ഥലംമാററം ചെയ്തു. അവിടെവെച്ച് ഇംഗ്ലീഷിൽ 'പ്രാചീനകാലങ്ങളിലെ നീതിന്ന്യായഭരണം' എന്ന വിഷയത്തെപ്പററിചെയ്ത ഒരു പ്രസംഗം അച്ചടിച്ചു കണ്ടിട്ടുണ്ടു. അതുപോലെതന്നെ സർ ടി. മുത്തുസ്വാമിഅയ്യരുടെ സ്മാരകത്തിലേക്കു പണം പിരിപ്പിക്കുവാൻ മംഗലാപുരത്തുവെച്ചു കൂടിയ ഒരു സഭയുടെ അദ്ധ്യക്ഷൻെറ നിലയിൽ ഇംഗ്ലിഷുഭാഷയിൽ ചെയ്ത ഒരു പ്രസംഗവും അച്ചടിച്ചിരിക്കുന്നു. മലയാളഭാഷപോലെതന്നെ ഇംഗ്ലീഷുഭാഷയും അദ്ദേഹത്തിന്നു് എത്രമേൽ വശ്യയായിരുന്നുവെന്നു് ഈ പ്രസംഗങ്ങൾ തെളിയിക്കുന്നുണ്ടു്.

മംഗലപുരത്തു സബ്ബ്ജഡ്ജിയായിരിക്കുമ്പോൾ തന്നെയായിരുന്നു കേരളവമ്മ വലിയകോയിത്തമ്പുരാൻെറ 'മയൂരസന്ദേശം'കാവ്യത്തെ അതികമനീയമായ വിധത്തിൽ അച്ചടിപ്പിച്ചതു്. അങ്ങിനെ ചെയ്തതു് ആ പുസ്തകം തൻെറ ചില സ്നേഹിതന്മാൎക്കു സമ്മാനമായി കൊടുക്കേണ്ടതിനുവേണ്ടിയായിരുന്നു. അതിൽ അന്നു് ചന്തുമേനോൻ എഴുതി

യ മുഖവുരയും വിദ്യാവിനോദിനിയിൽ മയൂരസന്ദേശത്തെപ്പററി അദ്ദേഹം എഴുതിയ അഭിനന്ദനവും ഭാഷാസാഹിത്യത്തിൽ നിരന്തരമായി ശോഭിക്കേണ്ടുന്ന രത്നങ്ങളാണ്. തനിക്കു ബോദ്ധ്യമായിപ്പോയ വല്ലതിനെയും സ്തുതിച്ചുകൊണ്ട് 'തന്നെ മറന്നെഴുതുകയും' പറയുകയും ചെയ്യുന്ന സ്വഭാവത്തിന് ഈ ഉപന്യാസങ്ങൾ ദൃഷ്ടാന്തങ്ങളാണ്. മറെറാരു ദൃഷ്ടാന്തം നരിചരിതത്തിൻെറ മുഖവുരയാണ്. നാരങ്ങൊളി കുഞ്ഞിശ്ശങ്കരൻ നമ്പിയാർ എന്നൊരു രസികൻ നരിചരിതം എന്നൊരു കെട്ടുകഥ പദ്യത്തിൽ എഴുതിയിരുന്നു. അതിൻെറ കയ്യെഴുത്തുപ്രതി തൻെറ പഴയ കടലാസ്സുകെട്ടിൽനിന്ന് ചന്തുമേനോൻ ഒരിക്കൽ കണ്ടെടുത്തു സ്വന്തം ചിലവിൽ അച്ചടിപ്പിച്ചു പരസ്യം ചെയ്തു. ഭവനത്തെക്കാൾ വലിയ ഒരു പടിപ്പുരയെന്നു പറഞ്ഞതുപോലെ ഗ്രന്ഥത്തേക്കാൾ വളരെ വലിയ ഒരു മുഖവുരയും അതിൽഎഴുതിച്ചേർത്തു. ചന്തുമേനവൻെറ മുഖവുര ഇല്ലായിരുന്നുവെങ്കിൽ നരിചരിതം വല്ലവരും വായിക്കുമായിരുന്നുവോ ;എന്നു സംശയമാണ്. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ അവർകൾ, തൻെറ 'ഉത്തരരാമചരിതം' പരിഭാഷയുടെ ഒരു പ്രതി ചന്തുമേനവന്ന് അയച്ചുകൊടുത്തതിന് അദ്ദേഹം അയച്ച 'ഒരു കത്തു' അക്കാലം വിദ്യാവിനോദിനിയിൽ പരസ്യം ചെയ്തിരുന്നു. ആ കത്തു ഇക്കാലത്തു വല്ലവരും വീണ്ടും പരസ്യംചെയ്യുന്നതായാൽ വളരെ രസകരമായിരിക്കും.

ചന്തുമേനവൻ വല്ല ഗ്രന്ഥത്തിന്നും അഭിപ്രായം പറയുന്നതു് ഗ്രന്ഥത്തെ നോക്കിയല്ലാതെ ഒരിക്കലും ഗ്രന്ഥകർത്താവിൻെറ മുഖം നോക്കിയായിരുന്നില്ല. അദ്ദേഹം മയൂരസന്ദേശത്തെ അത്ര അധികം സ്തുതിച്ചിരുന്നുവെങ്കിലും അക്ബർ എന്ന ആഖ്യായികയെപ്പററി വളരെ പരിഹാസമാ

യി പറയാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ കാണ്മാൻ ചെന്നപ്പോൾ അക്ബർ എടുത്തു എന്റെ കയ്യിൽ തന്നിട്ട്, 'വായിക്കു' എന്നു പറഞ്ഞു. 'അസ്തമനപർവ്വതത്തെ അഭിമുഖീകരിച്ചു ലംബമാനമായ' എന്നിങ്ങനെയൊ മറ്റൊ ഉള്ള ആദ്യത്തെ വാക്യം ഞാൻ വായിച്ചുതുടങ്ങിയപ്പോൾ ചന്തുമേനോൻ പൊട്ടിച്ചിരിപ്പാൻ തുടങ്ങി. പിന്നെ 'ലംബമാനം' എന്ന പദത്തെപ്പററിയും മററും പറഞ്ഞ അഭിപ്രായങ്ങൾ ഇവിടെ എഴുതാൻ സാധിക്കയില്ല. ഒടുവിൽ ഒരു പുസ്തകത്തോടുകൂടി ഓരോ ശാസ്ത്രിയെക്കൂടി അയച്ചുകൊടുക്കേണ്ടതാണ് എന്നു പറഞ്ഞു പുസ്തകം എന്റെ കയ്യിൽനിന്നു വാങ്ങി മേശമേൽ ഇട്ട് വേറെ സംഭാഷണം ആരംഭിച്ചു.

സ്തുതിയിലോ പരിഹാസത്തിലോ മുഖം നോക്കുക പതിവില്ലെന്നുള്ളതിന്ന് അദ്ദേഹം ഒരു യൂറോപ്യൻ ജഡ്ജിയെ ചെണ്ടകൊട്ടിച്ചതു നല്ല ദൃഷ്ടാന്തമാണല്ലൊ. ഇതിനെപ്പററി മറെറാരു മാന്യൻ മലയാളമനോരമയിൽ എഴുതിയതു ഇവിടെ പകർത്തിയിടാം.

'ഏതെങ്കിലും ഒരു സംഗതിയിൽ ഒരാൾക്കു കുറെ നിർബന്ധമുണ്ടെന്നു കണ്ടാൽ അതിനു വിരുദ്ധമായി പ്രവർത്തിച്ചു അയാളെ കമ്പമാക്കുന്നതു ചന്തുമേനോനു വലിയ ഒരാനന്ദമാണ്. ചന്തുമേനോൻ കോഴിക്കോട്ടു സബ്ബ്ജഡ്ജിയായിരിക്കുന്ന കാലത്തു ഡേവിസ് സായ്പ് അവിടെ ഡിസ്ത്രിക്ട്ജഡ്ജിയായി വന്നുചേർന്നു. ഡേവിസ് കോടതിയിൽ കേസുവിസ്തരിക്കുന്ന സമയം, സമീപത്തെങ്ങും ശബ്ദമുണ്ടാക്കുന്നത് അദ്ദേഹത്തിനു വലിയ വിരോധമാണ്. 'താനിരിക്കുന്നതിനു മുകളിൽക്കൂടി കാക്ക പറക്കുന്നതു ഇഷ്ടമല്ലാത്തയാൾ' എന്നു നമ്മുടെ ഇടയിലുള്ള ദുർവ്വാസസ്സുകളെ

പ്പററി അതിശയോക്തിയായി പറയുന്നതു ഡേവിസ്സാ യ്യിനെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി വാസ്തവ മായിരുന്നുവെന്നു പ്രസിദ്ധമാണ്.

കോഴിക്കോട്ടു ടൗണിൽനിന്നും മൂന്നുമൈൽ അകലെ യായി തിയരുടെ വക വരക്കൽ എന്നൊരു ക്ഷേത്രമുണ്ട്. അവിടെ ഒരു ചിറപ്പിന് ചെണ്ടകൊട്ടാൻ ഒരു മാരാരെ വ രുത്തിയിരുന്നു. ഒന്നാംതരം ചെണ്ടകൊട്ടുകാരൻെറ ശമ്പ ളം കിട്ടേണമെന്നു മുമ്പിൽക്കൂട്ടി ക്ഷേത്രാധികാരികളെ മ നസ്സിലാക്കിയശേഷമാണ് മാരാർ കൊട്ടാൻ പുറപ്പെട്ടതു്. എന്നാൽ ചിറപ്പു കഴിഞ്ഞപ്പോൾ മൂന്നാംതരക്കാരുടെ കണ ക്കനുസരിച്ചുള്ള പ്രതിഫലമാണു മാരാക്കു കിട്ടിയതു്. കൂടുത ൽ ആദായത്തിനു താൻ അവകാശിയാണെന്നുള്ള മാരാരു ടെ വാദസമരങ്ങളൊന്നും ക്ഷേത്രാധികാരികളോടു ഫലിച്ചി ല്ല. ഇച്ഛാഭംഗകലുഷിതനായ മാരാർ ഗത്യന്തരമില്ലാതെ ചന്തുമേനോൻ സബ്ജഡ്ജിയുടെ കോട്ടിൽ കേസുകൊ ടുത്തു. ചിറപ്പിനു വന്ന തീയരിൽ ആരും സാധു മാരാക്കു വേണ്ടി സാക്ഷിപറയാൻ തയ്യാറായില്ല. വേറെ ഒന്നുര ണ്ടാളുകളെ മാരാർ സാക്ഷികളായി കൊണ്ടുവന്നുവെങ്കിലും ചന്തുമേനോൻ ചോദ്യങ്ങളും ക്രാസ്സുകളുംകൊണ്ടു് അവക്കു ചെണ്ടകൊട്ടിനെപ്പററി യാതൊരു ഗന്ധവുമില്ലെന്നു വെ ളിവാക്കി.

മാരാക്കു വാസ്തവത്തിൽ ഒന്നാംതരം ചെണ്ടക്കാരൻെറ പഠിപ്പും സാമത്ഥ്യവും ഉണ്ടോ എന്നു തീച്ചപ്പെടുത്തേണ്ടതാ ണു് കേസിലെ പ്രധാന പായിൻറു്. അതിനെന്താണു നി വൃത്തിയെന്ന് ആലോചനയായി. ഒടുവിൽ ചെണ്ട കൊണ്ടു വന്നു കോടതിമുമ്പാകെ കൊട്ടിക്കാണിക്കാൻ തയ്യാറുണ്ടോ എന്നു മാരാരോടു സബ്ജഡ്ജി ചോദിക്കയും അയാൾ അ

പ്രകാരം സമ്മതിക്കയും ചെയ്തു. മാരാർ ചെണ്ടയുമായ കോടതിയിൽ പ്രവേശിച്ചു മേളം മുഴക്കി കൊട്ടുമാരംഭിച്ചു.

സബ് ജഡ്ജിയുടേയും ഡിസ്ട്രിക്ട് ജഡ്ജിയുടേയും കോടതികൾ ഒരേകെട്ടിടത്തിലാണ് ഇട്ടിട്ടുള്ളത്. കണ്ണുകഠോരമായ പടഹധ്വനി കേട്ടു ഡേവിസ്ധ്വര പരിഭ്രാന്തചിത്തനായി. ഇതെന്തു കഥയാണെന്നു നോക്കിവരാൻ ശിപായിയെ അയച്ചു. ശിപായി തിരിച്ചുചെന്ന് ചന്തുമേനോൻ സബ് ജഡ്ജി ഒരാളെ ചെണ്ടകൊട്ടിക്കുന്ന ബഹളമാണ് കേൾക്കുന്നതെന്നു സായ്പിനെ അറിയിച്ചു. ഡേവിസ് ഉടനെ തന്റെ ഡഫദാരെ വിളിച്ചു ഈ ചെണ്ടകൊട്ടു ഉടൻ നിറുത്താൻ ഏൎപ്പാടുചെയ്യണമെന്നു സബ് ജഡ്ജിയോടു പറയാൻ ആജ്ഞാപിച്ചു. ചെണ്ടകൊട്ട് തുടങ്ങിയപ്പോൾത്തന്നെ അതിനെ തടയാൻ ഡിസ്ട്രിക്ട് ജഡ്ജിയുടെ ആൾ വരുമെന്നു അറിയാമായിരുന്നതുകൊണ്ടു ഡഫ്ദാരുടെ തലപ്പാവു വാതിലിൽ കണ്ടുതുടങ്ങിയപ്പോൾതന്നെ ചന്തുമേനോൻ അഭൂതപൂൎവ്വമായ ഒരു ഗൌരവഭാവം നടിച്ചു ഇരിപ്പായി.

ഇതിനിടയിൽ ചന്തുമേനോന്റെ ആകാരസൌഷ്ഠവത്തെപ്പററി ഒന്നു പറഞ്ഞുകൊള്ളട്ടെ. ചന്തുമേനോന്റെ പൊക്കം ആറടിയിൽ കൂടുതലല്ലാതെ കുറവല്ലായിരുന്നു. അസാമാന്യ വണ്ണമുള്ള ഒന്നായിരുന്നു അദ്ദേഹത്തിന്റെ ശരീരം. ഇപ്രകാരമുള്ള പൊക്കത്തേയും വണ്ണത്തേയും അതിശയിക്കുന്നതായിരുന്നു ചന്തുമേനോന്റെ കുടവയർ. ഇപ്രകാരമുള്ള ഒരു മഹാ പുരുഷൻ ഗംഭീരമായി ഒരൊററ നോട്ടം നോക്കിയാൽ ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടേതല്ല വലിയ വൈസ്രോയിയുടെ ഡഫദാർകൂടി അസ്തമിച്ചുപോകില്ലേ? ഗൗരവമൂൎത്തിയായ സബ ജഡ്ജിയുടെ മുമ്പിൽ കയറിച്ചെന്നു തന്റെ സന്ദേശം ധരിപ്പിക്കാൻ ഡഫദാൎക്കു ധൈൎയ്യം മ

തിയാകുന്നില്ല. കൊട്ടു നിൎത്തിക്കാതെ സായ്വിൻെറ അടുത്തു ചെല്ലാമോ—അതും വയ്യ. നിൎഭാഗ്യവാനായ ഡഫദാർ വലിയ പരുങ്ങലിലായി.

ഇതിനിടയിൽ തൻെറ പാടവം മുഴുവൻ പ്രദൎശിപ്പിക്കാനായി മാരാർ സാഹസപ്പെട്ടു ചെണ്ടകൊട്ടിതകൎക്കുന്നു. കോടതിയും പരിസരങ്ങളും ശബ്ദകോലാഹലത്താൽ മുഖരിതമാകുന്നു. യൂറോപ്യൻചെവിക്കു നിശിതശല്യമായ ഈ പെരുമ്പറശബ്ദം സഹിക്കവയ്യാതെ ഡേവിസ്ധാര കൂട്ടിലിട്ട വെരുവിനെപ്പോലെ തൻെറ ന്യായാധിപപീഠത്തിലിരുന്നു. സായ്വിൻെറ ഈ അവസ്ഥ സ്വന്തം ഭാവനാശക്തിയിൽ കാണുന്ന സഹൃദയശിരോമണിയായ ചന്തുമേനോൻെറ മുഖത്തു അസാമാന്യമായ ഒരു സന്തുഷ്ടി പ്രകാശിക്കുന്നു. ജഡ്ജിയുടെ ഈ മുഖപ്രസന്നത തൻെറ ചെണ്ടകൊട്ടിലുള്ള രസംകൊണ്ടാണെന്നു തെററിദ്ധരിച്ചു മാരാർ അയാളുടെ സൎവ്വശക്തിയും പ്രയോഗിച്ചു ചെണ്ട അടിച്ചുവീക്കുന്നു.

ഡഫദാർ പോയി കുറച്ചൊക്കെ സമയമായിട്ടും യാതൊരു പ്രയോജനവും കാണാത്തതുകൊണ്ട് അക്ഷമനായ സായ്പു് വീണ്ടും ഒരു ശിപായിയെക്കൂടി കൎശനമായ കല്പന കൊടുത്തയച്ചു. രണ്ടാമതും സായ്വിൻെറ ഒരാൾ വരുന്നതു ദൂരെവെച്ചുതന്നെ ചന്തുമേനോൻ കണ്ടു. തനിക്കു സഹായത്തിനു ഒരാൾകൂടി വന്നുചേൎന്നു എന്നു കണ്ടപ്പോൾ ഡഫദാൎക്കു ഏതാണ്ടൊരു ധൈൎയ്യം തോന്നി. ഇനി എന്തെങ്കിലുമാവട്ടെ അങ്ങോട്ടു കയറിച്ചെല്ലുകതന്നെ എന്നു് അയാൾ ഉറച്ചു. നൈഷധഹസ്തങ്ങളിൽനിന്നും മോചനം ലഭിച്ച ഹംസത്തെപ്പോലെ ശരീരമാസകലം ഒന്നു കുടഞ്ഞു്

കുപ്പായത്തിൻെറ തുമ്പുകൾ വലിച്ചുനിട്ടി ശരിപ്പെട്ടുത്തി ഡഫദാർ കോട്ട്ഹാളിനുള്ളിൽ പ്രവേശിച്ചു.

രംഗസ്ഥിതി മാറിവീഴുന്നുവെന്ന് കാലേക്കൂട്ടി മനസ്സിലാക്കിയ ചന്തുമേനോൻെറയും വിധം പെട്ടെന്നു മാറി. ചെണ്ടകൊട്ടിൽ അദ്ദേഹം ലയിച്ച് കണ്ണുംചിമ്മി കൊട്ടിൻെറ താളത്തിനൊത്തു സാവധാനത്തിൽ തലയും കുലുക്കി ഇരിപ്പായി. സാധു ഡഫദാർ എന്തുചെയ്യും? കേസുവിചാരണയിൽ ഏകാഗ്രചിത്തനായി കണ്ണുമടച്ചിരിക്കുന്ന ന്യായാധിപൻെറ അടുക്കൽ കയറിച്ചെന്നു വിളിച്ചുണത്തി സംസാരിക്കാൻ ഒരു ശിപായിപ്രധാനൻ ധൈയ്യപ്പെടുമോ? പക്ഷേ കായ്യം പറഞ്ഞു മനസ്സിലാക്കാൻ ഇനിയും താമസിച്ചാൽ സായ്പ് മുക്കുചെത്തുകില്ലേ? ആവശ്യം സൃഷ്ടിയുടെ മാതാവെന്ന നിയമമനുസരിച്ച് ഈ ആപൽസന്ധിയിൽ ഡഫദാക്കു ഒരു ജ്ഞാനോദയം ഉണ്ടായി. ചന്തുമേനോൻെറ ഡഫദാരുടെ അടുക്കൽ ചെന്നു. 'പരിത്രാണായ സാധൂനാം വിനാശായ ചഃ ദുഷ്കൃതാം' എല്ലാത്തിനും അയാൾതന്നെ സമത്ഥനെന്ന് അങ്ങോട്ടഭയം പ്രാപിച്ച് കായ്യം നിവ്വഹിക്കാമെന്നു തീച്ചപ്പെടുത്തി.

കൌശലം അതു കുറിക്കു കൊണ്ടു. തൻെറ യജമാനനോടു തനിക്കു ഏതു സമയത്തും ചെന്നു കായ്യങ്ങൾ ഉണത്തിക്കാനുള്ള സാമത്ഥ്യമുണ്ടെന്നു സ്വയം അഭിമാനിച്ചുകൊണ്ടു ചന്തുമേനോൻെറ ഡഫദാർ ന്യായാധിപപീഠത്തിനു സമീപം ചെന്നു 'ജഡ്ജിസായ്വിൻെറ' എന്നിത്രയും പറഞ്ഞപ്പോഴേക്കും അവിവേകിയായ കാമദേവൻകാരണം പൊട്ടുന്നവെ സമാധിക്കു വിഘ്നം വന്നതുകൊണ്ടു കോപിഷ്ഠനായി മൂന്നാം തൃക്കണ്ണുതുറന്ന സംഹാരരുദ്രനെപ്പോലെ ചന്തുമേനോൻ തൻെറ ഡഫദാരെ ഒന്നു നോക്കി. 'തനിക്കു

മൂന്നുറുപ്പികാ പ്രായശ്ചിത്തം' എന്ന ഗജ്ജനമാകുന്ന തിജാല അദ്ദേഹത്തിന്റെ മുഖത്തുനിന്നും പുറപ്പെട്ടു. കോടതിയിൽ കൂടിയിരുന്ന വക്കീലന്മാരാദിയായ യക്ഷകിന്നരകിംപുരുഷന്മാർ ആസകലം നടുങ്ങി. സബ് ജഡ്ജിയുടെ നന്ദികേശ്വരൻ വായുവേഗത്തിൽ അവിടെനിന്നു അന്തദ്ധാനം ചെയ്തു. ഡിസ്ത്രിക്ട് ജഡ്ജിയുടെ ഭൂതഗണങ്ങൾ പ്രാണരക്ഷാത്ഥം പലായനം ചെയ്തു.

അല്പസമയംകൂടി മാരാരെക്കൊണ്ടു ചെണ്ടകൊട്ടിച്ചശേഷം തൃപ്തനായി അയാൾക്ക് ഒന്നാംതരക്കാരന്റെ കൂലി കൊടുക്കേണ്ടതാണെന്നു വിധിച്ചു. കാപ്പികുടിസമയത്തു ഡേവിസ് ധീര ചന്തുമേനോന്റെ പ്രത്യേക മുറിയിൽ വന്ന് 'ഇതെന്തു മാതിരിയാണ്? മററുള്ളവക്കു ചെവികേട്ടിരുന്നു ജോലി ചെയ്യണ്ടേ?' എന്നു ചോദിച്ചതിനു 'മനസ്സാക്ഷിക്കനുസരണമായി ന്യായംനടത്താനുള്ള എന്റെ ശ്രമം താങ്കൾക്കു അസഹ്യതയുണ്ടാക്കി എന്നു കാണുന്നതിൽ ഞാൻ നിവ്യാജം വ്യസനിക്കുന്നു' എന്നു മറുപടി പറഞ്ഞു. ശുണ്ഠിക്കാരനാണെങ്കിലും ചന്തുമേനോനോടു പ്രത്യേക വാത്സല്യമുണ്ടായിരുന്ന സായ്പ് "നിങ്ങൾ ഒരു അസാധാരണ ജഡ്ജിതന്നെ" എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു. ചന്തുമേനോന്റെ കൈപിടിച്ച് കുലുക്കിയിട്ടു പോകയും ചെയ്തു.

എനിക്കുള്ള ഒരു അനുഭവം താഴെ എഴുതുന്നു. ഇതു ഞാൻ മുമ്പൊരു കാലം പരസ്യംചെയ്തതാണ്.

ഒരു ദിവസം ചന്തുമേനവന്റെ വീട്ടിൽ കോലായിൽ ഇരുന്നു ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ അവിടെ ഒരു ബ്രാഹ്മണൻ വന്നു മുററത്തു നിന്നു. 'ആരാ' എന്നു ചോദിച്ചതിനു ഭാഗവതരാണെന്നു മറുപ

ടി കേട്ട ഉടനെ മിസ്റ്റർ മേനോന്നു രസംപിടിച്ചതായി തോന്നി. കോലായിൽ കടന്നിരിക്കാൻ പറഞ്ഞു. പാടിത്തുടങ്ങാനും ഉടനെ പറഞ്ഞു. ഭാഗവതർ മൂളിക്കൊണ്ടിരിക്കുന്നതിലിടയ്ക്കു അയാളെ കടക്കണ്ണിട്ടു നോക്കിക്കൊണ്ടിരിക്കുന്നുവെന്നല്ലാതെ സംഭാഷണം നിൎത്തിയിരുന്നില്ല. അല്പം കഴിഞ്ഞപ്പോൾ ഭാഗവതരോട് 'ഫിഡിൽ അറിയാമോ' എന്നായി. അറിയാമെന്നു പറഞ്ഞപ്പോൾ ഭൃത്യനെ വിളിച്ച് 'കൃഷ്ണാ, ആ ഫിഡിൽ എടുത്തുംകൊണ്ടു വാ' എന്നു പറഞ്ഞു. ഭൃത്യൻ ഫിഡിൽ കൊണ്ടുവന്നപ്പോൾ അതു താൻതന്നെ വാങ്ങി കമ്പികളൊക്കെ കുറെ അഴച്ചു ഭാഗവതരുടെ കയ്യിൽ കൊടുത്തു, വീണ്ടും എഴുന്നോട്ടു സംഭാഷണം തുടങ്ങി. സാധു ബ്രാഹ്മണൻ പത്തുപതിനഞ്ചു മിനിട്ടുനേരം ഫിഡിലിനു ശ്രുതികൂട്ടിക്കൊണ്ടും ഇടയ്ക്കിടയ്ക്കു ചന്തുമേനവനെ ഭയത്തോടുകൂടി നോക്കിക്കൊണ്ടും കഴിച്ചശേഷം അയാളോടു ഇങ്ങിനെ ചോദിച്ചു:—

'ഫിഡിൽവായന നല്ല ശീലമില്ല, ഇല്ലേ ?'

'ഇല്ല. ഫിഡിൽ ശീലിച്ചുതുടങ്ങീട്ട് അധികമായില്ല.'

'ശരി, ഫിഡിലവിടെ വെക്കു. എവിടെയാ ?'

'പാലക്കാട്ടാണ്.'

'ഇവിട്ടന്നു പാലക്കാട്ടേക്കു എന്താണ് വണ്ടിക്കൂലി ?

'പതിന്നാലണ.'

'അതു വേഗംപോകുന്ന വണ്ടിക്കാണോ ?'

(എന്നുവെച്ചാൽ മെയിൽവണ്ടിക്കാണോ എന്നൎത്ഥം.)

ബ്രാഹ്മണൻ അതും സമ്മതിച്ചശേഷം ഭൃത്യനെ വിളിച്ച് എഴുത്തുപെട്ടി എടുത്തുകൊണ്ടുവരാൻ കല്പിച്ചു; അതു കൊണ്ടുവന്നപ്പോൾ 'അതു തുറന്നു പതിന്നാലണ എടുത്തു പട്ടൎക്കു കൊടുക്കു' എന്നു പറഞ്ഞു. പെട്ടിയിൽ ചില്ലറയി

ല്ലെന്നു ഭൃത്യൻ പറഞ്ഞപ്പോൾ 'ഉറുപ്പിക എടുത്തു മാറി പ തിന്നാലണ കൊടുക്കെടാ' എന്നു ഉച്ചത്തിൽ പറഞ്ഞു. അ ന്നു ചില്ലറ മാറാൻ പോകുന്ന ഭൃത്യൻെറ പിന്നാലെ പോയ ആ ബ്രാഹ്മണൻെറ മുഖഭാവം ഞാൻ ഒരു കാലത്തും വിസ്മ രിക്കയില്ല.

ഇങ്ങിനെ പറയാമെന്നുവെച്ചാൽ പലേ കഥകളും ഉണ്ട്.

മംഗലപുരത്തുവെച്ച് തനിക്കു ജ്വരബാധയും പക്ഷ വാതത്തിൻെറ സുഖക്കേടും ഉണ്ടാകയാൽ ൧൮൯൪-ൽ കല്പ നയിൽ പ്രവേശിച്ചു തലശ്ശേരിയിൽ സ്വന്ത ഭവനത്തിൽ വന്നു പാൎത്തു. ൧൮൯൭-ൽ വീണ്ടും കോഴിക്കോട്ടു സബ് ജഡ്ജിയായി ഉദ്യോഗത്തിൽ പ്രവേശിച്ചു. അവിടെവെച്ചു ൧൮൯൯ൽ സെപ്തംബർമാസം ൭-ാംനു കോടതിയിൽ പോ യി വൈകുന്നേരം മടങ്ങിവരുകയും, അതിൽപ്പിന്നെ, ത ന്നെ സ്ഥായിയായി ബാധിച്ചിരുന്ന പക്ഷവാതം പെട്ടെന്നു മൂൎച്ഛിക്കുകയും ചെയ്തു. രോഗിയായി കിടന്ന് ആൎക്കും യാ തൊരു ഉപദ്രവവും കൊടുക്കാതെ മഹാ വിദ്വാനും മഹാ സത്യസന്ധനും പരമരസികനും പരോപകാരിയുമായ മ ഹാത്മാവ് പിറെറദിവസം അതികാലത്തു ചരമഗതിയെ പ്രാപിക്കുകയും ചെയ്തു.

കീൎത്തിയും ഭാഗ്യവും ഉച്ചസ്ഥിതിയിൽ എത്തിയ ഘട്ട ത്തിൽ ഇങ്ങിനെയുള്ള അനായാസേനയുള്ള മരണം പു ണ്യവാന്മാൎക്കല്ലാതെ അനുഭവമാകുന്നതല്ലെന്നേ പറയേണ്ട തുള്ളു.

---

## III.

# വിദ്വാൻ കൈക്കുളങ്ങര രാമവാരിയർ

മലയാളഭാഷയ്ക്കു പലപ്പോഴായി, പലരിൽനിന്നു, പല തരത്തിലുള്ള സഹായസഹകരണങ്ങൾ സിദ്ധിച്ചിട്ടുണ്ട്. ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ കവിത എഴുതിയിട്ടുള്ളവരിൽനിന്നു മാത്രമേ, ഭാഷയ്ക്കു എന്തെങ്കിലും ഗുണഃപുഷ്ടിയോ ഉണ്ടായിട്ടുള്ളു എന്നു പറയുന്നതു അത്ര ശരിയാണെന്നു തോന്നുന്നില്ല. ഭാഷാശരീരത്തെ ശാസ്ത്രീയമായി പോഷിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുള്ളവരുടെ കാര്യം നാം കൃതജ്ഞതയോടുകൂടി സ്മരിക്കാതിരിക്കുന്നതു ഒരുവക കൃതഘ്നതയായിരിക്കും. ശാസ്ത്രീയഗ്രന്ഥങ്ങളുടെ വിരളത ഇന്നും ഭാഷയ്ക്കു ഒരു വലിയ ന്യൂനതയായിട്ടാണു യഥാർത്ഥഭാഷാഭിമാനികൾ ഗണിക്കുന്നത്. ആ ന്യൂനതയെ പരിഹരിക്കുന്നതിനു പല മഹാന്മാരും യഥാശക്തി ശ്രമിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. എന്നാൽ ഇംഗ്ലീഷുഭാഷയെ ആശ്രയിച്ചാൽ മാത്രമേ, ശാസ്ത്രീയഗ്രന്ഥങ്ങളെഴുതാൻ സാധിക്കയുള്ളു എന്ന വലിയ ഒരു തെററിദ്ധാരണ പലരിലും അടിയുറച്ചു പോയിട്ടുള്ളതായി കാണുന്നു. ആ ഭാഷയിൽക്കൂടിയായാൽ അതിനു കൂടുതൽ സൌകര്യമുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ നിവൃത്തിയില്ലെങ്കിലും, ആംഗലഭാഷാനഭിജ്ഞന്മാർ തീരെ നിരാശരാകത്തക്ക ഒരു നില ഭാരതീയസാഹിത്യത്തിനോ പൌരസ്ത്യശാസ്ത്രസമ്പത്തിനോ വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. കാലാനുകൂലമായി പരിഷ്കരിച്ചു പുതിയ വേഷത്തിൽ അതിനെ രംഗപ്രവേശം ചെയ്യിക്കുന്നതിനു വേണ്ട മനോധർമ്മവും ലോകപരിചയവും ഒരാൾക്കുണ്ടെങ്കിൽ പാശ്ചാത്യശാസ്ത്ര പര്യവേക്ഷണംകൊണ്ടുണ്ടാകുന്നതിനെക്കാൾ കൂടുതൽ ലോകോപകാരം പൌരസ്ത്യശാസ്ത്രനിരീക്ഷണംകൊ

ണ്ടുണ്ടാക്കാമെന്നുള്ളത് അനുഭവസിദ്ധവും അപ്രതിഷേധ്യവുമായ ഒരു പരമാർത്ഥമാകുന്നു. ഈ വാസ്തവത്തെ പ്രവൃത്തിരൂപത്തിൽ പ്രത്യക്ഷപ്പെടുത്തിക്കാണിച്ചിട്ടുള്ള ഒരു മഹാനാണ് വിദ്വാൻ കൈക്കുളങ്ങര രാമവാരിയരവർകൾ. ഒരു കവിയോ നോവലെഴുത്തുകാരനോ അല്ലെങ്കിലും, രാമവാരിയരിൽനിന്നു മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള ഗുണപൌഷ്കല്യം ആ നിലയിലുള്ള ഒരാളിൽനിണ്ടാകുന്നതിനേക്കാൾ എത്രയോ ഇരട്ടിയാണെന്നുള്ളതു സംശയരഹിതമായ ഒരു കാര്യമാണ്. ഇങ്ങിനെ മലയാളഭാഷയെ തന്നെത്താനറിയാതെ സവിശേഷം അനുഗ്രഹിച്ച ഒരു അഗാധപണ്ഡിതൻെറ ജീവചരിത്രസംക്ഷേപത്തെയാണ് ഇത്തവണ രേഖപ്പെടുത്താമെന്നു വിചാരിക്കുന്നത്.

കൊച്ചിസംസ്ഥാനത്തു തലപ്പിള്ളിത്താലൂക്കിൽ ചെങ്ങഴക്കോട്ടു പ്രവൃത്തിയിൽ പെട്ട കടങ്ങോട്ടു ദേശത്തുള്ള 'കൈക്കുളങ്ങര കിഴക്കേ വാരിയ'മാണ് രാമവാരിയരുടെ മാതൃഗൃഹം. കൊല്ലം പതിനൊന്നാം ശതാബ്ദത്തിൻെറ പ്രഥമപാദത്തിൽ അവിടെ നാരായണിവാരസ്യാർ എന്ന ഒരു സ്ത്രീരത്നം ജീവിച്ചിരുന്നു. അവരുടെ പ്രഥമഭർത്തൃലാഭം വീട്ടുകാരുടെ നിർബ്ബന്ധംമൂലം ഉണ്ടായതാകയാൽ ദാമ്പത്യജീവിതത്തിൽ വലിയ മനസ്സുഖമില്ലാതെയാണ് അവർ കഴിച്ചുകൂട്ടിയിരുന്നത്. രണ്ടു പ്രസവം കഴിഞ്ഞിട്ടും അവരുടെ മനശ്ശല്യത്തിനു ഒട്ടും കുറവുണ്ടായില്ല. എങ്കിലും ഏതാദൃശസന്ദർഭങ്ങളിൽ സാധാരണ സ്ത്രീകൾക്കു പററാറുള്ള അപകടങ്ങൾക്കൊന്നും ആ സാദ്ധ്വി വശംവദയായിരുന്നില്ല. പിന്നെയോ, ഹൃദയം വഴിഞ്ഞൊഴുകുന്ന ദൃഢഭക്തിയോടുകൂടി, തൻെറ മനോരഥപരിപൂർത്തിക്കായിട്ടും സൽസന്താനലബ്ധിക്കായിട്ടും കൈക്കുളങ്ങരഭഗവതിയെ പ്രാർത്ഥിക്കുന്നതി

ൽ തല്പരയായി ദിവസം കഴിക്കയാണു ചെയ്തതു്. 'ഈ ഭ ക്തനനിഷ്ഠ വർദ്ധിച്ചുവന്ന കാലത്തു ഒരു ദിവസം അത്താഴപ്പൂജ കഴിഞ്ഞു സകലരും പിരിഞ്ഞുപോയിട്ടും വാരസ്യാർ ഓരോ മനോരഥങ്ങളെക്കൊണ്ടു തന്നെത്താനറിയാതെ ആ ഭഗവതിക്ഷേത്രത്തിൽ തന്നെ ഇരുന്നുപോയത്രേ! മനോരാജ്യനിമഗ്നയായ ആ സാദ്ധ്വി പരിതഃസ്ഥിതികളെല്ലാം മറന്നു ഭഗവതിധ്യാനത്തിൽ മുഴുകിപ്പോയതായിരിക്കാം! വൈരാഗ്യം വർദ്ധിച്ചാൽ എന്തൊക്കെയാണുണ്ടാകാത്തതു്?

ഭഗവതിക്ഷേത്രത്തിനു അടുത്തു താമസിച്ചിരുന്ന കൈതക്കോട്ടുഭട്ടതിരി, പതിവുപോലെയുള്ള പ്രാതഃസ്നാനത്തിനായി വന്ന അവസരത്തിൽ അപ്രതിക്ഷിതവും അഭൂതപൂർവ്വവുമായ വിധം ആ അസമയത്തു നാരായണി വാരസ്യാർ ക്ഷേത്രത്തിൽ ഇരിക്കുന്നതായി കണ്ടു. 'നാരായണി എന്താണു ഇന്നു ഈ അസമയത്തു ഒററയ്ക്കിവിടെ നില്ക്കുന്നതു്?' എന്നു വിസ്മയപരതന്ത്രതയോടുകൂടി ചെയ്ത ചോദ്യം കേട്ടപ്പോഴാണു്, ആ സാദ്ധ്വീരത്നം പരിതഃസ്ഥിതികളിൽ പ്രബുദ്ധയായതു്. അവർ ഭട്ടതിരിയോടു മറുപടി പറഞ്ഞതു ഏകദേശം ഇത്തരത്തിലായിരുന്നുവത്രെ. അസാധാരണമായ ഒരു കാഴ്ച കണ്ടു ഞാൻ വല്ലാതെ പരിഭ്രമിച്ചിരിക്കയായിരുന്നു. അതു സ്വപ്നമോ വെറും മനഃഭ്രാന്തിയോ എന്നു എനിക്കറിഞ്ഞുകൂടാ. ആകാശത്തിൽനിന്നു അതിതേജോമയനായ ഒരു ദിവ്യപുരുഷൻ ഇറങ്ങിവന്നു എൻെറ മടിയിലിരുന്നു. പെട്ടെന്നു് അയാൾ ഒരു ബാലരൂപം കൈക്കൊണ്ടു് എന്നെ അമ്മേ! എന്നുവിളിക്കയും എൻെറ മുല കുടിക്കയും ചെയ്തതായിട്ടും ആ അവസരത്തിൽ എൻെറ മുലകളിൽനിന്നു പാൽ ചുരന്നുവന്നതായിട്ടും എ

നിക്കു തോന്നി. അടുത്ത നിമിഷത്തിൽ ആ സ്വരൂപം അപ്രത്യക്ഷമാവുകയും ചെയ്തു. ഇതെല്ലാം അല്പനിമിഷങ്ങൾക്കകം കഴിഞ്ഞു. പെട്ടെന്നു ഞെട്ടി എഴുന്നേററ ഞാൻ ഈ അസാധാരണ സംഭവമോർത്തു വല്ലാതെ പരിഭ്രമിച്ചിരിക്കയായിരുന്നു. തിരുമേനിയുടെ വാക്കു കേട്ടതിനു ശേഷമാണ് വാസ്തവത്തിൽ എൻെറ പരിഭ്രമം തീന്നതു്. ഇതിൻെറ എല്ലാം അത്ഥം എന്താണെന്നു ഭഗവതിക്കു മാത്രമേ അറിഞ്ഞുകൂടു.

വീണ്ടുമുണ്ടായ ചോദ്യപരമ്പരയുടെ ഫലമായി തൻെറ ജീവിത രഹസ്യവും ഭജനകാരണവും വാരസ്യാർ ഭട്ടതിരിയോടു തുറന്നു പറഞ്ഞു. ബുദ്ധിമാനും തപോനിഷ്ഠനുമായ ഭട്ടതിരി പുറത്തിറങ്ങി നക്ഷത്രം നോക്കുകയും എന്തോ ചിലതൊക്കെ ഗണിച്ചു നോക്കുകയും ചെയ്തു. സമയം തെററി എഴുന്നേററതുകൊണ്ടു പതിവിൽ വളരെ നേരത്തേയാണ് ഭട്ടതിരി കുളിക്കാനായി പുറപ്പെട്ടതു്. ഇതിൽ എന്തോ ഈശ്വരേച്ഛയുണ്ടെന്നു അദ്ദേഹം നിശ്ചയിച്ചു. ദൈവകല്പിതം ആക്കറിയാം? ചുരുക്കിപ്പറഞ്ഞാൽ ഭട്ടതിരിയും വാരസ്യാരും തമ്മിൽ അന്നു ഗാന്ധവ്വമായി വിവാഹം കഴിച്ചു. അധികം താമസിയാതെ വാരസ്യാക്കു ഗഭലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും ചെയ്തു. നാലു വശത്തുനിന്നും ശകാരം, ശങ്ക, പരിഹാസം ഇവ ആ സാദ്ധ്വിയെ സ്വാഗതം ചെയ്തുതുടങ്ങി. സൽസ്വഭാവിയും ശുദ്ധഹൃദയനുമായ ഭട്ടതിരി, നിരപരാധിനിയെന്നു മാത്രമല്ല, സരളഹൃദയയും കൂടിയായ ആ സ്ത്രീരത്നത്തെ നാട്ടുകാരുടേയും വീട്ടുകാരുടേയും പരിഹാസപാത്രമാക്കിത്തീക്കാതെ സത്യാവസ്ഥ തുറന്നു പറഞ്ഞു വാരസ്യാക്കു നേരിട്ടു സംബന്ധം തുടങ്ങുകയാണ് ആ അവസരത്തിൽ ചെയ്തതു്. അദ്ദേഹം സ്വജാതീയവിവാഹംകൊ

ണ്ടു അതിനു മുമ്പുതന്നെ ഗൃഹസ്ഥനായിത്തീന്നിരുന്നതിനാൽ, പ്രസ്തുത സംബന്ധം സപത്നീകലഹത്തിനും തൻമൂലം ഗൃഹച്ഛിദ്രത്തിനും അല്പമൊരു കാരണമായിത്തീന്നില്ലെന്നില്ല. പക്ഷേ, നയചതുരനും ക്ഷമാനിധിയുമായ അദ്ദേഹം അതു പടരാതെ സൂക്ഷിക്കയും കാലക്രമത്തിൽ അന്തർജ്ജനത്തെ പറഞ്ഞു സമാധാനിപ്പിക്കയും ചെയ്തു. ഈ അവസരത്തിൽ ഗൃഹനായികയായ അന്തർജ്ജനവും ഗർഭിണിയായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഗർഭസ്ഥനായ ശിശുവിൻെറ നന്മയേയും ഗർഭരക്ഷയേയും സുഖപ്രസവത്തേയും മററും ഉദ്ദേശിച്ച് വെണ്ണയോ നെയ്യോ ജപിച്ചു ഗർഭിണികൾക്കു കൊടുക്കുന്ന പതിവ് ആസ്തികന്മാരായ ഹിന്ദുക്കളുടെ ഇടയിൽ ഇന്നും ഒട്ടും അപൂർവ്വമല്ല; അന്നു അതു കുറെ കൂടുതലുമായിരുന്നു; ആ പതിവനുസരിച്ച് ഭട്ടതിരി രണ്ടാൾക്കും—അന്തർജ്ജനത്തിനും വാരസ്യാക്കും—സേവിപ്പാനുള്ള നെയ്യ് വെവ്വേറെ ജപിച്ച്, 'ഇതു നാരായണിക്കു കൊടുത്തേക്കു; മററതു സേവിച്ചോളൂ' എന്നു പറഞ്ഞു തേവാരത്തിനിടയിൽ രണ്ടും അന്തർജ്ജനത്തിൻെറ കയ്യിൽ കൊടുക്കുകയായിരുന്നു പതിവ്. അതിബുദ്ധിമാനും വേദവേദാംഗാദിവിജ്ഞനും വിദ്വാനുമായ പുത്രനുണ്ടാകാനുള്ള മന്ത്രങ്ങൾ ഉരുക്കഴിച്ച നെയ്യ് അന്തർജ്ജനത്തിനും, സാധാരണ ഒരിടമട്ടിൽ മാത്രം ജപിച്ച നെയ്യ് വാരസ്യാക്കുമായിട്ടാണ് ഭട്ടതിരി ഉദ്ദേശിച്ചിരുന്നത്. സാധുവായ അന്തർജ്ജനത്തിനു ആ തത്വം മനസ്സിലായിരുന്നില്ല. 'ഇതു നാരായണിക്കു കൊടുത്തോളൂ' എന്നു ഭട്ടതിരി പതിവായി പറയുന്നതു കേട്ടപ്പോൾ 'അവളോടുള്ള സ്നേഹാതിരേകത്താൽ വിശേഷവിധിയായി എന്തോ ജപിച്ച നെയ്യായിരിക്കും അത്; അതുകൊണ്ടാണ് എന്നും പ്രത്യേ

കം വിവരം പറഞ്ഞു നെയ്യ്. എന്നെ ഏല്പിക്കുന്നതു്’ എന്നു തെററിദ്ധരിച്ച്, വാരസ്യാരെ ചതിക്കണമെന്നുദ്ദേശിച്ച്, അന്തർജ്ജനം വാരസ്യാക്കുള്ള നെയ്യ് സേവിക്കയും തനിക്കുള്ളതു വാരസ്യാക്കു കൊടുക്കുകയും പതിവായി. ഈ വിവരം ഭട്ടതിരിക്കും മനസ്സിലായില്ല. അന്തർജ്ജനത്തിൻെറ ഈ അസൂയ, മലയാളഭാഷയുടേയും കേരളിയരുടേയും ഭാഗ്യാതിരേകത്താൽ, വാരസ്യാക്കു ഒരനുഗ്രഹമായിത്തീൎന്നു. ഇങ്ങിനെ യഥാവിധി സുരക്ഷിതവും പരിപോഷിതവുമായ ഒരു ഗൎഭത്തിൽനിന്നു്, കൊല്ലവൎഷം ൧൦൦൪-ാമാണ്ടു് ചിങ്ങമാസത്തിലെ ചോതിനക്ഷത്രത്തിൽ ഭൂജാതം ചെയ്ത ശിശുവാണു്, പിന്നീടു് ‘കൈക്കുളങ്ങര രാമവാൎയ്യർ’ എന്ന പേരിനാൽ കേരളം മുഴവൻ സുപ്രസിദ്ധനായിത്തീൎന്നതു്. ഈ സ്ഥിതിക്കു വാരിയരുടെ ജനനം നിഷ്കളങ്കമാണോ എന്നു പലക്കും ന്യായമായ സംശയമുണ്ടാകാവുന്നതാണു്. എന്നാൽ ഈ വക കാൎയ്യങ്ങളിൽ അടങ്ങിയിരിക്കുന്ന രഹസ്യങ്ങൾ എന്തെല്ലാമെന്നു സൂക്ഷ്മമായി കണ്ടുപിടിക്കാൻ അല്പജ്ഞരായ മനുഷ്യൎക്കു ഒരിക്കലും സാദ്ധ്യമല്ല. ജനനത്തെ സംബന്ധിച്ച്, വേണമെങ്കിൽ ഇതുപോലെ ഓരോ കളങ്കമാരോപിക്കാവുന്നവരാണു് സ്വാമി വിവേകാനന്ദൻ, ജഗൽഗുരു ശങ്കരാചാൎയ്യർ, ശ്രീയേശുക്രിസ്തു മുതലായ ലോകോത്തരചരിത്രന്മാരായ മഹാന്മാർ. എന്നാൽ, അസാധാരണവും പരിപാവനവുമായ അവരുടെ ജിവിതചൎയ്യകൾ, ആ വിശിഷ്ടന്മാൎക്കു ലോകത്തിൽ സമ്പാദിച്ചുകൊടുത്തിട്ടുള്ള സ്ഥാനം എത്രമേൽ ഉന്നതവും ഉൽകൃഷ്ടവുമാണെന്നു നമുക്കറിയാമല്ലോ.

രണ്ടു മാതുലന്മാരുടെ മേൽനോട്ടത്തിലും സംരക്ഷണയിലുമാണു് വാരിയർ വളൎന്നുവന്നതു്. അവരുടെ പേർ രാ

മവാരിയരെന്നും കൃഷ്ണവാരിയരെന്നുമായിരുന്നു. വിദ്യതത്തിൽ അവർ ഒട്ടും പിന്നോക്കമായിരുന്നില്ല. പ്രത്യേകിച്ച്, വൈദ്യശാസ്ത്രത്തിൽ രാമവാരിയരും ജ്യോതിശ്ശാസ്ത്രത്തിൽ കൃഷ്ണവാരിയരും അഗാധവും കാര്യക്ഷമവും പ്രായോഗികവുമായ പാണ്ഡിത്യവും സമ്പാദിച്ചിരുന്നു. തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള ജ്ഞാനം പരോപകാരാർത്ഥം വിനിയോഗിക്കാൻ സമുത്സുകരായിരുന്നതുകൊണ്ടു ഇവക്കു നാട്ടുകാരുടെ ഇടയിൽ ഒരു നല്ല പേരും സമ്പാദിക്കാൻ കഴിഞ്ഞിരുന്നു. തങ്ങളുടെ ഭാഗിനേയൻ ബാല്യംമുതല്ക്കുതന്നെ അനിതരബാലസാധാരണമായ ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിച്ചു കണ്ടതിനാൽ ഈ രണ്ടു മാതുലന്മാക്കും വളരെ സന്തോഷമുണ്ടായി. പിതാവായ ഭട്ടതിരിയുടെ കാര്യം പറയേണ്ടതുമില്ലല്ലോ. ഇല്ലത്തെ ഉണ്ണിയിൽ ഒരു അസാധാരണതപവും കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു സാധാരണ കുട്ടിയെപ്പോലെയുള്ള ബുദ്ധിശക്തി മാത്രമേ ഉണ്ണിക്കുണ്ടായിരുന്നുള്ളൂ. തന്റെ പ്രയോഗം പിഴക്കാനിടയില്ലെന്നു അദ്ദേഹത്തിനു ധൈര്യവുമുണ്ടായിരുന്നു. അതുകൊണ്ടു അന്തർജ്ജനത്തെ വിളിച്ചു കാര്യം ചോദിക്കയും അവർ സത്യസ്ഥിതി തുറന്നു പറയുകയും ചെയ്തു. വാസ്തവം മനസ്സിലായപ്പോൾ ഭട്ടതിരി പറഞ്ഞതിങ്ങിനെയാണത്രേ: 'ദൈവകല്പിതം ആക്കു തടുക്കാൻ കഴിയും? നാരായണിയുടെ ഭാഗ്യംതന്നേ! ഇല്ലത്തെ സുകൃതക്ഷയംകൊണ്ടാണു നിനക്കിങ്ങിനെ തോന്നിയതു്.' സപത്നികലഹം നിമിത്തം തനിക്കു പററിയ ഈ 'സ്വയംകൃതാനർത്ഥ'ത്തെപ്പററി അന്തർജ്ജനം ജീവാവസാനംവരെ പറഞ്ഞു വ്യസനിക്കാറുണ്ടായിരുന്നുവത്രെ.

ഭട്ടതിരി, പുത്രന്റെ ബുദ്ധിശക്തിയെ പോഷിപ്പിക്കുന്നതിനു സാരസ്വതഘൃതം ജപിച്ചുകൊടുത്തിരുന്നതായി

പറയപ്പെടുന്നു. കാലോചിതമായ വിദ്യാഭ്യാസം ചെയ്യിച്ചതു അമ്മാവന്മാരായിരുന്നു. വിദ്യാഭ്യാസകാലത്തുണ്ടായ അത്ഭുത സംഭവങ്ങളെപ്പററി പല ഐതിഹ്യങ്ങളും പറഞ്ഞുകേൾക്കുന്നുണ്ടു. വിശ്വാസ്യതയില്ലുള്ള സംശയംകൊണ്ടും ലേഖനത്തിൻെറ സീമാതീതമായ ദൈർഘ്യത്തെ ഭയന്നും അതൊന്നും ഇവിടെ ചേർക്കണമെന്നു് വിചാരിക്കുന്നില്ല. അമരകോശം മൂന്നു പ്രാവശ്യം ആദ്യന്തം വായിച്ചുകഴിഞ്ഞപ്പോഴേക്കു അതു മുഴുവൻ രാമവാരിയൎക്കു ഹൃദിസ്ഥമായിത്തീൎന്നതായി അദ്ദേഹത്തിൻെറ മുഖത്തുനിന്നുതന്നെ കേട്ട ചില ആളുകൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. ശ്രീരാമോദന്തമെന്ന ഒരു കാവ്യം പഠിപ്പിക്കേണ്ട ചുമതല മാത്രമേ അമ്മാവന്മാൎക്കുണ്ടായിരുന്നുള്ളുവത്രെ. അതു പഠിച്ചുതീൎന്നപ്പോഴേക്കും മററു കാവ്യങ്ങളെല്ലാം ഭാഗിനേയനു അതിവലളിതങ്ങളായിത്തീൎന്നിരുന്നു. അമരകോശത്തിലുള്ള പരിചയാധിക്യത്താൽ സംസ്കൃതഭാഷയിലെ പ്രധാന പദങ്ങളെല്ലാം കരതലാമലകംപോലെ സുഗ്രഹങ്ങളായിത്തീൎന്ന ഒരാൾക്കു കാവ്യങ്ങൾ ലളിതങ്ങളായിത്തീരുന്നതിൽ എന്താണതിശയം? പന്ത്രണ്ടു വയസ്സു തികയുന്നതിനു മുൻപുള്ള കഥയാണിതു്. അതുവരെയുള്ള വിദ്യാഭ്യാസം മുഴുവൻ നടന്നതു വാരിയത്തുവെച്ചുതന്നെയായിരുന്നു. സ്വന്തം വീട്ടിൽവെച്ചു പഠിച്ചതുകൊണ്ടോ എന്തോ ഇക്കാലങ്ങളിലൊന്നും രാമവാരിയർ പഠിപ്പിൽ പറയത്തക്ക ശ്രദ്ധ പതിച്ചിരുന്നില്ല. അങ്ങിനെ അശ്രദ്ധയോടുകൂടി പഠിച്ചതിൻെറ ഫലമാണുമേൽപറഞ്ഞതു്. ഭട്ടതിരി ജപിച്ച നെയ്യിൻേറയും ചെറുപ്പത്തിൽ സേവിച്ച സാരസ്വതഘൃതത്തിൻെറയും ഫലം കാണാതിരിക്കുമോ?

വാരിയർ ചെറുപ്പത്തിൽതന്നെ ഒരു ഭക്തനായിരുന്നു.

ഭഗവതിക്ഷേത്രത്തിൽ ഒരു ഭജനക്കാരൻെറ നിലയിലാണു മിക്ക സമയവും കഴിച്ചുകൂട്ടിയിരുന്നതു്. പിതാവിൻെറ ഉപദേശവും ഇതിനു പ്രോത്സാഹകമായിത്തീർന്നിരിക്കണം. ഭജനത്തിനു വ്യവസ്ഥാപിതമായ ഒരു ക്രമവും ഇല്ലായിരുന്നുവത്രെ. എന്തുദ്ദേശത്തിനുവേണ്ടിയാണു ഭജനമിരുന്നതെന്നും ആക്കും നിശ്ചയമില്ല. ചിലപ്പോൾ പാതിരാത്രിക്കു തണുത്ത വെള്ളത്തിൽ കഴുത്തുവരെ ആണ്ടുകിടന്നും, ചിലപ്പോൾ അത്യുഗ്രമായ വെയിലത്തു വെറും മണ്ണിൽ മലൎന്നുകിടന്നും, മററുചിലപ്പോൾ പട്ടുകൊണ്ടു ആപാദശിഖം മൂടിയിരുന്നും, ചിലപ്പോൾ നിരാഹാരനായും വേറെ ചിലപ്പോൾ ഫലാഹാരനായും ഇങ്ങിനെ പലപ്പോഴും പലതരത്തിൽ അദ്ദേഹം വ്രതങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടു കൂട്ടുകാർ അദ്ദേഹത്തെ 'കിറുക്ക'നാണെന്നും കൂടി സംശയിക്കയുണ്ടായിട്ടുണ്ടു്. ഈ വക അനുഷ്ഠാനങ്ങൾക്കൊക്കെ അദ്ദേഹത്തിനു വല്ല ഉപദേഷ്ടാവും ഉണ്ടായിരുന്നുവോ എന്നുതന്നെ ആക്കും നിശ്ചയമില്ല. വാരിയർ പിൽകാലത്തുണ്ടാക്കിട്ടുള്ള പുസ്തകങ്ങളിൽ ചിലടത്തു ആദിത്യമണ്ഡലമദ്ധ്യസ്ഥിതയായ ഒരു ധേനുസരസ്വതിയെ വന്ദിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. താൻ ധേനുസരസ്വതിയെ ഉപാസിച്ചു പ്രത്യക്ഷപ്പെടുത്തിട്ടുണ്ടെന്നു വാരിയർ പിൽക്കാലത്തു ചിലരോടെല്ലാം രഹസ്യമായി പറഞ്ഞിട്ടുള്ളതായി കേൾക്കുന്നുമുണ്ടു്. ഇക്കാരണങ്ങളാൽ, അദ്ദേഹം ചെറുപ്പകാലത്തു വ്രതാനുഷ്ഠാനാദികളെക്കൊണ്ടുപാസിച്ചിരുന്നതു ധേനുസരസ്വതിയെത്തന്നെയായിരുന്നു എന്നൂഹിക്കുന്നതിൽ അസാംഗത്യമുണ്ടായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. 'ധേനുസരസ്വതി'യുടെ മൂലമന്ത്രവും ഉപാസനാക്രമവും തന്നോടു ഉപദേശരൂപത്തിൽ ഏററുവാങ്ങിക്കൊ[illegible] ഒരു

165279
38207
032:9M8
MUL
165279

ശിഷ്യനെ താൻ ഇതേവരെ കണ്ടെത്തിട്ടില്ലെന്നും ഈ മന്ത്രം മററൊരാൾക്കുപദേശിക്കാതെ മരിച്ചുപോകുന്നതിൽ അപാരമായ വ്യസനമുണ്ടെന്നും വാരിയർ ചിലരോടൊക്കെ പറഞ്ഞതായി കേട്ടിട്ടുണ്ട്. ഏകദേശം പന്ത്രണ്ടു വയസ്സു പ്രായമായതോടുകൂടി വാരിയർ ഈ വക അനുഷ്ഠാനങ്ങളിൽനിന്നു സ്വയം പിൻവാങ്ങുകയും അന്നുമുതൽ വിദ്യാഭ്യാസത്തിൽ ശ്രദ്ധാലുവായിത്തീരുകയും ചെയ്തു. നാട്ടുകാരുടെ പരോക്ഷമായ ആക്ഷേപത്തിനു പാത്രമായ മേൽപറഞ്ഞ വ്രതോപാസനാദികളിൽ വാരിയരുടെ അമ്മാവന്മാൎക്കു പോലും വൈമുഖ്യവും എതിരഭിപ്രായവുമാണുണ്ടായിരുന്നതെങ്കിലും, പിതാവായ ഭട്ടതിരി മകനെ പൂൎണ്ണമായി അനുകൂലിച്ചിരുന്നതിനാലാണു ആവക ചടങ്ങുകളെല്ലാം നിൎവ്വിഘ്നം നിൎവ്വഹിക്കപ്പെട്ടതെന്നു പറയപ്പെടുന്നതു വാസ്തവമാണെങ്കിൽ, മന്ത്രവും ഉപാസനാക്രമവും ഉപദേശിച്ചുകൊടുത്തതുതന്നെ ഭട്ടതിരിയാണെന്നു വരാൻപാടില്ലെന്നില്ല. രണ്ടായാലും ഈ ഭജനം 'കാലംകൂടിയതിനുശേഷ'മാണു രാമവാരിയരുടെ യഥാൎത്ഥവിദ്യാഭ്യാസം തുടങ്ങിയതെന്നുള്ളതിനു സംശയമില്ല.

മഹാവിദ്വാനും അതിപ്രസിദ്ധനും നാനാശാസ്ത്രവിദഗ്ദ്ധനുമായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻനമ്പ്യാരവർകൾ രാജകുമാരന്മാരേയും മററും പഠിപ്പിച്ചുകൊണ്ടു തൃപ്പൂണിത്തുറ കോവിലകത്തു താമസിച്ചുവന്നിരുന്ന കാലമായിരുന്നു അതു്. മാതുലന്മാരുടെ ആജ്ഞപ്രകാരവും ചിലവിന്മേലും ഈ ഗോവിന്ദൻനമ്പ്യാരെയാണു വിദ്യാഭ്യാസത്തിന്റെ ദ്വിതീയഘട്ടത്തിൽ വാരിയർ ഗുരുനാഥനായി സ്വീകരിച്ചതു്. മൂന്നു കൊല്ലത്തോളം കാലം ഈ പഠിപ്പു നീണ്ടുനിന്നു. ഇതിനിടയ്ക്കു തൎക്കം, വ്യാകരണം, അലങ്കാ

രം എന്നീ ശാസ്ത്രങ്ങളിൽ ഗണ്യമായ നൈപുണ്യം സമ്പാദിച്ചു. ഇക്കാലത്തു നടന്ന ഒരു രസകരമായ സംഭവം വാരിയരുടെ അസാധാരണമായ പ്രതിഭാവിലാസത്തെ സ്പഷ്ടീകരിക്കുന്നതാണ്. വ്യാകരണാദ്ധ്യേതാക്കളെല്ലാം വെളുപ്പിനെഴുന്നേററു അഷ്ടാദ്ധ്യായിസൂത്രപാഠം ഉരുവിട്ടുതോന്നിക്കണമെന്നായിരുന്നു നമ്പ്യാരുടെ ആജ്ഞ. മററു കുട്ടികളെല്ലാം ഇതു ശരിക്കു അനുഷ്ഠിക്കയും ചെയ്തിരുന്നു. നമ്മുടെ ചരിത്രപുരുഷനാകട്ടെ, ആ സമയത്തു മടിയനായി ചുരുണ്ടുകൂടിക്കിടന്നുറങ്ങുകയല്ലാതെ എഴുന്നേൽക്കയോ പാഠത്തിൽ പങ്കുകൊള്ളുകയോ ചെയ്തിരുന്നില്ല. ഇതു എങ്ങിനേയോ നമ്പ്യാർക്കു മനസ്സിലായി. ഒരു ദിവസം അദ്ദേഹം ശിഷ്യനെ വിളിച്ചു ഇങ്ങിനെ ചോദിച്ചു:—'ഇവരൊക്കെ സൂത്രം ഉരുവിടുമ്പോൾ രാമൻ മാത്രം കിടന്നുറങ്ങുന്നുവെന്നാണല്ലോ കേൾക്കുന്നതു്! എന്താ അങ്ങിനെ?' ഈ ചോദ്യത്തിനു വിനീതനായ വാരിയർ പറഞ്ഞ മറുപടി 'ഒരു കൂട്ടർ ഉരുവിട്ടാൽ പോരെ? ഞാനും വെറുതെ ബുദ്ധിമുട്ടണമോ?' എന്നായിരുന്നു. ബുദ്ധിമാനായ ശിഷ്യന്റെ വാക്കു കേട്ട ഗുരുനാഥൻ ഉടനെതന്നെ പരിശോധിച്ചപ്പോൾ, മററു വിദ്യാൎത്ഥികൾ ഉരുവിട്ടുകഴിഞ്ഞിടത്തോളം സൂത്രങ്ങൾ യാതൊരു തടസ്സവും കൂടാതെ വാരിയരും ചൊല്ലുന്നതായി കണ്ടു വളരെ സന്തോഷിച്ചു. അന്നുമുതൽ വാരിയരുടെനേരെ നമ്പ്യാൎക്കു ഒരു പ്രത്യേകമായ മമതയും വാത്സല്യവും തോന്നിത്തുടങ്ങിയതിന്റെ ഫലമായി താമസിയാതെ നമ്പ്യാരുടെ ആവശ്യപ്രകാരം വാരിയൎക്കും കോവിലകത്തുതന്നെ ഭക്ഷണം പതിവുകയും ചെയ്തു.

ഗുരുനാഥന്റെ ഈ പ്രത്യേകത മററു വിദ്യാൎത്ഥികളെ അസൂയാലുക്കളാക്കിത്തീൎത്തു. അവരുടെ നിരന്തരമായ 'നാ

രദപ്രയോഗം’നിമിത്തം പ്രധാനികളായ ചിലൎക്കപോലും ‘രാമ’നെ കണ്ടുകൂടാതായി. തൻെറ പഠിപ്പ് ഒരുവിധം പൂൎത്തിയായതിനാലും ദുർബ്ബുദ്ധികളായ സതീൎത്ഥ്യരുടെ കൂട്ടത്തിൽ കഴിഞ്ഞുകൂട്ടുവാനുള്ള വൈമനസ്യത്താലും വാരിയർ തൃപ്പൂണിത്തുറനിന്നു യാത്രപറയാൻ നിശ്ചയിച്ച്, എന്തെങ്കിലും ഗുരുദക്ഷിണകഴിച്ച് താൻ വാരിയത്തേക്കു പോകണമെന്നു വിചാരിക്കുന്നതായി നമ്പ്യാരെ ധരിപ്പിച്ചു. വാത്സല്യനിധിയായിരുന്ന നമ്പ്യാൎക്കു പ്രിയശിഷ്യവിരഹത്തെ ഓൎത്തു അപാരമായ വ്യസനമുണ്ടായി. എന്നാൽ വാരിയൎക്കെതിരായി പ്രവൎത്തിക്കുന്ന കക്ഷി, തൻെറ ആജ്ഞാശക്തിയെത്തന്നെ കവിഞ്ഞേക്കുമോ എന്നുപോലും സംശയിക്കത്തക്കവിധം അത്രമേൽ പ്രബലമായിരുന്നതുകൊണ്ടു മനസ്സില്ലാമനസ്സോടെ ശിഷ്യൻെറ അപേക്ഷയെ കഷ്ടിച്ചു സമ്മതിക്കേണ്ടിവന്നു. ‘രാമൻെറ സ്വഭാവവൈശിഷ്ട്യവും നിഷ്കളങ്കഭക്തിയുംതന്നെയാണു ഞാൻ വലിയ ദക്ഷിണയായി കരുതുന്നത്. വേറെ യാതൊരു ഗുരുദക്ഷിണയും ഞാനാഗ്രഹിക്കുന്നില്ല’ എന്നാണത്രെ നമ്പ്യാർ പറഞ്ഞത്. ശിഷ്യൻ വീണ്ടും വീണ്ടും നിൎബ്ബന്ധിക്കുകയാൽ, ‘വൃദ്ധയായ എൻെറ മാതാവിനെ മഹാഭാരതംമൂലം മുഴുവനും വായിച്ചുകേൾപ്പിക്കുക’ എന്നു പറഞ്ഞു ശിഷ്യനോടുകൂടി കിള്ളിക്കുറിശ്ശിമംഗലത്തുള്ള സ്വഗൃഹത്തിലേക്കു പോകയും അമ്മയോടു വിവരം പറഞ്ഞു വാരിയരെ സംബന്ധിച്ചു വേണ്ടതെല്ലാം ഏൎപ്പാടുകളുംചെയ്തു തൃപ്പൂണിത്തുറയ്ക്കുതന്നെ മടങ്ങുകയും ചെയ്തു. ഇത്രയൊക്കെയായിട്ടും, പിരിയുന്ന അവസരത്തിൽ വാത്സല്യാതിരേകത്താൽ ഗുരുവിൻെറ ഇടനെഞ്ഞുപൊട്ടി നെടുവീൎപ്പു പുറപ്പെട്ടുകയും അദ്ദേഹം വാരിയരുടെ തലയിൽ കൈവെച്ചു ‘രാമന് എ

വിടെപ്പോയാലും നന്നായിവരും' എന്ന ഗൽഗദസ്വരത്തിൽ അനുഗ്രഹിക്കയും ചെയ്തു. ഹാ! ഗുരുശിഷ്യബന്ധത്തെ സുവർണ്ണരേഖകളാൽ അടയാളപ്പെടുത്തേണ്ട ആ നല്ല കാലം ഇങ്ങിനി വരാതവണ്ണം പൊയ്പോയല്ലോ!

മൂലഭാരതം മുഴവൻ വായിച്ചുതീക്കുന്നതിനു മൂന്നു കൊല്ലത്തോളം വേണ്ടിവന്നുവെന്നാണറിയുന്നതു്. അതുകഴിഞ്ഞു സ്വഗൃഹത്തിലേക്കു മടങ്ങി. പിന്നീടു കുറച്ചുകാലം തൃശ്ശൂർ തെക്കേകുറുപ്പത്തു രാമഞ്ചിറമഠത്തിൽ താമസിച്ചിരുന്നതായി പറയപ്പെടുന്നു. അന്നു അവിടെ ചിലരെയൊക്കെ പഠിപ്പിക്കയും പ്രഖ്യാതനായ ഭീമാചാൎയ്യരുടെ അടുക്കൽ തക്കശാസ്ത്രത്തിലെ ചില ഉപരിഗ്രന്ഥങ്ങൾ വായിക്കയും ചെയ്തിരുന്നുവെന്നാണറിയുന്നതു്.

മാതുലന്മാരിൽ ഒരാളായ രാമവാരിയർ പുന്നത്തൂര് തമ്പുരാക്കന്മാരുടെ ഗുരുവായിരുന്നു. പുന്നത്തൂർകോട്ടയ്ക്കു സമീപം വാരിയക്കു താമസിക്കാനായി തമ്പുരാൻ ഒരു ഭവനം പണിയിച്ചു കൊടുത്തിരുന്നു. അടുത്ത ഒരു ക്ഷേത്രത്തിൽ കഴകവും ഏല്പെടുത്തികൊടുത്തിരുന്നതുകൊണ്ടു കൈക്കുളങ്ങരവാരിയത്തെ ചില കുടുംബാംഗങ്ങൾ പുന്നത്തൂരും താമസിച്ചിരുന്നു. അക്കൂട്ടത്തിൽ ചിലപ്പോൾ നമ്മുടെ ചരിത്രനായകനും പുന്നത്തൂർ പോയി താമസിക്കയുണ്ടായിട്ടുണ്ടു്. ചില തമ്പുരാക്കന്മാരെ അല്പകാലം പഠിപ്പിച്ചിട്ടുമുണ്ടു്. അവിടെവെച്ചു കാമിനിമൂലമായ ഒരപവാദം ഇദ്ദേഹത്തെ ബാധിച്ചതായി കേൾക്കുന്നു.

അക്കാലത്തു വാരിയക്കു അല്പം ഉന്മാദത്തിൻെറ ലക്ഷണം കണ്ടുതുടങ്ങി. ചികിത്സയ്ക്കും മന്ത്രവാദത്തിനും ഒട്ടും കുറവുണ്ടായില്ല. എങ്കിലും സുഖക്കേടു വർദ്ധിച്ചതേയുള്ളു. ഒടുവിൽ മന്ത്രവാദിപ്രധാനിയായ കാട്ടുമാടത്തിൽ നംപൂതി

രിപ്പാടവർകളെക്കൊണ്ടു പലതും ചെയ്യിച്ചുനോക്കി. ഇങ്ങിനെ ഉന്മാദചികിത്സയ്ക്കായി നംപൂതിരിപ്പാടിൻെറകൂടെ താമസിക്കുന്നകാലത്തു രാത്രികാലങ്ങളിൽ തക്കം, വ്യാകരണം മുതലായ ശാസ്ത്രങ്ങളിൽ ചില പൂവ്വപക്ഷങ്ങളും സിദ്ധാന്തങ്ങളും പറയുന്നതു കേട്ടു പിറേറദ്ദിവസം രാവിലെ ചോദിച്ചാൽ "ഞാൻ ഒന്നും അറിഞ്ഞില്ലല്ലൊ" എന്നു വാരിയർ പറയുകയും ഇതും ചിത്തഭ്രമത്തിൻെറ കോളായിരിക്കാമെന്നു വിചാരിച്ച് ജനങ്ങൾ സമാധാനിക്കയും ചെയ്തിരുന്നുവത്രെ. ഇതിനെപ്പററി ഒരു ചരിത്രകാരൻ ഇങ്ങിനെയാണ് പറയുന്നതു് :—

"കാട്ടുമാടത്തിലെ ശിഷ്യനും മന്ത്രവാദത്തിൽ അതിനിപുണനുമായ പൂങ്ങാട്ടു നംപൂതിരി ഒരു ദിവസം രാത്രി കാട്ടുമാടത്തിലേക്കു പോകുംവഴി മാഗ്ഗമദ്ധ്യത്തിൽവെച്ചു ഒരാളെ കണ്ടെത്തുകയും അയാൾ കേവലം ഒരു മനുഷ്യനല്ലെന്നു ലക്ഷണങ്ങളെക്കൊണ്ടു കണ്ടറിഞ്ഞു ചോദിച്ചതിൽ താൻ ഒരു ഗന്ധവ്വനാണെന്നും തൻെറ സജ്ജാതിയനായ ഒരാൾ മന്ത്രവാദതത്വങ്ങൾ ഗ്രഹിപ്പാനായി ഉന്മാദകൈതവേന കാട്ടുമാടത്തിൽ താമസിച്ചുവരുന്നുണ്ടെന്നും അയാളോടൊന്നിച്ചു ശാസ്ത്രവാദം ചെയ്തു രസിച്ചിരിപ്പാൻ പോകയാണെന്നും പറഞ്ഞതു കേട്ടു നംപൂതിരി കാട്ടുമാടത്തിൽ ചെന്നു നംപൂതിരിപ്പാട്ടിലോട്ടു സവികായ്യമായി വിവരങ്ങൾ പറയുകയും അവർ രണ്ടുപേരും കൂടി അന്നു രാത്രി സൂക്ഷിച്ചു നോക്കിയതിൽ വാരിയരുടെ അമാനുഷതാം ബോദ്ധ്യപ്പെടുകയും ചെയ്തു. പിറേറന്നു നംപൂതിരിപ്പാടവർകൾ വാരിയരെ വിളിച്ചു "രാമനു ഭ്രാന്തില്ല; മന്ത്രവാദതത്വങ്ങൾ ഗ്രഹിച്ചതു മതി; പൊയ്ക്കൊള്ളൂ" എന്നു സസന്തോഷം പറയുകയും ഗ്രഹിച്ചിടത്തോളം തത്വങ്ങൾ ആക്കും ഉപദേശി

ക്കരുതെന്നു താക്കീതു ചെയ്കയും ചെയ്തു.'' [ഇതു ഒരു കെട്ടു കഥയോ കേട്ടകഥയോ എന്നു നിശ്ചയമില്ല; വാരിയരെ ഗന്ധർവ്വാവതാരമാക്കാൻ വല്ല രസികന്മാരും പറഞ്ഞുണ്ടാക്കിയ ''ഒരു കഥ''യാകാനാണു അധികം എളുപ്പം. അല്പം ബുദ്ധിവൈദഗ്ദ്ധ്യമൊ പ്രവൃത്തിസാമർത്ഥ്യമോ ഉള്ളവരൊക്കെ ഇങ്ങിനെ ഗന്ധർവ്വന്മാരും വിദ്യാധരന്മാരുമായിരിക്കണമെന്നു ചിലക്കു ഒരു നിർബ്ബന്ധമുള്ളതുപോലെ തോന്നുന്നു.]

കോട്ടയ്ക്കൽ കിഴക്കേകോവിലകത്തു താമസിച്ചു ചില തമ്പുരാക്കന്മാരെ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്ന നിലയിലാണ് നാം പിന്നീടു രാമവാരിയരെ കാണുന്നത്. അവിടെയും സ്ത്രീ നിമിത്തകമായ ഒരു വൈരാഗ്യം അദ്ദേഹത്തെ ബാധിച്ചതായി കാണുന്നു. തന്നിമിത്തം ദേശസഞ്ചാരിയായി പുറപ്പെട്ടുകയാണത്രേ ഉണ്ടായത്. കർണ്ണാടകരാജ്യത്തിൽപെട്ട കുമ്പഴകോവിലകത്തോളമേ ഈ സഞ്ചാരത്തിനു ദൈർഘ്യമുണ്ടായുള്ളു. എന്തുകൊണ്ടെന്നാൽ, അവിടെ വെച്ചു ആ കോവിലകത്തെ രാജകുമാരന്മാരിൽ ചിലർ രാമവാരിയരുമായി യാദൃച്ഛികമായി കൂട്ടിമുട്ടുകയും വിദ്വാനെ ബഹുമാനിച്ചു നിർബ്ബന്ധിച്ചു അവിടെ താമസിപ്പിക്കയും ചെയ്തതിനാൽ ഒരദ്ധ്യാപകൻെറ നിലയിൽ വാരിയക്കു അവിടെ തങ്ങേണ്ടിവന്നു. ബുദ്ധിമാനും വിദ്വാനുമായിരുന്ന അവിടത്തെ ഇളയ രാജാവും വാരിയരുടെ ശിഷ്യനായിരുന്നു. ഈ രാജകുമാരൻ അല്പായുസ്സായിപ്പോയതിനെക്കുറിച്ചു വാരിയർ പിന്നീടു നാട്ടിൽ മടങ്ങിവന്നതിനുശേഷവും വ്യസനപൂർവ്വം പ്രസ്താവിക്കാറുണ്ടായിരുന്നുവത്രെ. ആ തമ്പുരാനെപ്പോലെ പ്രതിഭാശാലിയായി താ

ൻ മററാരെയും കണ്ടിട്ടില്ലെന്നായിരുന്നു രാമവാരിയർ പറഞ്ഞിരുന്നതു്.

ഇങ്ങിനെ കുമ്പഴരാജസ്വരൂപത്തിലെ തമ്പുരാക്കന്മാരെ പഠിപ്പിച്ചു മായിപ്പാടി കോവിലകത്തു താമസിച്ചുകൊണ്ടിരിക്കുമ്പോഴാണു് വാരിയക്കു യോഗാനന്ദസ്വാമികളുമായി പരിചയപ്പെടുന്നതിനു ഭാഗ്യമുണ്ടായതു്. കോവിലകത്തിനു സമീപമുള്ള ഇളന്നീർമഠത്തിൽ ഒരു സ്വാമിയാരുടെ അതിഥിയായിട്ടാണു് സ്വാമികൾ അവിടെ വന്നുചേർന്നതു്. ഈ മഠത്തിനു സമീപം താമസിച്ചിരുന്ന ഒരു എമ്പ്രാന്തിരിയുടെ തൃതീയപുത്രനായിരുന്നു യോഗാനന്ദസ്വാമികൾ. സംഗതിവശാൽ ചെറുപ്പത്തിൽതന്നെ വിരക്തനായി ദേശസഞ്ചാരത്തിനു പുറപ്പെടുകയും ഗംഗാതീരത്തിൽ തപസ്സുചെയ്തുകൊണ്ടിരുന്ന വരദരാജയോഗീശ്വരൻെറ ശിഷ്യനായിത്തീരുകയും ശാസ്ത്രാഭ്യാസംകൊണ്ടും ഗുരുശുശ്രൂഷകൊണ്ടും തൃപ്തനായ യോഗീശ്വരൻ ശിഷ്യനു സന്യാസവും യോഗാനന്ദസ്വാമികൾ എന്ന നാമധേയവും കൊടുത്തു ഭൂപ്രദിക്ഷണത്തിനായി പറഞ്ഞയച്ച കൂട്ടത്തിൽ സ്വദേശത്തു വീണ്ടും വന്നുചേരുകയുമാണുണ്ടായതു്. ജന്മഭൂമിയാണെന്നുള്ള വാത്സല്യംകൊണ്ടായിരിക്കാം സ്വാമികൾ ഏതാനും മാസം അവിടെ താമസിക്കാൻ തീരുമാനിച്ചു. അങ്ങിനെ താമസിച്ചുവരവേ, ബ്രഹ്മസൂത്രത്തിൻെറ ശാരീരകഭാഷ്യം പഠിച്ചാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി സമീപവാസിയായ ഒരു ബ്രാഹ്മണൻ അവിടെ വന്നെത്തി. ചാതുർമാസ്യവ്രതത്തിനായി മാത്രം താൻ ഇവിടെ താമസിക്കയാണെന്നും അതു കഴിഞ്ഞാൽ തൻെറ ദേശസഞ്ചാരം തുടരാതെ നിവൃത്തിയില്ലെന്നും അക്കാലത്തിനിടയ്ക്കു ഭാഷ്യാ

ൎത്ഥം മുഴുവനും ഗ്രഹിക്കത്തക്ക ബുദ്ധിശക്തിയുള്ള ഒരു സഹപാഠിയെക്കൂടി സമ്പാദിച്ചാൽ ആഗ്രഹം സാധിപ്പിച്ചു തരാമെന്നും സ്വാമികൾ തീൎത്തുപറഞ്ഞതിനാൽ ബ്രാഹ്മണൻ സഹപാഠിയെ അന്വേഷിച്ചുതുടങ്ങി. ഭാഷ്യാൎത്ഥം ഗ്രഹിക്കത്തക്ക വിദ്വത്വത്തോടു കൂടിയവനായി ആ ബ്രാഹ്മണൻെറ അന്വേഷണത്തിൽ വാരിയർ മാത്രമെ ആ അട്ടത്തദിക്കിലുണ്ടായിരുന്നുള്ളു. ഈ വഴിക്കാണ് വാരിയരും യോഗാനന്ദസ്വാമികളും തമ്മിൽ പരിചയപ്പെട്ടുന്നതിനിടയായത്. സ്വാമികളുടെ നിർദ്ദേശപ്രകാരം "ചാതുൎമ്മാസ്യ"ക്കാലംകൊണ്ടുതന്നെ വാരിയർ ഭാഷ്യം മുഴുവനും മനസ്സിലാക്കി. ഈ അമാനുഷപ്രവൃത്തി കണ്ടു സന്തുഷ്ടനായ സ്വാമികൾ വാരിയരെ ഹൃദയപൂൎവ്വം അനുഗ്രഹിക്കയും "വാഗ്ദാസൻ, രാമാനന്ദനാഥൻ, പണ്ഡിതപാരശവേന്ദ്രൻ" എന്നിങ്ങിനെ മൂന്നു ബിരുദനാമങ്ങളെ അദ്ദേഹത്തിനു കല്പിച്ചുകൊടുക്കയും ചെയ്തു.*

ചാതുൎമ്മാസ്യം കഴിഞ്ഞു സ്വാമികൾ ഉത്തരദേശത്തിലേക്കെഴുന്നെള്ളി. മൂകാംബിവരെ വാരിയരും അദ്ദേഹത്തെ അനുഗമിച്ചു. സ്വാമികൾ അവിടെയും മൂന്നുമാസം താമസിക്കയും യോഗാഭ്യാസം സംബന്ധിച്ചും ആത്മവിദ്യയെ സംബന്ധിച്ചും പല രഹസ്യങ്ങളും വാരിയൎക്കു ഉപദേശിച്ചുകൊടുക്കുകയും ചെയ്തു. യമം, നിയമം മുതലായ അഷ്ടാംഗയോഗസിദ്ധികളിൽ വാരിയർ അനുഭവസ്ഥനായിത്തീൎന്നതു ഇക്കാലത്തായിരുന്നു. മൂകാംബിയിൽവെച്ചു വാരിയൎക്കു

*വാരിയർ പിന്നീടു വ്യാഖ്യാനിക്കയോ എഴുതുകയോ ചെയ്തിട്ടുള്ള പുസ്തകങ്ങളിലെല്ലാം "യോഗവിദ്യോപദേഷ്ടാവായ യോഗാനന്ദസ്വാമി അവർകളിൽനിന്നു സിദ്ധിച്ച നാമത്രയത്തോടുകൂടിയ രാമവാരിയർ വ്യാഖ്യാനിച്ചതു" എന്നു ചേൎത്തു കാണുന്നതു ഈ നാമത്രയത്തെ ഉദ്ദേശിച്ചു തന്നെയാണ്.

സ്വാമികളെ പിരിയേണ്ടിവന്നും ഒരു ദിവസം പ്രാസംഗികമായി ഗുരുദക്ഷിണയെപ്പററി സൂചിപ്പിച്ച അവസരത്തിൽ സ്വാമികൾ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നുവത്രെ:—"പണം തരാൻ നീ ശക്തനാല്ല; അതെനിക്കാവശ്യവുമില്ല. ഭഗവൽഗീതയ്ക്കു ഒരു പുതിയ ഭാഷ്യം നീ എഴുതണം. അതു നിനക്കേ ശരിയായി സാധിക്കു. ഈ കൃത്യം നീ നിൎവ്വഹിച്ചാൽ മതി. അതുതന്നെ ഗുരുദക്ഷിണയായി കരുതിക്കൊള്ളുക." പിന്നീടു കുന്നങ്കുളങ്ങര താമസിച്ചിരുന്ന കാലത്തു വാരിയർ ഗീതാഭാഷ്യം എഴുതിവന്നിരുന്നതായി ചിലർ പറയുന്നുണ്ടു്. പക്ഷെ, അതു പൂൎത്തിയാക്കിയതായോ അപൂൎണ്ണമായിട്ടെങ്കിലും അച്ചടിപ്പിച്ചതായോ അറിവില്ല. ഈ ഭാഷ്യത്തെ സംബന്ധിച്ചും, വാരിയരുടെ അമാനുഷതപത്തെ സ്ഥാപിക്കുന്നതിനായി ഒരു ചരിത്രലേഖകൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"രാമവാരിയരവർകൾ കുന്നങ്കുളങ്ങര താമസിച്ചിരുന്ന കാലത്തു ഗീതയുടെ ഭാഷ്യം എഴുതിവന്നിരുന്നതായി ധാരാളം അറിവുണ്ടു്. പക്ഷെ ഈ ഭാഷ്യം പൂൎത്തിയായതിനുശേഷം എന്തുചെയ്തു എന്നു ആൎക്കും ഒരു വിവരവുമില്ല. 'ഇതു എഴുതിത്തീൎന്ന ഉടനെ നമുക്കു അച്ചടിപ്പിക്കണ'മെന്നു കുത്തൂരപാറമേൽ ഉട്ടൂപ്പവർകൾ പലപ്പോഴും വാരിയരവർകളോടു പറയാറുണ്ടായിരുന്നു. സാധാരണയായി അദ്ദേഹം ഇതിനു യാതൊരു മറുപടിയും പറയാറില്ല. ഒരിക്കൽ നിൎബ്ബന്ധരീതിയിൽ 'എന്താ, ഭാഷ്യം ഇന്നിയും എഴുതിത്തീൎന്നില്ലല്ലോ. അതു് അച്ചടിപ്പിക്കാൻ വൈകി' എന്നു മിസ്റ്റർ ഉട്ടൂപ്പ പറഞ്ഞതിനു മറുപടിയായി 'ഇതു തൻെറ ആവശ്യപ്രകാരവും തൻെറ ചിലവിന്മേലും എഴുതുന്നതല്ല. ഇതു് എഴുതുന്നതു വേറെ ഒരാ

ളുടെ ആവശ്യപ്രകാരമാണ്. അദ്ദേഹത്തിന്റെ കല്പന പോലെ ചെയ്യും' എന്നു വാരിയർ ഗൌരവത്തോടുകൂടി മറുപടി പറഞ്ഞു. അതിനുശേഷം ഇക്കാര്യത്തെപ്പററി ആരും ചോദിച്ചിട്ടില്ല. ഇതിനെക്കുറിച്ച് വാരിയരവർകൾ ആരോടും ഒന്നും പറഞ്ഞിട്ടുമില്ല. ഭാഷ്യനിർമ്മാണാവസരത്തിൽ തനിക്കു സന്ദേഹങ്ങൾ നേരിടാറുണ്ടെന്നും സമാധിസമയങ്ങളിൽ ആ വക സംശയങ്ങൾക്കു നിവൃത്തികിട്ടാറുണ്ടെന്നും കഥാനായകൻതന്നെ പറഞ്ഞുകേട്ടിട്ടുണ്ട്. ഇതുകൊണ്ടും സംശയനിവൃത്തി കിട്ടാതെവന്ന ഒരു ഘട്ടത്തിൽ തന്നിവൃത്തിക്കായിക്കൊണ്ടു ചോളദേശത്തിലുള്ള മഹാപണ്ഡിതന്മാരിൽ ചിലൎക്കെഴുതി അയക്കയുണ്ടായി എന്നും അതിനു മറുപടിയായി ബദര്യാശ്രമത്തിനടുത്ത 'ഗംഗോത്രി' എന്ന തപാലാപ്പീസ്സിലെ മുദ്ര കുത്തിയ ഒരു കുറിക്കത്തു വന്നതിൽ മേല്പറഞ്ഞ സന്ദേഹത്തിന്റെ നിശ്ശേഷനിവൃത്തിയുണ്ടായിരുന്നു എന്നും ചോളദേശത്തുനിന്നു പിന്നീടു കിട്ടിയ മറുപടി സംശയാവിഷ്ടമായിരുന്നു എന്നും ഈ എഴുത്തുകളെല്ലാം ചിറളയത്തുതമ്പുരാൻ കണ്ടിട്ടുണ്ടെന്നും കഥാനായകന്റെ പ്രിയപുത്രനായ തൃക്കണ്ടിയൂരു രാമവാരിയർ എന്നോടു പറകയുണ്ടായി. ഭാഷ്യം ഇപ്പോൾ എവിടെയാണെന്നു അയാൾക്കും നിശ്ചയമില്ല. രാമഭാഷ്യത്തെക്കുറിച്ചു ഞാൻ പല അന്വേഷണങ്ങളും ചെയ്തു ഭഗ്നാശയനായിത്തീരുകയാണുണ്ടായത്. ഇത്രയും ഗൌരവമേറിയ ഒരു കാര്യത്തെ ഏതു നിലയിൽ കൊണ്ടുവെക്കണമെന്നറിയാതെ ചിന്താകുലനായി ഒരു രാത്രി ഞാനുറങ്ങുമ്പോഴുണ്ടായ സ്വപ്നം വിശ്വാസാൎഹമാണെന്നു വിചാരിക്കുന്നപക്ഷം, 'രാമഭാഷ്യം എഴുതിത്തീൎന്ന ഉടനെ ഹിമാലയത്തിലുള്ള സിദ്ധന്മാർ അതിനെ കൈവശ

പ്പെട്ടത്തി; കഥാനായകനും ആ സിദ്ധന്മാരുംകൂടി ഭാഷ്യം നോക്കി രസിച്ചുകൊണ്ടു് ഇപ്പോൾ ഹിമാലയത്തിലിരിക്കുന്നുണ്ടു്' എന്നു വിശ്വസിക്കാം........"

ഈ കഥ ഇന്നുള്ളവരിൽ എത്രപേർ വിശ്വസിക്കുമെന്നു എനിക്കറിഞ്ഞുകൂട. യോഗാനന്ദസ്വാമികൾ വാരിയരുടെ അപാരമായ പാണ്ഡിത്യം കണ്ടു ഗീതയ്ക്കു ഒരു വ്യാഖ്യാനം എഴുതിയാൽക്കൊള്ളാമെന്നു വാരിയരോടു പറഞ്ഞിരുന്നിരിക്കാം. തൻെറ സുപ്രസിദ്ധവും സുസമ്മതവുമായ വ്യാഖ്യാതൃത്വത്തിലുള്ള ദൃഢമായ ആത്മവിശ്വാസത്തോടുകൂടി വാരിയർ ഗീതയ്ക്കു ഒരു വ്യാഖ്യാനം എഴുതാൻ ആരംഭിച്ചിരുന്നുമിരിക്കാം; എന്തോ കാരണവശാൽ അതു പരിപൂർത്തിയെ പ്രാപിച്ചില്ലെന്നോ അഥവാ അച്ചുക്കൂടത്തിൽ എത്തിയില്ലെന്നോ വിചാരിക്കയാണു ജീവചരിത്രത്തെ സംബന്ധിച്ചിടത്തോളം ഉചിതമായിട്ടുള്ളതു. ഹിമാലയത്തിലെ സിദ്ധന്മാക്കു 'രാമഭാഷ്യം' കാണാതെ ഗീതയുടെ അത്ഥം മനസ്സിലാക്കാൻ സാധിക്കയില്ലെന്നുണ്ടോ? അക്കായ്യം എങ്ങിനെയെങ്കിലുമിരിക്കട്ടെ; രാമവാരിയർ ഗീതയെ ബഹുമാനിച്ചിരുന്നുവെന്നുള്ളതിനു തെളിവുണ്ടു്. ഭഗവൽഗീത കിളിപ്പാട്ടായി തർജ്ജുമചെയ്യണമെന്നു അദ്ദേഹത്തിനു മോഹമുണ്ടായിരുന്നു; അതിനു അദ്ദേഹം 'ഗണപതിക്കു കുറിക്കുക'യും ചെയ്തിരുന്നു. അതിൻെറ ഫലമാണു താഴെ കാണിക്കുന്നതു:—

"ശാരികുലത്തിന്നലങ്കാരഹീരമേ,
ശാരദാപാദാബ്ജ സേവൈക തൽപരേ,
ശാരികപ്പൈതലേ, സച്ചരിതാഢ്യേ വി-
ശാരദേ, ശ്രീ ചാരുമൂത്തേ, സുഭാഷിണി!
ഭാരതവൃത്തങ്ങൾ മിക്കതുമൊട്ടൊട്ടു

സാരാംശമാദായ ചൊല്ലി നീയെന്നതിൽ
വിരനാമർജ്ജുനൻ തന്നുടെ ചേതസി
ചേരാതവണ്ണം നിറഞ്ഞു ചമഞ്ഞൊരു
ഘോരവിഷാദങ്ങൾ ദൂരവേ നീങ്ങിട്ടു-
മാറു ഭഗവാനരുൾചെയ്തതിന്നതെ-
ന്നാരും ഗ്രഹിക്കേണ്ട ഞങ്ങളിലെന്നൊരു
നീരസഭാവം നിനക്കു വന്നീടുവാൻ
കാരണമെന്തെന്നു ഞാനറിഞ്ഞീല തൽ-
സാരം ഗ്രഹിപ്പാനെനിക്കുമിന്നാഗ്രഹം,
പാരം വളരുന്ന ദൈവാനുകൂലതാ
പോരങ്കിലെന്തു ഫലമതുണ്ടെങ്കിലും
വിശ്വത്തിലിക്കാണുമാറായതൊന്നുമേ
ശാശ്വതമല്ലെന്നു നിശ്ചിതമല്ലയോ ?
ഈശ്വരൻ തന്നുടെ മായയാ പിന്നെയു-
മാശ്വസിക്കുന്നു ചിലർ വിധിവൈഭവാൽ
ഗർഭവാസംമുതൽക്കൊത്തുനോക്കും വിധൗ
ദുർഭരമായൊരു ദുഃഖത്തിനന്തരം
എല്ലാസമയവുമുണ്ടാം സുഖമതി-
ദുർല്ലഭമെന്നതും വന്നുകൂട്ടും നൃണാം
ആലയമെന്നുള്ള ജാലത്തിൽ ബന്ധിച്ച
ബാലിശഭാവം മുഴുത്തു വൃഥാ ചില
വേലകൾ ചെയ്തു ചെയ്യേന്തെന്നറിയാതെ
കാലവശരായ് ചമയുന്നിതത്രയും
കഷ്ടമല്ലോ ഭുവി മർത്ത്യജന്മം പണി-
പ്പെട്ടു ലഭിച്ചാലതുകൊണ്ടു നേടണം
ഭക്തിയും മുക്തിയുമല്ലായ്കിലായവർ
മുക്തിയെ കൈക്കൊൾവതെന്നു, കഥയനി.

ദൃഷ്ടശ്രുതങ്ങളിൽ ദൃഷ്ടൗ നോക്കിയാ-
ലൊട്ടുമൊരന്തരം തോന്നുന്നതില്ല മേ.
ആസ്ഥയാ മോക്ഷാൎത്ഥിയായോരെനിക്കു നീ
പാൎത്ഥന്നു പണ്ടു മുകുന്ദനരുളിയ
വാക്യമെല്ലാമുപനിഷത്താകിലും
ശ്ലാഘ്യമായോരതിൻ താല്പൎയ്യമൊക്കവേ
വ്യക്തമാംവണ്ണം ഗ്രഹിപ്പിച്ചുകൊൾവതി-
ന്നുൾക്കാമ്പിലുണ്ടായ്വരേണമെന്നിൽ കൃപ.
സ്നിഗ്ദ്ധരാം ശിഷ്യൎക്കു ചൊല്ലുവോരല്ലയോ
ഗുഹ്യമായുള്ളതും പണ്ടുപണ്ടുള്ളവർ?
ഈവണ്ണമാഗ്രഹം കേൾപ്പിച്ച നേരത്തു
ഭാവപ്രസാദാലവരോടു സാദരം
കേട്ടാലുമെങ്കിലോ വാസുദേവോക്തികൾ
വാട്ടമകന്നുപോൽ ഘാതാദിയായെന്നു
ശാട്യം വെടിഞ്ഞു പറഞ്ഞു ശുകാംഗന
........................................................"

പ്രൊഫസ്സർ പി. ശങ്കരൻനമ്പ്യാരവർകൾ (എം. എ. ആണേഴ്സ്) കൈരളിയുടെ പത്രാധിപരായിരുന്ന കാലത്ത് ആ മാസികയുടെ ൬-ാം വാള്യത്തിൻെറ ൨൬-ാം പേജിൽ, 'മാളിയമ്മാവുകുഞ്ഞുവറിയതവർകൾ സദയം അയച്ചുതന്നതും ഉദ്ദേശം ൭൦ കൊല്ലങ്ങൾക്കു മുമ്പ് കവി (കൈക്കുളങ്ങര രാമവാരിയർ) സ്വന്തം കയ്യക്ഷരത്തിൽ എഴുതിയതുമായ ഒരു പഴയ കടലാസ്സിൽനിന്ന്: 'ഈ ഭാഗം മാത്രമേ ആ കടലാസ്സിലുള്ളു' എന്നുള്ള കുറിപ്പോടുകൂടി മേൽ ഉദ്ധരിച്ച വരികൾ പ്രസിദ്ധീകരിക്കയുണ്ടായിട്ടുണ്ട്. ഒരു സഹപത്രാധിപരെന്ന നിലയിൽ അന്നു കൈരളിയുമായി ബന്ധനായിരുന്നതുകൊണ്ട് ആ കൈയെഴുത്തുകാപ്പിത

ന്നെ കാണുന്നതിന് ഈ ലേഖകനും ഭാഗ്യമുണ്ടായിട്ടുണ്ടു. എന്നു മാത്രമല്ല, മിസ്റ്റർ കുഞ്ഞുവറിയതു ഈ ലേഖകനെയാണ് അതാദ്യമായി അന്നു കാണിക്കയുണ്ടായതു്. ഈ പരിഭാഷ മുഴുവനാക്കാൻ രാമവാരിയർ തുനിയാതിരുന്നതു കേരളീയരുടേയും മലയാളസാഹിത്യത്തിൻേറയും ദുർഭാഗ്യം കൊണ്ടാണെന്നേ പറയാൻ നിവൃത്തിയുള്ളു. പ്രാസംഗികമായ ഈ ഭാഗം ഇനിയും വിസ്തരിക്കാതെ നമുക്കു കവിയുടെ ജീവചരിത്രസംഭവങ്ങളെ തുടരാം.

യോഗാനന്ദസ്വാമികൾ മൂകാംബിയിൽനിന്നു ബദര്യാശ്രമത്തിലേക്കാണു യാത്രയ്ക്കൊരുങ്ങിയതു്. വാരിയർക്കും സ്വാമികളെ അനുഗമിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ സ്വാമികൾ അതിനനുവാദം നല്കിയില്ല; ശിഷ്യൻ സിദ്ധാന്തവും കുറച്ചില്ല. ഒടുവിൽ ശിഷ്യനെ വഞ്ചിച്ചുപോകാൻ ഗുരുനാഥനും തന്നെച്ചതിച്ചു പൊയ്ക്കളഞ്ഞേക്കുമെന്നു ശങ്കിച്ചു ശിഷ്യനും മൂന്നുനാലു ദിവസം ഉൽകണ്ഠാഭരിതരായി കഴിച്ചുകൂട്ടിയതായിട്ടാണു പറയപ്പെട്ടുന്നതു്. ഒരു ദിവസം ഗുരുനാഥൻ പെട്ടെന്നു അപ്രത്യക്ഷനായിരിക്കുന്നതായി കണ്ടു വാരിയർ വളരെ വ്യസനിച്ചുവെങ്കിലും ഗത്യന്തരമില്ലാത്തതിനാൽ അവിടെനിന്നു മടങ്ങേണ്ടിവന്നു. മൂകാംബിഭഗവതിക്കു പതിവായി ത്രിമധുരനൈവേദ്യം നടത്തുന്നതിനായി അഞ്ഞൂറു രൂപയും "കൈക്കുളങ്ങര രാമൻ" എന്ന പേരു കൊത്തിയ ഒരു വെള്ളിപ്പാത്രവും അവിടെ ദേവസ്വത്തിൽ കൊടുത്തേല്പിച്ചതിനു ശേഷമാണു അവിടെനിന്നു പുറപ്പെട്ടതു്. ആ വഴിവാടു ഇന്നും അവിടെ മുടങ്ങാതെ നടന്നുവരുന്നുണ്ടത്രെ.

മൂകാംബിയിൽനിന്നു "മായപ്പാടി കോവിലക"ത്തേക്കാണു അദ്ദേഹം വന്നുചേന്നതു്. കുറച്ചുകാലംകൂടി അവി

ടെ താമസിക്കയുണ്ടായി. "അവിടന്നു സ്വരാജ്യത്തേക്കു മടങ്ങുന്ന വഴിക്കു ചിറയ്ക്കൽ, കടത്തനാട്ടു മുതലായ രാജസ്വരൂപങ്ങളിൽ ഏതാനും ദിവസം താമസിച്ചതായി പറയപ്പെടുന്നു. താമസിയാതെ സ്വഗൃഹത്തിൽ വന്നുചേന്നു. പിന്നീടു അല്പകാലത്തേക്കു അങ്ങുമിങ്ങുമായി സഞ്ചരിക്കയുണ്ടായിട്ടുണ്ട്. അതു അകലെയെങ്ങുമല്ലെന്നേയുള്ളു. രാമവാരിയക്കു നാലു വേദങ്ങളിലും സാമാന്യപരിജ്ഞാനമുണ്ടായിരുന്നുവത്രെ! എവിടെവച്ചു ആരോടാണ് വേദാദ്ധ്യയനം നടത്തിയതെന്ന് ആക്കും നിശ്ചയമില്ല. അഥവാ, അതു ഗുരുവില്ലാത്ത വിദ്യയായിരിക്കുമോ? അതോ, യോഗാനന്ദസ്വാമികളിൽനിന്നുമഭ്യസിച്ചതോ? രണ്ടായാലും ഒരു അബ്രാഹ്മണനായ രാമവാരിയരുടെ വേദജ്ഞതയിൽ നമ്പൂതിരിമാക്കു അസാമാന്യമായ വെറുപ്പുണ്ടായിരുന്നു. വാരിയരുടെ പാണ്ഡിത്യത്തെ ഓത്തു ആരും അതു നേരിട്ടുപറയാൻ ധൈര്യപ്പെട്ടില്ല. എന്നാൽ തിരശ്ശീലയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള ശകാരം ധാരാളമുണ്ടായിരുന്നുതാനും. അക്കാലത്തു "വിജ്ഞാനചിന്താമണി" എന്ന സംസ്കൃതപത്രികയിൽ "വേദപാദന്യാസനംയേന കൃതംസ ഏവനിന്ദ്യഃ" എന്നു എഴുതിയിരുന്നതു രാമവാരിയരെ ഉദ്ദേശിച്ചായിരുന്നു. ഈ വിഷയത്തെപ്പററി വാരിയർ ശ്രീമാൻ ടി. സി. പരമേശ്വരൻ മൂസ്സതവർകളോടു ഒരിക്കൽ താഴെ കാണുംവിധം പറയുകയുണ്ടായിട്ടുണ്ടെന്നു മൂസ്സതവർകൾ ഒരിടത്തു രേഖപ്പെടുത്തിട്ടുണ്ട് "ബ്രഹ്മണൻ എന്നുവെച്ചാലാരാണു? അബ്രാഹ്മണൻ? ബ്രാഹ്മണ്യത്തെ ജനനംകൊണ്ടോ കർമ്മംകൊണ്ടോ കണക്കാക്കേണ്ടതു്? ഞാൻ കടവല്ലൂര് കൂത്തമ്പലത്തിലേക്കു വരുന്നില്ല. എൻെറ വേദജ്ഞാനത്തെ സ്വന്തം ആത്മാജ്ഞാന

ത്തിനുവേണ്ടി മാത്രമേ ഉപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്നുള്ളു. മാക്സ്മുള്ളർ ആരാണെന്നു ഈ നമ്പൂതിരിമാക്കറിയാമോ? ആ മഹാൻ വ്യാഖ്യാനിച്ച് ഇംഗ്ലണ്ടിൽ അച്ചടിപ്പിച്ച ഋഗ്വേദം എത്ര നമ്പൂതിരിമാർ വാങ്ങിയിട്ടുണ്ടു? അധികാരമില്ലാത്തവൻ വേദം പഠിക്കുന്നതു മഹാ പാപമാണെങ്കിൽതന്നെയും അതുകൊണ്ടുള്ള ദോഷം അനുഭവിക്കേണ്ടതു അയാളല്ലേ? നമ്പൂതിരിമാരല്ലല്ലോ. പിന്നെ എന്താണ്, മററുള്ളവർ വേദം പഠിക്കുന്നു എന്നോ പഠിച്ചു എന്നോ കേൾക്കുമ്പോൾ ഈ നമ്പൂതിരിമാർ ഇത്ര ലഹളകൂട്ടുന്നത്? അസൂയ ഒന്നു മാത്രമേ അതിനു കാരണമായി ഞാൻ കാണുന്നുള്ളു. അതിനു ചികിത്സയുമില്ല.'' അദ്ദേഹം വാസ്തവം തുറന്നുപറഞ്ഞു എന്നല്ലാതെ, ബ്രാഹ്മണദ്വേഷംകൊണ്ടാണു ഈ അഭിപ്രായം പറഞ്ഞതെന്നു വിചാരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, വാരിയർ തൻെറ ജീവിതത്തിൽ ബ്രാഹ്മണരെ വേണ്ടവിധം ബഹുമാനിക്കയും ആരാധിക്കയും ചെയ്തിരുന്നുവെന്നുള്ളതിനു ധാരാളം ലക്ഷ്യങ്ങളുണ്ട്.

ഒരു സബ്ബ് ജഡ്ജിയുടെ നിലയിൽ ഒടുവിൽ പെൻഷ്യൻ വാങ്ങിപ്പിരിഞ്ഞ ഉള്ളാട്ടിൽ അച്ച്യുതൻനായരവർകൾ, വെട്ടത്തുനാട്ടു മുൻസിഫ്പായിരുന്ന കാലത്ത് തൻെറ പ്രിയതമയായ പറുവക്കാട്ടു അമ്മുഅമ്മയെ സംസ്കൃതം പഠിപ്പിക്കുന്നതിനായി രാമവാരിയരെ ക്ഷണിച്ചുവരുത്തി തൃക്കണ്ടിയൂർ താമസിപ്പിച്ചിരുന്നു. അവിടെ കിഴക്കെച്ചിറയുടെ തെക്കേവക്കത്തുള്ള വാരിയത്താണു ഭക്ഷണത്തിനു പറഞ്ഞേല്പ്പാടുചെയ്തിരുന്നത്. അധികകാലം കഴിയുന്നതിനു മുൻപു ഈ വാര്യത്തെ കുട്ടിവാരസ്യാർ എന്ന സ്ത്രീരത്നത്തെ വാരിയർ യഥാവിധി ഭാര്യയായി സ്വീകരിച്ചു.

അതിനുശേഷം ചിറയുടെ വടക്കെ വക്കത്തു രാമവാര്യർ പണിയിച്ചുകൊടുത്ത ഭവനത്തിലാണു ഇപ്പോൾ ആ കുടുംബം താമസിക്കുന്നതു്. വാരിയത്തേക്കു പ്രത്യേകമായി ഒരു കഴകം വാങ്ങിക്കൊടുത്തതും അദ്ദേഹം തന്നെയായിരുന്നു. വാരിയരുടെ ഈ പ്രിയതമ ഒരു സഹധർമ്മചാരിണിയുടെ നിലയിലാണു അവസാനംവരെ പെരുമാറിയിരുന്നതു്. വാരിയർ കുന്നംകുളത്തും തൃശ്ശൂരും വന്നു താമസിച്ചിരുന്ന കാലത്തും ഈ സ്ത്രീരത്നം കൂടെ താമസിച്ചു് ഭർത്താവിനെ ഹൃദയപൂർവ്വം ശുശ്രൂഷിക്കയുണ്ടായിട്ടുണ്ടു്.

പരുവക്കാട്ടു അമ്മുഅമ്മയുടെ അദ്ധ്യാപകത്വത്തിനുശേഷം രാമവാരിയർ പ്രത്യക്ഷപ്പെടുന്നതു് കുന്നംകുളങ്ങരെയാണു്. ഒരു നിസ്സാരസംഭവമാണു അതിനു കാരണം. വാരിയർ പുന്നത്തൂർ താമസിച്ചിരുന്ന കാലത്തു കുന്നംകുളത്തു പനയ്ക്കൽ ചാക്കു ചേറുമുതലായ ചില ക്രിസ്ത്യാനികൾ വിദ്വാൻ പയ്യഴിനായരേയും രാമവാരിയരേയും ക്ഷണിച്ചുവരുത്തി ഒരു ശാസ്ത്രവാദം നടത്തിച്ചതിൽ വാരിയർ തോല്ക്കുകയും നായരുടെ പക്ഷക്കാർ ജയഭേരിമുഴക്കുകയും ചെയ്തിരുന്നു. പിന്നീടു വാരിയർ ദിക്സഞ്ചാരം കഴിഞ്ഞു യോഗാനന്ദസ്വാമികളുടെ ശിഷ്യത്വവും മററും സമ്പാദിച്ചു് നാട്ടിലേക്കു മടങ്ങിവന്നതിനുശേഷം കുന്നംകുളത്തുകാർ വീണ്ടും ഒരു പന്തയത്തിനു വട്ടംകൂട്ടി. അതിൽ അവിടത്തെ ക്രിസ്ത്യാനികൾ രണ്ടു കക്ഷിയായി പിരിഞ്ഞു. ഇത്തവണത്തെ വാദത്തിൽ വാരിയരാണു വിജയിയായതു്. എന്നു മാത്രമല്ല നായർ നിശ്ശേഷം തോററുപോകയും ചെയ്തു. വാരിയരുടെ കക്ഷിപിടിച്ചിരുന്നവരിൽ പ്രധാനിയായ കുത്തൂരുപാറമേൽ ഇയ്യുഉട്ടൂപ്പു് (ഗീതാഭാഷ്യം എഴുതിത്തിക്കാൻ വാരിയരെ നിർബ്ബന്ധിച്ചു് ശകാരംവാങ്ങിയതായി മു

ന്നൊരിടത്തു സൂചിപ്പിച്ചിട്ടുള്ളതു ഇദ്ദേഹത്തെപ്പററിത്തന്നെയാണ്) വാരിയരുടെ യോഗ്യതയും പാണ്ഡിത്യവും കണ്ടു വല്ലാതെ ഇളകിവശായി. അദ്ദേഹത്തിൻെറ നിർബ്ബന്ധപ്രകാരമാണു വാരിയർ ആദ്യമായി ചില പുസ്തകങ്ങൾക്കു വ്യാഖ്യാനമെഴുതിയതു്. അവയെല്ലാം സ്വന്തം ചെലവിന്മേൽ കൊച്ചി സെൻറുതോമസ് അച്ചുകൂടത്തിൽ ഉടപ്പു അച്ചടിപ്പിക്കയുംചെയ്തു. ഈ വക പുസ്തകങ്ങൾക്കു പൊതുജനങ്ങളിൽനിന്നു കിട്ടിയ സ്വാഗതം, പ്രസാധകന്മാരുടെ പ്രതീക്ഷയെ അതിക്രമിച്ചതായിരുന്നു. ആ സംഭവം ആ പുസ്തകവ്യാപാരിയുടെ ഉത്സാഹത്തെ വർദ്ധിപ്പിച്ചു. അദ്ദേഹം കുന്നംകുളത്തു "വിദ്യാരത്നപ്രഭ" എന്ന പേരിൽ സ്വന്തമായി ഒരച്ചുകൂടം സ്ഥാപിച്ചു ; വാരിയരെ കുടുംബസമേതം ക്ഷണിച്ചുവരുത്തി കുന്നംകുളത്തിനടുത്തുള്ള അഞ്ഞൂരു ക്ഷേത്രത്തിനു സമീപം തൻെറ വകയായി ഉണ്ടായിരുന്ന ഒരു ഗൃഹത്തിൽ താമസിപ്പിച്ചു. അവിടെ താമസിച്ചുകൊണ്ടാണ് വാരിയർ തൻെറ സാഹിത്യപരിശ്രമത്തിൽ സിംഹഭാഗവും നിവ്വഹിച്ചിട്ടുള്ളതു്.

ഇക്കാലത്താണ് മാളിയമ്മാവു് കുഞ്ഞുവറിയതവർകൾ സെൻറ്തോമസ് പ്രസ്സിൽനിന്നു വിദ്യാരത്നപ്രഭയിലേക്കു വന്നതു്. അവിടെവച്ചു് രാമവാരിയരുമായി പരിചയപ്പെട്ടുകയും ഒടുവിൽ വാരിയരുടെ ഒരു ഉററമിത്രമായിത്തീരുകയും ചെയ്തു. അക്കാലത്തു വാരിയരുടെ എഴുത്തുകാരൻ മിസ്റ്റർ കുഞ്ഞുവറിയതായിരുന്നു. വാരിയരുടെ സഹവാസംകൊണ്ടാണു തനിക്കു ഭാഷയിൽ അല്പമെങ്കിലും പരിചയം സിദ്ധിച്ചതെന്നു മിസ്റ്റർ കുഞ്ഞുവറിയതു ഈ ലേഖകനോടുതന്നെ പറഞ്ഞിട്ടുണ്ടു്. "വാസ്തവത്തിൽ മിസ്റ്റർ കുഞ്ഞുവറിയതിൻെറ സകലവിധ അഭ്യുദയങ്ങൾക്കും രാമ

വാരിയരും, വാരിയരുടെ യശസ്സിനെ ലോകമാസകലം പരത്തിയ പുസ്തകങ്ങൾ എഴുതിക്കുന്നതിലും അദ്ദേഹത്തിൻെറ ദിനകൃത്യങ്ങൾക്കു യാതൊരു ബുദ്ധിമുട്ടും കൂടാതെ നിവൎത്തിച്ചുകൊണ്ടുപോകുന്നതിലും മിസ്റ്റർ കുഞ്ഞുവറിയതും അന്യോന്യം കാരണഭൂതരാണെന്നു നിസ്സംശയം പറയാവുന്നതാണ്." ഉടപ്പവർകളുടെ ആവശ്യപ്രകാരം അക്കാലത്തു വാരിയർ വ്യാഖ്യാനിച്ച പുസ്തകങ്ങൾ അഷ്ടാംഗഹൃദയം, അമരകോശം മുതലായവയായിരുന്നു. എഴുത്തച്ഛൻെറ കിളിപ്പാട്ടുകളും മററും പിഴതീൎത്തച്ചടിക്കുന്നതിനും വാരിയർ സഹായിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ "വിദ്യാരത്നപ്രഭ" താമസിയാതെ സാമ്പത്തികനിലയിൽ ഒരു ഉയൎന്ന സ്ഥിതിയെ പ്രാപിച്ചു. ആയിടക്കു ആ പേരിൽ തന്നെ ഒരു നല്ല പുസ്തകശാലയും ആരംഭിക്കപ്പെട്ടു.

സുഖമായി ദിവസവൃത്തി കഴിക്കണമെന്നല്ലാതെ സമ്പാദിക്കണമെന്നുള്ള വിചാരം വാരിയക്കുണ്ടായിരുന്നില്ല. അതുകൊണ്ടു തൻെറ സാഹിത്യപരിശ്രമങ്ങൾക്കു കണക്കു പറഞ്ഞു പണം വാങ്ങുന്ന സമ്പ്രദായം അദ്ദേഹത്തിനില്ലായിരുന്നു. ഫാറത്തിനു എന്തോ ഒരു ചുരുങ്ങിയ പ്രതിഫലം നിശ്ചയിക്കപ്പെട്ടിരുന്നു. അതു ചിലവിനു പോരാതെ വന്നതിനാൽ ആവശ്യമുള്ള സമയങ്ങളിലൊക്കെ വേണ്ട പണവും സാമാനവും വാരിയർ പററുകയാണുണ്ടായതു്; കൊടുക്കുന്നതിന് പ്രസ്സുകാരും മടിച്ചിരുന്നില്ല. ഒടുവിൽ കണക്കുനോക്കിയപ്പോൾ രണ്ടായിരത്തോളം രൂപാ വാരിയരുടെപേരിൽ അധികപ്പററുള്ളതായി കണ്ടു. വാരിയരുടെ സാഹിത്യപരിശ്രമംകൊണ്ടു അനേകായിരം രൂപാ സമ്പാദിച്ച അച്ചുകൂടം ഉടമസ്ഥൻ, ഔദാൎയ്യത്തോടുകൂടി ആ സംഖ്യ മുഴുവൻ പാരിതോഷികമെന്ന നിലയിൽ വാരിയക്കു

വിട്ടുകൊടുത്തു എന്നാണു പറയപ്പെടുന്നതു. നമ്മുടെ ചരിത്രനായകൻ പണത്തെ തൃണംപോലെയാണു വിചാരിച്ചിരുന്നതെന്നുള്ളതിനു വേറെയും തെളിവുണ്ട്. പാലക്കാട്ടു കലക്ടരായിരുന്ന രത്നവേലുച്ചെട്ടി മലയാളം പഠിക്കുന്നതിനായി രാമവാരിയരെ അയച്ചുകിട്ടിയാൽ കൊള്ളാമെന്നു പൊന്നാനി ശിരസ്തദാരായിരുന്ന എം. കോന്തിമേനോൻ മുഖാന്തരം അന്വേഷിച്ചതിൽ തനിക്കു മനസ്സില്ലെന്നാണത്രെ വാരിയർ മറുപടികൊടുത്തത്. ധാരാളം പണവും ബഹുമാനവും കിട്ടാൻ വഴിയുള്ള ആ അപേക്ഷ ഉപേക്ഷിച്ചതെന്താണെന്നു ചില സ്നേഹിതന്മാർ വാരിയരോടു ചോദിച്ചു. അതിനു "അന്നന്നത്തെ ദിനകൃത്യം ബുദ്ധിമുട്ടാതെ കഴിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു. അതിനു ഇപ്പോൾ ഒരു വിധം സാധിക്കുന്നുണ്ട്. പിന്നെ, സാഹസിയും അല്പായുസ്സുമായ ഒരു ശിഷ്യനെക്കൊണ്ടു ഗുരുവിനു വലിയൊരു ഗുണമൊന്നും സിദ്ധിപ്പാനുമില്ല" എന്നായിരുന്നു വാരിയരുടെ മറുപടി. "രത്നവേലുച്ചെട്ടി തന്നത്താൻ വെടിവെച്ചു ആത്മഹത്യ ചെയ്തു"തായി താമസിയാതെ പത്രങ്ങളിൽ കാണുകയുമുണ്ടായി. വാരിയരുടെ ദീർഘദർശിത്വത്തിനു വേറെയും ഉദാഹരണങ്ങളുണ്ട്. ഒരിക്കൽ കാശ്മീരരാജാവിനു എന്തോ സുഖക്കേടു പിടിപെട്ടപ്പോൾ ഒരു മന്ത്രവാദിയേയും പ്രാശ്നികനേയും അയക്കുന്നതിനു അദ്ദേഹം കൊച്ചിരാജാവിനെഴുതി അയച്ചു. മന്ത്രവാദത്തിനു കല്പുഴ നമ്പൂതിരിപ്പാടിനേയും ചികിത്സക്കു രാമവാരിയരെയുമാണു ഗവർമ്മെണ്ടു തിരഞ്ഞെടുത്തത്. വിദേശയാത്രാവിമുഖനായ നമ്പൂതിരിപ്പാടിലേക്കു പരിഭ്രമമായി. രണ്ടായാലും കൂട്ടുകാരനോടാലോചിക്കാമെന്നു നിശ്ചയിച്ചു. "നാം പുറപ്പെടുന്നതിനു മുമ്പു കാശ്മീരരാജാവിന്റെ നിര്യാണവാർത്ത

യെപ്പററി കേൾക്കാറാകും", എന്നായിരുന്നു വാരിയരുടെ സമാധാനം. കൊച്ചിഗവമ്മെണ്ടുവക ചെലവിന്മേൽ രണ്ടു പേരെയും കാശ്മീരിലേക്കയക്കാൻ നിശ്ചയിക്കുകയും പുറപ്പെടാൻ നിശ്ചയിച്ചിരുന്നതിനു തലേദിവസം കാശ്മീരരാജാവു അന്തരിച്ചുപോയ വിവരത്തിനു ഗവമ്മെണ്ടിലേക്കു കമ്പി കിട്ടുകയും ചെയ്തുവത്രെ.

മിസ്റ്റർ കുഞ്ഞുവറിയതു എന്തോ കാരണവശാൽ ൧൦൬൦ മേടം ൩൧൦നു- വിദ്യാരത്നപ്രഭഅച്ചുകൂടം വിട്ടു വീണ്ടും കൊച്ചിസെൻറുതോമസ് പ്രസ്സിലേക്കു തന്നെ പോയി. അക്കാലത്തു അദ്ദേഹത്തിൻെറ ആവശ്യപ്രകരം ചില പുസ്തകങ്ങൾ സെൻറുതോമസ് പ്രസ്സിലേക്കും എഴുതി കൊടുത്തിട്ടുണ്ട്. സ്നേഹിതൻ, ആശ്രിതൻ, ശിഷ്യൻ, എഴുത്തുകാരൻ, സഹായകൻ എന്നി ഓരോ നിലയിൽ നോക്കിയാലും രാമവാരിയരുടെ ഒരു വലത്തുകൈയായി പെരുമാറിവന്നിരുന്ന മിസ്റ്റർ കുഞ്ഞുവറിയതു് കുന്നംകുളം വിട്ടതിനു ശേഷം ചരിത്രനായകനു് അവിടത്തെ താമസം പണ്ടത്തെപ്പോലെ അത്ര സുഖകരമായി തോന്നിയില്ല. ൧൦൬൨ മിഥുനം ൧൨൦നു- കുഞ്ഞുവറിയതു "കേരളകല്പദ്രുമം" മാനേജരായി തൃശ്ശൂർ താമസം ഉറപ്പിക്കയും ആ പ്രസ്സിലേക്കു വേണ്ടിയും ചില പുസ്തകങ്ങളൊക്കെ എഴുതണമെന്നു നിർബ്ബന്ധിച്ചതനുസരിച്ചു് വാരിയർ തൃശ്ശൂക്കു് താമസം മാററുകയും ചെയ്തു. ഉപനിഷദ്വ്യാഖ്യാതാവായ എ. കൃഷ്ണനെമ്പ്രാന്തിരി ചരിത്രനായകനിൽനിന്നു വ്യാകരണവും മററും അഭ്യസിച്ചതു് ഇക്കാലത്താണ്. ഷഡ്ഗോപാലാചാരിയുടെ അടുക്കൽനിന്നു വാരിയർ തക്കം അഭ്യസിക്കയും അദ്ദേഹത്തെ വ്യാകരണം അഭ്യസിപ്പിക്കുകയും ചെയ്തു. പരസ്പരം ഗുരുശിഷ്യബന്ധം സമ്പാദിച്ചതും ഇക്കാലത്തു തന്നെയായി

രുന്നു. സംസ്കൃതപാണ്ഡിത്യംകൊണ്ടു വാരിയക്കു സമ്മതനായ ഒരു കേരളീയൻ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മ അവർകൾ മാത്രമായിരുന്നു. അവർ രണ്ടുപേരും അകൃത്രിമമിത്രങ്ങളുടെ നിലയിലാണു കഴിഞ്ഞുവന്നിരുന്നതും. കേരളപാണിനി എന്ന പേരിൽ സുപ്രസിദ്ധനായ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ വിജ്ഞാനചിന്താമണി പത്രികയിൽ അക്കാലത്തു,

"മൗലൗ മാലാഹി മുക്താസ്രജഭുജലതയോ-
രന്തരാള പ്രദേശേ
ഫാലേ മാലേയപൂളീ തിലകകടിതടേ
ശാടയേത്ത്യൽകടായാ
ഉദപാഹേ ഭസ്മഭൂഷാജ്ജുഷ മലമചരീ-
കസ്തൂരാം കൃത്തിചേലം
സാസ്മാന്മന്ദസ്മിതശ്രീഗ്ഗിരിവര ദുഹിതുഃ
പാഹി പാഹിതിപായാൽ"

എന്ന ഒരു പദ്യം പ്രസിദ്ധപ്പെടുത്തുകയും ഇതിൽ വ്യാകരണദൃഷ്ട്യാ ചില അബദ്ധപ്രയോഗങ്ങളുണ്ടെന്നു രാമവാരിയർ ആക്ഷേപിക്കയും ചെയ്കയുണ്ടായി. ഒടുവിൽ അതു വലിയ ഒരു വാദപ്രതിവാദമായിത്തീന്നു. മഹാ മഹോപാദ്ധ്യായനും പണ്ഡിതശിരോമണിയുമായിരുന്ന ഗണപതിശാസ്ത്രികളെ മുൻനിറുത്തി കേരളവർമ്മവലിയകോയിത്തമ്പുരാൻ മുതലായവർ ഒരു ഭാഗവും വാരിയാർ തനിച്ചു മറെറാരു ഭാഗവുമായിട്ടാണു ഈ സമരം തുടങ്ങിയതു്. അന്നാണു് ഇരുകക്ഷികളുടെയും അഗാധമായ വ്യാകരണപാണ്ഡിത്യവും മഹാഭാഷ്യാദികളിലുള്ള അതലസ്പശിയായ ദൃഢപരിചയവും പ്രത്യക്ഷപ്പെട്ടതു്. സാഹിത്യസാമ്രാജ്യ സാർവ്വഭൗമനായിരുന്ന വലിയകോയിത്തമ്പുരാനു് ര

മവാരിയരെ അഭിമുഖമായി കണ്ടാൽ കൊള്ളാമെന്നു മോഹമുണ്ടായതും അന്നുമുതൽക്കായിരുന്നു. തൃശ്ശിവപേരൂർ വെച്ചു പിന്നീടൊരിക്കൽ അവർ പരസ്പരം കൂട്ടിമുട്ടുകയും ഇരുകൂട്ടരും ഹൃദയപൂർവ്വം അന്യോന്യം അഭിനന്ദിക്കയും ചെയ്തു. ഈ സ്നേഹം വച്ചുകൊണ്ടാണ്, ൧൦൭൦ കന്നിയിൽ തിരുവനന്തപുരത്തുവെച്ചു കൂടിയ ഭാഷാപോഷിണിസഭയ്ക്കു, സിക്രട്ടറിയായിരുന്ന വറുഗീസ്സുമാപ്പിളയെക്കൊണ്ടു വാരിയരെ പ്രത്യേകം ക്ഷണിപ്പിച്ചത്. വാരിയരെ കൂട്ടിക്കൊണ്ടു പോരണമെന്നു കാണിച്ച് മിസ്റ്റർ കുഞ്ഞുവറിയതിനു പ്രത്യേകം കമ്പിയുമടിച്ചിരുന്നു. പക്ഷേ, വാരിയർ അന്നു തൃക്കണ്ടിയൂക്കു പോയിരുന്ന സമയമായിരുന്നതിനാൽ സഭയ്ക്കു പോകുന്നതിനു തരപ്പെട്ടില്ല.

പത്രാധിപരുമായുള്ള മമതാബന്ധം നിമിത്തം വാരിയർ വിജ്ഞാനചിന്താമണിക്കു ചിലപ്പോഴൊക്കെ വല്ലതുമൊക്കെ എഴുതി അയക്കാറുണ്ടായിരുന്നു. ഒരിക്കൽ താഴെ കാണിക്കുന്ന ഒരു മംഗളപദ്യം അദ്ദേഹം എഴുതിയിരുന്നു.

"അഭിനവനവനീതമുഷേ
ഘോഷവധൂടീസ്തനോത്തരീയ കൃഷേ
ശിഖിപിഞ്ഛശേഖരജുഷേ
ശിശവേ കസ്മൈചിദവ്യയായനമഃ

ഇതു വായിച്ചു ചിലർ "തുരീയ പാദാവസാനത്തിലും ഒരു 'നമുഷേ' എന്നോ മററോ ചേർത്തിരുന്നെങ്കിൽ കുറേക്കൂടി ഇമ്പം തോന്നുമായിരുന്നു" എന്നു അഭിപ്രായപ്പെടുകയുണ്ടായി. ഇതു കേട്ട ഉടനെ, "അങ്ങിനെയാണോ? ഷയുടെ പെട്ടി തുറക്കാത്തതുകൊണ്ടാണു അതു പററിയത്. ഇതാ, വേറൊന്നിരിക്കട്ടെ" എന്നു പറഞ്ഞു താഴെ പക

ത്തുന്ന മററൊരു മംഗളശ്ലോകം വാരിയർ എഴുതി കൊടുക്കുകയുണ്ടായത്രേ!

"ശേഷേശയായ വിദ്വേഷേ
വേഷേണാഭീര ബാലസാമ്യജുഷേ
രോഷാദ്വല്യൂഖല കൃഷേ
ഘോഷപൃഷേ രോചിഷേ നമോജ്ജനുഷേ"

കവിതാരൂപത്തിൽ വാരിയർ അധികമായിട്ടൊന്നും എഴുതിയിട്ടുള്ളതായി അറിയുന്നില്ല. അതു അശക്തികൊണ്ടല്ലെന്നുള്ളതു സ്പഷ്ടമാണ്. നമുക്കു കിട്ടിയിട്ടുള്ള ഒററശ്ലോകങ്ങൾ തന്നെയാണു ഇതിനു ഉത്തമമായ ലക്ഷ്യം. ശ്രവണം (തിരുവോണം) എന്ന വാക്കിൻെറ അർത്ഥം ഗ്രഹിക്കാത്ത പരദേശശാസ്ത്രികളെ രാമവാരിയർ താഴെ കാണിക്കുന്ന ശ്ലോകംകൊണ്ടാണത്രെ തോല്പിച്ചുകളഞ്ഞതു്.

ശ്രവണസ്യ കഥാശ്രവണേപി സുധാ
ശമനാലയഗാ ശമനേയമിതി;
സുരതാപി മഹിസുരതാസു രതാ
സുരതാസുരതാപി പദാവനതാ*

---

*അർത്ഥം:—ശ്രവണസ്യ (തിരുവോണത്തിൻെറ) കഥാശ്രവണേ അപി (വിവരണം കേട്ടതുകൊണ്ടു തന്നെ) ശം (സുഖം) അനേയം (അപ്രാപ്യം) ഇതി (എന്ന് വിചാരിച്ച്) സുധാ (അമൃത്) ശമനാലയഗാ (കാലപുരിയിലേക്കു പോയി; നശിച്ചു.) അസുരതാഅപി (ജീവനിൽ കൊതിയുള്ളതാണെങ്കിലും) സുരതാ (സുഖാനുഭോഗതല്പരമായ) സുരതാ (ദേവസംഘം) മഹിസുരതാസു) ബ്രാഹ്മണത്വത്തിൽ) രതാ (ആഗ്രഹമുള്ളതായിത്തീർന്നിട്ട്) പദാവനതാ (ഭൂമിയിലേക്കു ഇറങ്ങിവന്നു.)

അമൃതിനേക്കാൾ നല്ലതു ചിങ്ങമാസത്തിൽ തിരുവോണത്തിൻെറ വിഭവങ്ങളാണെന്നു നിശ്ചയിച്ച് അതിൽ കൊതിച്ച ദേവകൾ ബ്രാഹ്മണരൂപത്തിൽ ഭൂമിയിൽ വന്നുചേൎന്നു എന്നു താല്പൎയ്യം.

(കൈരളി പു. ന്നു. ല. ന.)

വാരിയർ പരുവക്കാട്ടു അമ്മുഅമ്മയെ പഠിപ്പിച്ചു താമസി ച്ചിരുന്ന കാലത്തു വിജ്ഞാനചിന്താമണിയിൽ "ബദ്ധോ ഹിനാഗോജ്ജലവിന്ദുനാസിൽ" എന്ന ഒരു വിഷമസമസ്യ പ്രസിദ്ധീകരിച്ചിരുന്നു. അതു കണ്ടപ്പോൾ മുൻസിപ്പ് അച്ചുതൻനായരവർകൾ "ഇതു മഹാ വിഷമമാണല്ലോ. ഇതെങ്ങിനെയാണു പൂരിപ്പിക്കുക ?" എന്നു ചോദിക്കുക യും തൽക്ഷണംതന്നെ വാരിയർ അതിനെ ഇങ്ങിനെ പൂരി പ്പിച്ചു കേൾപ്പിക്കയും ചെയ്തു.

"സിംഹാൽ ഭിയാനുവ്രജതഃ പ്രധാവൻ
സാകം കരിണ്യാ പഥി നിഷ്പതന്ത്യാഃ
ഗത്തേതി ശോകാന്നയനസ്രുതാസ്യാ
ബദ്ധോഹിനാഗോ ജ്ജലവിന്ദു നാസിൽ"

ഇങ്ങിനെ പല അവസരങ്ങളിലായി അദ്ദേഹം പല ശ്ലോ കങ്ങളും ഉണ്ടാക്കീട്ടുള്ളതായി കേട്ടിട്ടുണ്ട്. പക്ഷെ, അവ യെല്ലാം അങ്ങുമിങ്ങും കിടന്നു നശിച്ചുപോയിരിക്കാനാണു എളുപ്പം. സംസ്കൃതഭാഷയുടെയും വ്യാകരണത്തിൻെറയും സാമർത്ഥ്യത്താൽ ഏതു നിരർത്ഥകപദത്തിനും സാർത്ഥകതപം കല്പിക്കാൻ സാധിക്കുമെന്നു അദ്ദേഹം പലപ്പോഴും കളിയാ യി പറയാറുണ്ടായിരുന്നു. ഒരു ദിവസം ചമ്പത്തിൽ ചാ ത്തുക്കുട്ടിമന്നാടിയാർ അവർകളും വാരിയരുംകൂടി ഓരോ നേരമ്പോക്കു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ "അർത്ഥമില്ലാ ത്ത ശ്ലോകമില്ല" എന്നു വാരിയർ പറയുകയും തൽക്ഷണം മന്നാടിയാർ പരസ്പരാനപേക്ഷങ്ങളായ കുറെ വെറുംപദ ങ്ങളെ കൂട്ടിച്ചേർത്തു വൃത്തബന്ധംമാത്രമുള്ള ഒരു ശ്ലോകം ഉ ണ്ടാക്കിച്ചൊല്ലുകയും കുറച്ചുസമയത്തിനുള്ളിൽ ആ ശ്ലോക ത്തിനു ഒരു വ്യാഖ്യാനം ഉണ്ടാക്കി പറഞ്ഞു വാരിയർ മന്നാടി യാരെ അത്ഭുതപരതന്ത്രനാക്കുകയും ചെയ്തതായി ഒരൈതി

ഹ്യമുണ്ട്. വിജ്ഞാനചിന്താമണിയിൽ വ്യാഖ്യേയപദ്യങ്ങളുടെ കൂട്ടത്തിൽ ഒരിക്കൽ ടി. സി. പരമേശ്വരൻ മൂസ്സതവർകൾ ഇതുപോലെയുള്ള ഒരു ശ്ലോകം പ്രസിദ്ധീകരിക്കയും ഒന്നുരണ്ടു ലക്കങ്ങളിൽ അതിനെ ആരും വ്യാഖ്യാനിച്ചു കണ്ടാതിരുന്നതിനാൽ പ്രത്യേകാപേക്ഷപ്രകാരം വാരിയർ അതു വ്യാഖ്യാനിക്കയും ചെയ്തിട്ടുണ്ടെന്നുള്ളതിനു സാക്ഷികളുണ്ട്. ഇങ്ങിനെ കവിതാസംബന്ധമായ ചരിത്രനായകന്റെ നൈപുണിയെ വിവരിച്ചൊടുക്കാൻ സാധിക്കയില്ല. അദ്ദേഹം വിനോദത്തിനായി ഉണ്ടാക്കിയതായി കേട്ടിട്ടുള്ള രണ്ടുമൂന്നു മലയാളപദ്യങ്ങളുംകൂടി ഉദ്ധരിച്ചു ഈ ഭാഗം ഉപസംഹരിച്ചേക്കാം:—

കെട്ടും ഭുജാലതകൾകൊണ്ടിവളാഞ്ഞൊരിക്കൽ,
കൂട്ടും കടക്ഷാവടികൊണ്ടടി മററൊരിക്കൽ,
പെട്ടെന്നു വാഗമൃത വീചിയിലിട്ടു മുക്കും,
നട്ടന്തിരിച്ചിലിവിടെപ്പലതുണ്ടു പാർത്താൽ.

ജലജപതി മറഞ്ഞതില്ല മുററും
തവമുടികൊണ്ടു നിറഞ്ഞു കൂരിരുട്ടും
അതിനിടയിൽ മുഖേന്ദു വന്നുദിച്ചി-
ട്ടതിനെ നിജേന ബലേന പിന്നിലാക്കി.

ഹന്ത കേൾക്ക മമ കാന്തതൻ മഹിമ; ചിന്തു
പാട്ടുമതു കേൾക്കിലോ;
പന്തുപോലെ മുല, കുന്തൽ മഞ്ജു, ഗതിഗന്ധ
കുഞ്ജരസമം സഖേ!
ചാൺതികഞ്ഞ മിഴി, തേൻ കലന്ന മൊഴി, ചാന്ത-
ണിഞ്ഞ നിടിലസ്ഥലം,
ബന്ധനങ്ങൾ പലതുണ്ടു തത്ര തരുണാന്ത-
രംഗമതിനിങ്ങിനെ.

വാരിയരുടെ സ്വഭാവം ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു എന്നു പറയാതെ നിവൃത്തിയില്ല. അത്ര സ്നേഹമാകട്ടെ ബദ്ധവിരോധമാകട്ടെ ഒരാളോടും ഉണ്ടായിരുന്നില്ല. പ്രശാന്തഗംഭീരതയാണ് മിക്കപ്പോഴും പ്രകാശിച്ചിരുന്നത്. ചിരിക്കുക വളരെ അപൂർവ്വമാണ്. ഒരു കാര്യത്തിൽ മാത്രം അദ്ദേഹത്തിനു മുൻകോപമുണ്ടായിരുന്നു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ശിഷ്യന്മാർക്കു ഒരേ കാര്യം വീണ്ടും വീണ്ടും പറഞ്ഞുകൊടുക്കുന്ന സ്വഭാവം അദ്ദേഹത്തിനു തീരെയുണ്ടായിരുന്നില്ലെന്നു മാത്രമല്ല, അക്കാര്യത്തിൽ കഠിനമായ വൈരാഗ്യവുമുണ്ടായിരുന്നുവത്രെ. "ഒരിക്കൽ പറഞ്ഞുകൊടുക്കും. തിരക്കിയാൽ ഒരിക്കൽക്കൂടി; മൂന്നാമതു ചോദിച്ചാൽ കിട്ടുന്നതു ആട്ടായിരിക്കും" എന്നാണ് അദ്ദേഹവുമായി അടുത്തു പരിചയമുള്ള ഒരാൾ പറഞ്ഞു കേട്ടിട്ടുള്ളത്. അത്രമേൽ പ്രസിദ്ധനായിരുന്ന ഒരു പണ്ഡിതശിരോമണിക്കു ഇത്ര ചുരുങ്ങിയ ശിഷ്യസമ്പത്തു മാത്രമുണ്ടായിരുന്നതു ഇക്കാരണംകൊണ്ടു തന്നെയായിരിക്കാം. അടുത്തു പരിചയിച്ചിട്ടുള്ളവരിൽ മാളിയമ്മാവുകുഞ്ഞുവാരിയതിനോടു മാത്രമേ ഒരിക്കലെങ്കിലും കോപിക്കാതിരുന്നിട്ടുള്ളൂ. വളരെക്കാലം ശുശ്രൂഷിച്ചും അനുവർത്തിച്ചും അടുത്തു കഴിച്ചുകൂട്ടിയിട്ടുള്ള ഭാര്യക്കുപോലും അദ്ദേഹത്തിൻെറ സ്വഭാവം ഇന്നതരത്തിലുള്ളതാണെന്നു ഖണ്ഡിച്ചുപറയാൻ കഴിഞ്ഞിട്ടില്ലത്രെ.

അദ്ദേഹം ആദ്യവസാനം ഒരു വലിയ ആസ്തികനായിരുന്നു എന്നുള്ളതിനു സംശയമില്ല. അവസാനകാലംവരെ മുടങ്ങാതെ കഴിച്ചിരുന്ന വ്യാസപൂജതന്നെ ഇതിനൊരു ഉത്തമദൃഷ്ടാന്തമാണ്. "വെളുത്തനവമിദിവസം ഗണപതി, സരസ്വതി, വ്യാസൻ, ദക്ഷിണാമൂർത്തി, സിദ്ധയോഗിശ്വരൻ ഇങ്ങനെ അഞ്ചുമൂർത്തികളെ സ്വ

സ്ഥിപത്മത്തിൽ ആവാഹിച്ച് ബ്രാഹ്മണരെക്കൊണ്ടു പൂജിപ്പിക്കയും അവസാനത്തിൽ ഒരു ബ്രാഹ്മണനെയെങ്കിലും കാൽകഴുകിച്ചൂട്ടുകയും പതിവായിരുന്നു.'' ഇക്കാര്യത്തിൽ വാരിയർ കാണിക്കാറുണ്ടായിരുന്ന ശ്രദ്ധയും ഭക്തിയും അസാധാരണമായിരുന്നു. നവരാത്രികാലത്തു പ്രതിപദം മുതൽ ദശമിവരെയും മററുകാലങ്ങളിൽ ശുക്ലനവമി ദിവസവും ആയിരുന്നു ഇതിനുള്ള സങ്കല്പിതകാലം. നാരായണീയം, വാഗാനന്ദലഹരി, വാമദേവസ്തവം, ശിവശക്തി, സപ്തശതി, ദേവീമാഹാത്മ്യം മുതലായ കൃതികളുടെ വിസ്തൃതവ്യാഖ്യാനങ്ങൾ വാരിയരുടെ ആസ്തികത്വത്തിനുള്ള മററു ലക്ഷ്യങ്ങളാകുന്നു.

ചരിത്രനായകൻെറ ഗ്രന്ഥകർത്തൃത്വംകൊണ്ടു കണക്കാക്കി നോക്കുന്നപക്ഷം, അദ്ദേഹത്തിനു അജ്ഞാതമായി വല്ല വിഷയവും ഉണ്ടായിരുന്നുവോ എന്നുതന്നെ സംശയമാണ്. ശ്രീരാമോദന്തം, രഘുവംശം, കുമാരസംഭവം, മാഘം, നൈഷധം, യുധിഷ്ഠിരവിജയം, ശ്രീകൃഷ്ണവിലാസം മുതലായ അനവധി കാവ്യങ്ങൾക്കു വാരിയർ വിശദവും വിസ്തൃതവുമായ വ്യാഖ്യാനങ്ങൾ എഴുതിട്ടുണ്ട്. ഇന്നു സംസ്കൃതപിപഠിഷുക്കൾക്കു പ്രഥമപാഠമെന്ന നിലയിൽ അത്യന്തോപകാരിയായി തീൎന്നിട്ടുള്ള "സിദ്ധരൂപം'' രാമവാൎയ്യരാണു രൂപപ്പെടുത്തിയതു്; ഇന്നത്തെ നാട്ടുവൈദ്യന്മാരിൽ അധികംപേരും രാമവാരിയരുടെ അഷ്ടാംഗഹൃദയവ്യാഖ്യാനംകൊണ്ടു കഴിഞ്ഞുകൂടുന്നവരാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല; ജ്യോത്സ്യന്മാൎക്കു ഏകാവലംബമായിത്തീൎന്നിട്ടുള്ളതും വാരിയരുടെ വ്യാഖ്യാനത്തോടു കൂടിയ ഹോരാശാസ്ത്രമത്രെ. ഹോര വ്യാഖ്യാനിക്കുന്നതിൽ രാമവാരിയർ കാണിച്ചിട്ടുള്ള സാമൎത്ഥ്യവും അനുഭ

വിച്ചിട്ടുള്ള ബുദ്ധിമുട്ടും ചില്ലറയൊന്നുമല്ല; ജ്യോതിഷസംബന്ധമായി അതുവരെ പുറപ്പെട്ടിട്ടുള്ള പുസ്തകങ്ങളത്രയും പരിശോധിച്ചിട്ടാണു അദ്ദേഹം ഹോര വ്യാഖ്യാനിച്ചിട്ടുള്ളത്. വ്യാഖ്യാനത്തിനിടയ്ക്കു നിർദ്ദേശിച്ചിട്ടുള്ള ചില ഗ്രന്ഥങ്ങൾ ഇന്നു കണികാണാൻ പോലുമില്ലാതായിരിക്കുന്നു. വാരിയർക്കു അവയൊക്കെ എവിടെനിന്നു കിട്ടി എന്നു ആക്കും നിശ്ചയവുമില്ല. അമരം ബാലബോധിനിയും ബാലപ്രിയയും ഇന്നും കുടിപ്പള്ളിക്കൂടങ്ങളിലെ അക്ഷയനിധികളാകുന്നു. തക്കസംഗ്രഹം, സിദ്ധാന്തകൗമുദി, സംഗീതശാസ്ത്രം, സാമുദ്രികാശാസ്ത്രം ഇവയും വാരിയരുടെ വ്യാഖ്യാനങ്ങൾക്കു വിധേയങ്ങളായിത്തീൎന്നിട്ടുണ്ട്. ചുരുക്കത്തിൽ രാമവാരിയരാൽ ഉണ്ടാക്കപ്പെട്ടവയും വ്യാഖ്യാനിക്കപ്പെട്ടവയും ആയി അൻപതോളം പുസ്തകങ്ങൾ മലയാളത്തിൽ ഉണ്ടെന്നുപറഞ്ഞാൽ ആ മഹാശയൻ മലയാളഭാഷയ്ക്കു ചെയ്തിട്ടുള്ള ഉപകാരം എത്രമാത്രമാണെന്നു ഏകദേശം ഊഹിക്കാമല്ലോ.

രാമവാര്യർ എഴുതിട്ടുള്ള ഗ്രന്ഥങ്ങളുടെ മാഹാത്മ്യം അതുകളുടെ എണ്ണത്തെ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്. വണ്ണംകൊണ്ടുനോക്കിയാലും അവ മഹത്തരങ്ങളാകുന്നു. സംസ്കൃതഭാഷയിലെ പ്രഥമപാഠമായ സിദ്ധരൂപം മുതൽ ബൃഹത്ത്രയിയിൽപെട്ട നൈഷധമഹാകാവ്യംവരെ പറയത്തക്ക പരസഹായം കൂടാതെ ബുദ്ധിമാനായ ഒരാൾക്കു പഠിക്കുന്നതിനു വേണ്ട സൌകൎയ്യമെല്ലാം വാര്യർ ഉണ്ടാക്കിവെച്ചിട്ടുണ്ട്. ഈ മാൎഗ്ഗത്തിൽക്കൂടി സഞ്ചരിച്ച് അടിയുറച്ച പാണ്ഡിത്യംസമ്പാദിച്ചിട്ടുള്ള പലരേയും ഇന്നു നമുക്കു കേരളത്തിൽ കാണാൻകഴിയും. ഇതുപോലെ ജ്യോതിഷത്തിൽ സ്വന്ത ശ്രമംകൊണ്ടു ഒരാൾക്കു സാമാന്യമായ

ഒരു ജ്ഞാനം സമ്പാദിക്കാൻ സാധിക്കത്തക്കവിധത്തിൽ അത്രമേൽ വിശദവും വിസ്തൃതവുമായിട്ടാണ് ഹോരാശാസ്ത്രത്തെ വ്യാഖ്യാനിച്ചിട്ടുള്ളതെന്നു മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. സാരാത്ഥദപ്പണമെന്നും ഭാവപ്രകാശമെന്നുമുള്ള പേരുകളോടുകൂടി വാരിയർ അഷ്ടാംഗഹൃദയത്തിനെഴുതിയിട്ടുള്ള രണ്ടുവ്യാഖ്യാനങ്ങൾ കേരളീയൎക്കു എത്രമാത്രം ഉപകാരപ്രദങ്ങളായിത്തീൎന്നിട്ടുണ്ടെന്നു്, ഇന്നത്തെ നാട്ടുവൈദ്യന്മാരിൽ ഒരു വലിയ ഭൂരിപക്ഷം അനുഭവംകൊണ്ടുതന്നെ തെളിയിക്കുന്നുണ്ടു. *രാമവാൎയ്യരുടെ വ്യാഖ്യാനങ്ങൾ ചില പുസ്തകവ്യാപാരികളെ സമ്പന്നന്മാരും പല കേരളീയരേയും വ്യുല്പന്നന്മാരും ആക്കിത്തീൎക്കുകമാത്രമല്ല ചെയ്തിട്ടുള്ളതു്. അനവധി ആളുകളെ ജീവികാസമ്പാദനത്തിനു യോഗ്യന്മാരും ആക്കിത്തീൎത്തിട്ടുണ്ടു. കേരളത്തിലെ ജനസമുദായത്തെ സംബന്ധിച്ചിടത്തോളം ഇതു വലിയ ഒരനുഗ്രഹമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ കേരളഭാഷാപോഷണത്തിനും കേരളീയ ദാരിദ്ര്യ ശോഷണത്തിനുമുള്ള ഒരൊററ മൂലികാപ്രയോഗംകൊണ്ടു നമ്മെ അനുഗ്രഹിച്ച കൈക്കുളങ്ങര രാമവാൎയ്യരെ നാം എത്രമാത്രം പുകഴ്ത്തിയാൽ മതിയാകും?

൧൦൬൭ മേടം ൨൭ നു- തൃശ്ശിവപേരൂർവെച്ചു കൂടിയ ഭാഷാപോഷിണിസഭയിൽ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തതു രാമവാൎയ്യരെയായിരുന്നു. അന്നു അദ്ദേഹം ചെയ്ത ഉപക്രമപ്രസംഗം സാരംകൊണ്ടും സാരസ്യംകൊണ്ടും ഗണനീയവുമായിരുന്നു. ഒരിടത്തടങ്ങിയിരുന്നു മററുവല്ലവരും എഴുതിയിട്ടുള്ള പുസ്തകങ്ങളെ വ്യാഖ്യാനിക്കാൻമാ

---

*"ആരോഗ്യകല്പദ്രുമം" ബാലചികിത്സ അദ്ദേഹം സ്വന്തമായി എഴുതിയ ഒരു വൈദ്യഗ്രന്ഥമാണ്.

ത്രമല്ല, ഭാഷാവിഷയികമായി അഗാധമായി ചിന്തിക്കാനുംകൂടി അദ്ദേഹത്തിനു വശമുണ്ടായിരുന്നുവെന്നു തെളിയിക്കുന്നതിനു ആ അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു നൂതനപദസൃഷ്ടിയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ അഭിപ്രായം ഇവിടെ ഉദ്ധരിക്കാം—

"ഭാഷയെ പോഷിപ്പിക്കേണ്ടതു എങ്ങിനെയാണെന്നാണു ഇനി ആലോചിക്കേണ്ടത്. മലയാളഭാഷയുടെ പ്രധാനന്യൂനത പദങ്ങളുടെ ദൗർല്ലഭ്യമാണ്. മലയാളത്തേക്കാൾ ഉൽകൃഷ്ടങ്ങളായ ഭാഷകളിൽ പാണ്ഡിത്യമുള്ളവർക്കു അവരുടെ അഭിപ്രായങ്ങൾ മുഴവൻ വെളിപ്പെടുത്തുന്നതിനു വേണ്ട പദങ്ങളെ സൃഷ്ടിക്കയാണ് നാം മുഖ്യമായിവേണ്ടത്. ആ സംഗതിയിൽ അഭിപ്രായഭേദങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഈ ആവശ്യത്തിനായി പുതിയ പദങ്ങളെ നിർമ്മിക്കുന്നതിനേക്കാൾ അവയെ മററു ഭാഷകളിൽനിന്നു സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നാണു എൻെറ അഭിപ്രായം. സംസ്കൃതത്തിലൊ ഇംഗ്ലീഷിലൊ പാണ്ഡിത്യമുള്ളവർ അവരുടെ വിവക്ഷപോലെ വേണ്ട പദങ്ങളെ അതാതുഭാഷകളിൽനിന്നുതന്നെ എടുത്താൽ, ഒരത്ഥത്തിനു ഒരു വാക്കുതന്നെ സാവ്വത്രികമായി നടപ്പിലാവുകയും ആ വാക്കുകൾക്കു വേറെ അത്ഥങ്ങളോ ധ്വനികളോ ഇല്ലാതിരിക്കുകയും ചെയ്യുമെന്നുള്ള ഒരു മെച്ചം ഇക്കായ്യത്തിൽ പ്രത്യേകമായിട്ടുണ്ടായിരിക്കും..."

സാങ്കേതികപദസൃഷ്ടിയാൽ ഈ അഭിപ്രായത്തെ പ്രബലമായി പിൻതാങ്ങുന്ന ഒരു കക്ഷി ഇന്നുമുണ്ടല്ലോ. ഇങ്ങനെ ഏതു വിഷയത്തെ സംബന്ധിച്ചു നോക്കിയാലും ചരിത്രപുരുഷൻെറ ജ്ഞാനം അഗാധവും അപാരവുമായിരുന്നു എന്നു കാണാം

വാര്യർക്ക് എത്രയും പ്രിയപ്പെട്ട ഒരു പുത്രി തൃശ്ശൂർവെച്ചു അകാലമൃത്യുവിന്ന് ഇരയായിത്തീൎന്നതുമുതൽ അദ്ദേഹത്തിന്നു വിദേശവാസത്തിൽ വിരക്തി തോന്നുകയും തൃക്കണ്ടിയൂരുള്ള ഭാൎയ്യാഗൃഹത്തിൽ പോയി താമസം തുടങ്ങുകയുംചെയ്തു. അക്കാലത്തു ഭാൎയ്യയ്ക്കു പണിയിച്ചുകൊടുത്ത വീട്ടിലാണു ഇന്നും ആ കുടുംബം താമസിക്കുന്നത്. പുരപണി പൂൎത്തിയായി കാണുന്നതിന്നുള്ള ഭാഗ്യം വാൎയ്യൎക്കുണ്ടായില്ല. തൃക്കണ്ടിയൂരു ഒടുവിൽ താമസിച്ച രണ്ടു കൊല്ലത്തോളം കാലം ഗൃഹനിൎമ്മാണശ്രമംകൊണ്ടും മററും വാൎയ്യർ വളരെ അരിഷ്ടിച്ചാണു കഴിച്ചുകൂട്ടിയതെന്നു പറയപ്പെടുന്നു. അക്കാലത്തു ഒരു ദിവസം പ്രിയതമയെ അടുത്തുവിളിച്ചു തന്റെ അന്ത്യകാലം അടുത്തിരിക്കുന്നു എന്നുംകൂടി സൂചിപ്പിച്ചുകൊണ്ടു പലതും സംസാരിച്ചു. എന്നാൽ ആ അവസരത്തിൽ അദ്ദേഹത്തിന്നു പറയത്തക്ക ശരീരാസ്വാസ്ഥ്യമൊന്നുമില്ലാതിരുന്നതിനാൽ ഈ സൂചനയുടെ അൎത്ഥം ആ സ്ത്രീക്കു മനസ്സിലാക്കാൻ വാൎയ്യർ ശ്രമിച്ചുമില്ല. അതു നവരാത്രികാലമായിരുന്നതിനാൽ പതിവുപോലെയുള്ള വ്യാസപൂജ അന്നു തുടങ്ങിയിട്ടുണ്ടായിരുന്നു. അതോടുകൂടി ചില പ്രത്യേകദാനങ്ങൾ ചെയ്യാനുണ്ടെന്നു പറഞ്ഞ് വാൎയ്യർ വേറെയും ചിലതൊക്കെ വട്ടംകൂട്ടി. വ്യാസപൂജാവസാനത്തിൽ ഏതാനും ബ്രാഹ്മണൎക്കു മഹാഭാരതം മൂലം, ഋഗ്വേദഭാഷ്യം, യജുൎവ്വേദഭാഷ്യം, സാമവേദഭാഷ്യം, ഗൗരീശങ്കരരുദ്രാക്ഷമാല, (ഇതു വാൎയ്യർ പതിവായി ധരിക്കാറുണ്ടായിരുന്ന മാലയാണ്) കറുത്ത ഒരു പശുവും കുട്ടിയും, വേദാന്തഭാഷ്യം എന്നിവ ദാനം ചെയ്കയുമുണ്ടായി. അന്നു ഭക്ഷണാനന്തരം പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മ, കൊച്ചി വീരകേരളത്തമ്പുരാൻ, ചാത്തുക്കുട്ടിമന്നാടിയാർ, മാരാർജഡ്ജി, തൃ

ക്കണ്ടിയൂരു ഊട്ടുദേവസ്വംകാര്യസ്ഥൻ, വടക്കത്തു ഗോപാലമേനോൻ എന്നിങ്ങിനെ അഞ്ചു മഹാന്മാക്ക് ഓരോ എഴുത്തു എഴുതി അയച്ചു. ഈവക എഴുത്തുകളെഴുതുന്നതും മററും കണ്ടു മററുള്ളവർ അല്പം പരിഭ്രമിച്ചു. പിറേറദിവസം രാവിലെ നാലുമണിക്കു പതിവുപോലെ എഴുനേററു പ്രാണായാമം ചെയ്യുന്നതിനിടയ്ക്കു ഭാര്യയായ കുട്ടിവാരസ്യാരെ വിളിച്ചു "എന്തോ എനിക്കു വല്ലാത്തൊരു സുഖക്കേട്; വായു പിഴച്ചുവോ എന്നു സംശയം; രണ്ടായാലും ഇന്നത്തെ തേവാരം നിർത്തി" എന്നു പറഞ്ഞു. അതുമുതൽ ഒരു വായുക്ഷോഭവും മൂത്രഗതിക്കു തടസ്സവും ആരംഭിച്ചു. എങ്കിലും ഇതൊന്നും ആദ്യം അദ്ദേഹം അത്ര സാരമായി ഗണിച്ചില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും കിടക്കുവാനും ഇരിക്കുവാനും വഹിയാത്തവിധം കലശലായ ഒരു അന്തർദ്ദാഹവും തുടങ്ങി. ഉടനെ ചിലരെല്ലാം കൂടി കോഴിക്കോട്ടുനിന്നു ഒരു ഡാക്ടറെ വരുത്തി. മൂത്രമെടുത്തു കളഞ്ഞു. വാര്യരുടെ ഒരു ശിഷ്യനായ പാറളിക്കാട്ടു പാറഞ്ഞാട്ടിൽ പുത്തൻവീട്ടിൽ ഗോവിന്ദൻനായർ, മരുമകൻ ചെറിയരാമവാര്യർ മുതലായവർ ഇതിനിടയ്ക്കു വന്നുചേൎന്നു. നവരാത്രിയിലെ മഹാനവമി ദിവസം ഒരു കാളരാത്രിയായിട്ടാണു അവരെല്ലാം കഴിച്ചുകൂട്ടിയതു. പിറെറദിവസം വിജയദശമി ആണല്ലോ; അന്നു പതിവുപോലെ വിദ്യാരംഭം, പൂജയെടുപ്പു മുതലായവയും വ്യാസപൂജയെ സംബന്ധിച്ച കാൽകഴുകിച്ചൂട്ടും കഴിഞ്ഞതിനുശേഷം—അതായത് ൧൦൭൨-ാമാണ്ടു കന്നിമാസം ൨൦നു- രാവിലെ പത്തുമണിക്കു—നമ്മുടെ ചരിത്രനായകനായ രാമവാര്യർ കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു. മരണസമയം ഇദ്ദേഹത്തിനു അറുപത്തിനാലു വയസ്സു പ്രായമുണ്ടായിരുന്നു. "അന്ത്യസമയത്തു രണ്ടു കണ്ണി

ൻെറയും കൃഷ്ണമണികൾ നാസാഗ്രന്യസ്തങ്ങളായിരുന്നു എന്നും തൽസമയത്തു അദ്ദേഹം കൈവിരൽകൊണ്ടു ഭ്രൂമദ്ധ്യത്തിൽ എന്തോ ഒരു മുദ്ര കാട്ടി എന്നും അടുത്തുനിന്നിരുന്നവർ പറയുന്നു.''

മലയാളരാജ്യത്തിനു അഭിമാനഭാജനവും കേരളസാഹിത്യത്തിനു ഉററബന്ധുവുമായിരുന്ന ഈ ദിവ്യപുരുഷൻ പൂർണ്ണായുസ്സായി ജീവിച്ചിരിക്കാതെപോയതു നമ്മുടെയൊക്കെ ദുർവ്വിധി പരിപാകമെന്നല്ലാതെ എന്താണു പറയേണ്ടതു്?

---

## IV

## നിഘണ്ടുകർത്താവായ ഡാക്ടർ ഗുണ്ടർട്ടു്

ഡോക്ടർ ഹെർമൻ ഗുണ്ടർട്ടു്, നൂററിപ്പത്തിനഞ്ചു കൊല്ലം മുമ്പു ൧൮൧൪ ഫിബ്രവരിമാസം ൪-ാംനു- ജർമ്മൻരാജ്യത്തിൽ ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛൻെറ പേർ ലൂഡ്വിഗ് ഗുണ്ടർട്ടു് എന്നും അമ്മയുടെ പേർ ക്രിസ്റ്റ്യാനെ എൻഡ്ളൻ എന്നും ആയിരുന്നു. അവരുടെ മൂന്നാമത്തെ സന്താനമായിരുന്നു നമ്മുടെ ചരിത്രനായകൻ. മാതാപിതാക്കൾ വളരെ ദൈവഭക്തിയുള്ളവരും ക്രിസ്തുമതപ്രചരണത്തിന്നായി നിർവ്വാജം പരിശ്രമിച്ചുപോന്നിരുന്നവരും ആയിരുന്നു. യറമിയാ പ്ലാത്ത്, എന്നു പേരായ ഒരു ഉപാധ്യായൻെറ കിഴിലായിരുന്നു കുട്ടി വിദ്യാഭ്യാസം ആരംഭിച്ചതു്. അഞ്ചുവയസ്സിൽത്തന്നെ ലാററിൻഭാഷ പഠിച്ചുതുടങ്ങിയിരുന്നുവത്രെ. ബാലൻ വളർന്നുവരുന്നതനുസരിച്ചു മാതാപിതാക്കൾ ആഗ്രഹിച്ചതുപോലെ മതത്തിന്നും ദൈവത്തിന്നുംവേണ്ടി മാത്രം ജീവിക്കുവാൻ അത്രമേൽ തൃഷ്ണയും ഉത്സാഹവും കാണിച്ചിരുന്നില്ല. കുട്ടിയുടെ 'മനം തിരി

ച്ച്' കേവലം 'ശ്രീയേശുവിൻെറ ശിഷ്യനാകുവാൻ' അമ്മയച്ഛന്മാർ ചെയ്തുപോന്നിരുന്ന സാഹസവും നടത്തിയ പ്രാർത്ഥനകളും തൻെറ ഒരു ജീവചരിത്രകാരകൻ എഴുതിയതു വായിക്കുവാൻ വളരെ രസമുള്ളതാണ്. തൻെറ അന്നത്തെ മനഃസ്ഥിതി എന്തായിരുന്നുവെന്നു ഹെർമൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു എഴുതിവെച്ചിരുന്ന ഒരു 'ദിനസരി'യിൽനിന്നു മനസ്സിലാക്കാവുന്നതാണ്. ആ വി



വരണം ഈ കാലത്തു പലേ സംഗതികൾകൊണ്ടും വളരെ രസകരമാകയാൽ അതിനെ ഞങ്ങൾ ഇവിടെ പൂർണ്ണമായി പകർത്തി എഴുതുന്നു :—

'കുട്ടികളിൽ സാധാരണയായി കാണാറുള്ള ദുശ്ശീലം എ

ന്നിലും പ്രത്യക്ഷമായി വരികയും അഭിമാനവും കർത്തൃത്വം നടത്തുന്ന ഭാവവും പൊങ്ങിവരികയും ചെയ്തു. പഠിപ്പിൽ എനിക്കു വല്ലതും രസമായി തോന്നിയേടത്തോളം മാത്രമെ ഞാൻ വിശ്വസ്തതയും ഉത്സാഹവും കാണിച്ചുള്ളു. ഓരോ വികൃതിപ്രവൃത്തികൾക്ക് ഏക തടസ്ഥമായിരുന്നത് എൻെറ അമ്മയച്ഛന്മാരുടെ നിത്യദൃഷ്ടി ആയിരുന്നു. ആ സംവത്സരങ്ങളിലൊക്കെയും അവർ എത്രയും ഭയത്തോടെ എന്നെ മേൽവിചാരംചെയ്തു, ഇടക്കിടെ പ്രബോധനങ്ങളാലും അപേക്ഷയാലും എൻെറ മനസ്സിനെ ആവശ്യപ്പെട്ട ഏക് ലാക്കിലേക്കു തിരിപ്പാൻ ശ്രമിച്ചു. ചിലപ്പോൾ എൻെറ മനസ്സുരുകി ഞാൻ ഓരോ പാപങ്ങളെ ഏററുപറകയും ചെയ്തു. ഞാൻ ഒരു ദിനചര്യത്തെയും എഴുതുവാൻ തുടങ്ങി. കേവലം കുട്ടികളുടെ കളിയിലും തമാശയിലും ലയിച്ചുകൊണ്ടിരിക്കെ ൧൮൨൭ മാർച്ചുമാസത്തിൽ ദൈവഭക്തയായ ഒരു സഹോദരി മരിച്ചുപോയപ്പോൾ ഞാൻ ഒന്നു ഞെട്ടി മരണത്തെയും അടുത്തിരിക്കുന്ന സ്ഥിരീകരണത്തേയും ഓർത്തിട്ടുണൎന്നു. അന്നുമുതൽ നല്ലൊരു കുട്ടിയായിത്തീരുവാൻ നിശ്ചയിച്ചു. എങ്കിലും ആ സമയം ലൌകികത്തിൽ അത്യന്തം ആസ്ഥ തോന്നിപ്പോയതുകൊണ്ടു വേദപുസ്തകപാരായണത്തിൽ വിരസമത്രെ ഉണ്ടായതു്. ലോകചരിത്രവും ഓരോ നാടകങ്ങളും കെട്ടുകഥകളും മാത്രമെ അന്നു കണ്ണാമൃതമായി തോന്നിയുള്ളു. എന്നാൽ പ്രാർത്ഥിക്കുക, തന്നത്താൻ ശോധനചെയ്യുക ഇത്യാദികൾ വിനോദമല്ല എന്നു അന്നും ഞാൻ കരുതി യേശുക്രിസ്തുവിനെ ദുർല്ലഭമായി ഓൎത്തുംകൊണ്ടിരുന്നു. അവസാനം എങ്ങിനെയെങ്കിലും എല്ലാം ശരിയാകുമെന്നു ആശിച്ചുപോന്നു. എന്നാൽ ഒന്നാകുന്നു എനിക്കിപ്പോൾ ആശ്ചര്യം തോന്നുന്നതു്. അതോ, അമ്മ

യച്ഛന്മാരുടെ ഭക്തികൊണ്ടു ഞാൻ ഓക്കുന്തോറും എൻെറ ജീവനിൽ എങ്ങിനെയെങ്കിലും ഒരു മാററം സംഭവിക്കേണമെന്നും അതിന്നായുള്ള തക്കസമയം ഇന്നത്രെയെന്നും കൂടക്കൂടെ എനിക്കു തോന്നിയതുതന്നെ.'

എന്നാൽ 'ഒരു നാസ്തികശ്രേഷ്ഠനായി വിളങ്ങുന്ന' ഡാക്ടർ സ്ട്രൌസ് (Dr. Strauss) എന്ന പണ്ഡിതൻെറ ശിഷ്യനായിത്തീരാനും ഹെഗൽ, ഗെഥെ എന്നി ജമ്മൻ തത്വശാസ്ത്രജ്ഞന്മാരുടെ പ്രമാണങ്ങൾ മനസ്സിലാക്കുവാനും സംഗതിവന്നിരുന്നതിനാൽ 'ഹെമ്മൻ ഗ്രണ്ടർട്ടും അവരുടെ കണിയിൽ കുടുങ്ങി അമ്മയച്ഛന്മാരും ആദ്യ ഗുരുജനങ്ങളും ഉപദേശിച്ചും ജീവിച്ചുംപോന്നിരുന്ന വിശ്വാസത്തെ ഉൻമൂലനംചെയ്യുന്നതു് ഉത്തമജ്ഞാനമായി വിചാരിപ്പാൻ തുടങ്ങി.'

൧൮൩൨-ാം വഷം ഒക്ടോബർമാസത്തിൽ ഗ്രണ്ടർട്ട് ഒരു വലിയ പരിക്ഷയിൽ വിജയിയായി ത്യൂബിങ്ങൽ എന്ന നഗരത്തിലെ സവ്വകലാശാലയിൽ ചേന്നു. ൧൮൩൩-ൽ തൻെറ അമ്മ പരലോകപ്രാപ്തയായി. അതിലിടക്കു തൻെറ പ്രിയപ്പെട്ട മകൻ 'ഒരു ശുദ്ധ അജ്ഞാനിയായിത്തിന്നിരുന്നുവത്രെ.'

ഏതായാലും ഹെർമൻ ആവക വിശ്വാസങ്ങളെ ഉപേക്ഷിച്ചു 'ഒരു നല്ല കുട്ടിയായി'ത്തിരുവാൻ അധികനാൾ വേണ്ടിവന്നില്ല. യേശുവിൽക്കൂടിയല്ലാതെ സൽഗതിയുണ്ടാകുന്നതല്ലെന്നു് അദ്ദേഹത്തിനു ക്രമേണ ബോധ്യംവന്നു. ഇങ്ങിനെയിരിക്കുമ്പോൾ ആദ്യം ബാഗ്ദാദിലും പിന്നെ ഇന്ത്യയിലും ക്രിസ്തുമതം പ്രചരിപ്പിക്കാൻ പ്രയത്നിച്ചുകൊണ്ടിരുന്ന ഗ്രൊവ്സ് എന്ന ഒരു ഇംഗ്ലീഷുപാതിരി ബിലാത്തിയിലേക്കു മടങ്ങിച്ചെല്ലുകയും, മറെറാരു പാതിരിയും ത

ൻെറ അളിയനും ആയ ജോൎജ്ജു മില്ലർ (George Miller) എന്ന ആളോട്ട്, തന്നോടൊന്നിച്ച് ഇന്ത്യയിൽ മിഷ്യൻവേല ചെയ്യാൻ ജൎമ്മനിയിൽനിന്നു വല്ലവരെയും കിട്ടുമോ എന്നു അന്വേഷിച്ചുതുടങ്ങുകയും ചെയ്തു. അപ്പോൾ ഹെർമൻ ഗുണ്ടർട്ടിനെപ്പററി കേൾപ്പാൻ ഇടയായി. അദ്ദേഹത്തെ ഇന്ത്യയിൽ മിഷ്യൻവേല ചെയ്യാൻ ക്ഷണിക്കുകയും, അദ്ദേഹം സംശയംകൂടാതെ ക്ഷണനത്തെ സ്വീകരിക്കുകയും ചെയ്തു. അതിൽപ്പിന്നെ സ്വിററ്സർലാണ്ടിൽ പോയി രണ്ടു പരീക്ഷകളിൽ ജയിച്ച് 'തത്വശാസ്ത്രപണ്ഡിതൻ' (Doctor of Philosophy) എന്ന ബിരുദം സമ്പാദിച്ചു. ആറുമാസം ഇംഗ്ലണ്ടിൽ പോയി പാൎത്ത് ചില ഇംഗ്ലീഷുകാരുമായി പരിചയപ്പെട്ടു. ൧൦൧൧-ാം കൊല്ലം തിരുവെള്ളിയാഴ്ച ബ്രിസ്റ്റൽ എന്ന പട്ടണത്തിൽനിന്നു കപ്പൽ കയറി യാത്രയായി. കപ്പലിൽ നൊറിസ്സ് ഗ്രൊവ്സ് (Norris Groves) എന്ന മേല്പറഞ്ഞ പാതിരിക്കു പുറമെ വേറെ പലേ യൂറോപ്യൻ സ്ത്രീപുരുഷന്മാരും ഉണ്ടായിരുന്നു. അവരിൽ ഒന്നു യൂലിയാ ഡിബോവ എന്ന പരന്ത്രീസ്സു യുവതിയായിരുന്നു. അവരെയായിരുന്നു പിന്നിട്ടു ഡാക്ടർ ഗുണ്ടർട്ടു വിവാഹം ചെയ്തിരുന്നത്. കപ്പലിൽവെച്ച്, ബങ്കാളി, തെലുങ്ക്, ഹിന്തുസ്ഥാനി എന്നീ ഭാഷകൾ പരിശീലിച്ചുകൊണ്ടിരുന്നു. കല്ക്കത്തയിൽ ചെന്നിറങ്ങണം എന്നായിരുന്നു ആദ്യം നിശ്ചയാക്കിയതെങ്കിലും ജൂലായിമാസം ൨-ാംനു- മതിരാശിയിൽ കപ്പലിറങ്ങുകയും ഗ്രൊവ്സ് സായ്വിൻെറ അഭിപ്രായപ്രകാരം അവിടെ പാൎക്കുവാൻ നിശ്ചയാക്കുകയും ചെയ്തു. ഡാക്ടർ ഗുണ്ടർട്ടു അവിടെവെച്ചു തെലുങ്കും തമിഴും പഠിച്ചു.

അക്കാലത്തു തിരുനൽവേലിയിൽ റെയിനിയുസ്

(Rhenius) എന്നു പേരായ ഒരു ജമ്മൻപാതിരി ക്രിസ്തുമത പ്രചരണം ചെയ്തുകൊണ്ടിരുന്നു. അതിലേക്കായി ഗ്രൌവ്സ്സായ്പവർകൾ ൧൫,൦൦൦ രൂപാ ദാനംചെയ്തിരുന്നു. ഗ്രൌവ്സ്സായ്പ് തൻെറ പ്രവൃത്തി ശരിയായി നടത്തുന്നില്ലെന്നും മററും ആരോ ചിലർ ദൂഷണം പറകയാൽ, ആ കായ്യം ചെന്ന് അന്വേഷിക്കുവാൻ ഡാക്റ്റർ ഗുണ്ടർട്ടിനെ അയച്ചു. റെയിന്യുസിനെപ്പററി കേട്ടതൊക്കെയും ശുദ്ധമെ കളവായിരുന്നു എന്നു മനസ്സിലാക്കി. ൧൮൩൭ മാച്ചുമാസത്തിൽ വീണ്ടും അദ്ദേഹം മതിരാശിയിൽ മടങ്ങിച്ചെന്നു. പിന്നെ കുറേക്കാലം ചിററൂരിൽ മതപ്രചരണവേല ചെയ്തു പാത്തു. അവിടെവെച്ചു ഒന്നാമതു ക്രിസ്തുമതത്തിൽ ചേത്തതു തൻെറ കുതിരക്കാരനെയായിരുന്നത്രെ. അതിലിടക്കു ഗ്രൌവ്സ്സായ്പിൻെറ കിഴിൽ പ്രവൃത്തി ചെയ്തുകൊള്ളാമെന്നുണ്ടായിരുന്ന കരാറിൻെറ അവധി കഴിഞ്ഞു. ൧൮൩൮ ജൂൺ ൫-ാംനു- റെയിന്യുസ്സായ്പ് മരിച്ചുപോകയും ചെയ്തു. അപ്പോൾ താൻ തിരുനൽവേലിയിൽ പോയി ക്രിസ്തുമതപ്രചരണത്തിനായി വേല ചെയ്യാമെന്നു തീച്ചയാക്കി. ആ കൊല്ലം ജൂലായിമാസം ൨൩-ാംനു- യൂലിയാ ഡിബോവ എന്ന യുവതിയെ കല്യാണംകഴിക്കുകയും ആ മാസം ൩൦-ാംനു- തിരുനൽവേലിയിലേക്കു പുറപ്പെട്ടുകയും ചെയ്തു. ആഗസ്തുമാസം ൨൯-ാംനു- അവിടെ എത്തി. അവിടെവെച്ചു ശ്രീയേശുവിൻെറ ജനനംവരെയുള്ള ലോകചരിത്രം തമിഴഭാഷയിൽ എഴുതിത്തീത്തിരുന്നുവെന്നു കാണുന്നു.

അക്കാലത്തു സ്വിററ്സർലാണ്ടിലെ ഒരു മിഷ്യൻസംഘം 'ബാസൽമിഷ്യൻ' എന്ന പേരിൽ ഒരു സംഘം ഏൎപ്പെട്ടുത്തുകയും തെക്കൻകൎണ്ണാടകത്തിൽ മതപ്രചരണ വേ

ല നടത്തിക്കൊണ്ടിരിക്കുകയും ചെയ്യിരുന്നു. ഡാക്റ്റർ ഗുണ്ടർട്ട് ബാസൽമിഷ്യനിൽ ചേരാൻ ആഗ്രഹിച്ച് അപേക്ഷിക്കുകയും അതിന്ന് അനുകൂലമായ മറുവടി കിട്ടുകയാൽ ൧൮൩൬ ഒക്ടോബർമാസം ൧-ാംനു- മംഗലാപുരത്തേക്കു പുറപ്പെട്ടുകയും ചെയ്തു. കുറെ ദിവസം സഞ്ചരിച്ചശേഷം തിരുവനന്തപുരത്തെത്തി. അവിടെവെച്ചായിരുന്നുവത്രെ ഡാക്റ്റർ ഗുണ്ടർട്ട് ഒന്നാമതു മലയാളഭാഷ കേട്ടതു്. 'ഈ ഭാഷ സായ്യിനെ ആശ്ചര്യകരമാംവണ്ണം ആകർഷിച്ചു' എന്നു പറയപ്പെട്ടിരിക്കുന്നു. അവിടെനിന്നു കൊച്ചിയിൽ പോകയും ഒക്ടോബർമാസം ൨൩-ാംനു- അവിടെനിന്നു മദാമ്മയോടൊന്നിച്ചു ഒരു പഴയ പത്തമാരിയിൽ കയറി മംഗലാപുരത്തേക്കു പുറപ്പെട്ടുകയും ചെയ്തു. ൨൪-ാംനു- കടലിൽ ഭയങ്കരമായ ഒരു കൊട്ടുങ്കാററുണ്ടായി. അതിനെപ്പററി ഡാക്റ്റർ ഗുണ്ടർട്ട് ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു :—

'അതു വരുന്നതു കണ്ട ഉടനെ ഞാൻ പത്തമാരിയിലെ ആളുകളോടു പായ വേഗം താഴ്ത്തുവാൻ കല്പിച്ചു. എന്നാൽ അവർ മഹാമടിയരായിരുന്നു; അവരുടെ ഉപേക്ഷയാൽ പായ കഷണം കഷണമായി കിറിപ്പോയി. ഞങ്ങൾ കാററിൻെറ ശീഘ്രതകൊണ്ടു പടിഞ്ഞാറോട്ട് ഓടി. ഒന്നിച്ചുള്ളവരൊക്കെയും പൊട്ടിക്കരഞ്ഞു നിലവിളിച്ചു. യൂലിയാ, താഴെക്കിടന്നു് ഉറങ്ങുകയായിരുന്നു. ഞാൻ അവളെ ഉണർത്തിയെങ്കിലും ആപത്തിൻെറ സ്വഭാവം മുഴുവനും അറിയിച്ചില്ല. ഇതിന്നിടയിൽ ആളുകളൊക്കെയും ഞങ്ങളുടെ അടുക്കൽ പാഞ്ഞുവന്നു, 'നിങ്ങളുടെ ദേവനോടു പ്രാർത്ഥിപ്പിൻ' എന്നു് അപേക്ഷിച്ചു. ഞാൻ തമിഴഭാഷയിൽ ഉറക്കെ പ്രാർത്ഥിച്ചു; ഭയം, വിശ്വാസം, പുനരുത്ഥാനം എന്നിവയെക്കുറിച്ചു ഒരു പ്രസംഗവും കഴിച്ചു. അതിൻെറ

ശേഷം ഞാൻ ചുക്കാൻപിടിപ്പാൻ ഭാവിച്ചാറെ യൂലിയാ ഏക ദേശം മോഹാലസ്യപ്പെട്ടുകിടക്കുന്നു എന്നു കണ്ടു് അവളുടെ അരികേതന്നെ നിന്നു. തിരമാല ഇരുഭാഗത്തോട്ടു അലെച്ചാലും (അലെക്കുന്നുണ്ടെങ്കിലും) നാം ദൈവത്തിന്റെ കയ്യിൽ ഇരിക്കുന്നുണ്ടല്ലോ എന്നു പറഞ്ഞു് അവളെ ആശ്വസിപ്പിച്ചു. അനന്തരം ഒരു വലിയ ഓളം വന്നു പത്തമാരിയിൽ വെള്ളം കയറി നിറഞ്ഞതുകണ്ടപ്പോൾ കഥ തീൎന്നു്, ഞങ്ങൾ മുങ്ങിപ്പോകും എന്നു വിചാരിച്ചു. ഞാൻ ഭാൎയ്യയോടു 'സമുദ്രം തൻ മരിച്ചവരെ തിരിച്ചുകൊടുക്കും' എന്നു പറഞ്ഞനിമിഷത്തിൽത്തന്നെ ഞങ്ങളുടെ മനസ്സിലെ ക്ഷോഭം ശമിച്ചു. ഉടനെ സമുദ്രത്തിലെ ക്ഷോഭവും നിന്നു.'

ഒടുവിൽ നവംബർമാസം ൧-ാംനു- പത്തമാരി മംഗലാപുരം തുറമുഖത്തെത്തി നങ്കൂരം ഇട്ടു. പിറേറദിവസം കരക്കിറങ്ങി. അവിടെയുണ്ടായിരുന്ന ഡാക്ടർ മെഗ്ലിങ്ങ് എന്ന പാതിരി അവരെ എതിരേററു കൊണ്ടുപോയി.

അവിടെ അധികകാലം പാൎക്കേണ്ടിവന്നില്ല. മലയാളരാജ്യത്തു് ഒരു മിഷ്യൻ ഏൎപ്പെടുത്തുവാൻ സാധിക്കുമോ എന്നു് അന്വേഷിച്ചുവരുവാൻ ൧൮൩൯ ജനുവരി മാസത്തിൽ ഡാക്ടർ ഗുണ്ടർട്ടോടു മേലധികാരികൾ ആവശ്യപ്പെട്ടു. അഞ്ചരക്കണ്ടിതോട്ടത്തിലെ കൂലിവേലക്കാരുടെ സ്ഥിതിയാണു് ഇതിന്നു ഇടവരുത്തിയതു്.

ഈസ്റ്റിൻഡ്യാക്കമ്പനിയിലെ ഡയറക്ടർമാരിൽ ഒരാളായിരുന്ന മിസ്റ്റർ ബ്രൌൺ ചിറക്കൽതാലൂക്കിൽ അഞ്ചരക്കണ്ടിദേശത്തു വലിയോരു തോട്ടം ഏൎപ്പെടുത്തി കറപ്പ (കറുവാപ്പട്ട Cinnamon) കൃഷിചെയ്തിരുന്നു. ഇന്നും അ

വിടെ ആ കൃഷി ചുരുങ്ങിയനിലയിൽ നടക്കുന്നുണ്ട്. മിസ്റ്റർ ബ്രൌണിൻെറ നേരിട്ടുള്ള അവകാശികളാരും ഇല്ലാതായപ്പോൾ ഗവൎമ്മെണ്ടിൽനിന്ന് ആ കൃഷിയും അതിനെ സംബന്ധിച്ചുള്ള വലിയ എടുപ്പുകളും മററും അററാലവകാശിയായി കരുതപ്പെട്ടുന്ന മിസ്റ്റർ എ. ബ്രൌൺ എന്ന ഒരു ആംഗ്ലൊഇൻഡ്യനെ ഏല്പിച്ചിരിക്കയാണ്. ഇന്ത്യയിൽ കറപ്പുകൃഷി അഞ്ചരക്കണ്ടിയിൽ മാത്രമെ നടക്കുന്നുള്ളുവെന്നാണ് അറിയുന്നത്. അത് ഇപ്പഴും ബിലാത്തിയിൽ കയററികൊണ്ടുപോവാനും കറപ്പത്തൈലം എന്ന ഒരു തൈലം ഇറക്കാനും ഉപയോഗിക്കുന്നു. കറപ്പത്തോലിന്നു ബിലാത്തിയിൽ 'തലശ്ശേരിയിലെ മരത്തോൽ' എന്നൎത്ഥമുള്ള 'ടെലിച്ചറിബാൿ' (Tellicherry Bark) എന്നാണു പേർ. ഈ വാക്ക് വലിയ ഇംഗ്ലീഷുനിഘണ്ടുക്കളിൽ കാണാം. അന്നു മിസ്റ്റർ ബ്രൌൺ ഈ തോട്ടത്തിൽ പ്രവൃത്തിചെയ്യിച്ചിരുന്നതു വേട്ടുവരെക്കൊണ്ടും മററും ആയിരുന്നു. അവർ അന്നു അടിമകളായിരുന്നുവെന്നാണു ഡാക്ടർ ഗുണ്ടർട്ടിൻെറ ജീവചരിത്രകാരകൻ സൂചിപ്പിക്കുന്നത്.

നമ്മുടെ ചരിത്രം ആരംഭിക്കുന്നതിന്നു കുറെ കൊല്ലം മുമ്പു റെനിയൂസ് എന്ന പാതിരി, ഈ അടിമകളോടു സുവിശേഷം പ്രസംഗിപ്പാൻ മിഖായേൽ എന്ന ഒരു ഉപദേശിയെ അഞ്ചരക്കണ്ടിയിൽ അയച്ചിരുന്നു. 'ആ അടിമകളുടെ അവസ്ഥ അതിഭയങ്കരം; ആ സ്ഥലം സാക്ഷാൽ പിശാചിൻെറ കോട്ടയായിരുന്നു എന്നു പറയാം' എന്നാണു രേഖപ്പെടുത്തിക്കാണുന്നത്. മിഖായേൽ ഉപദേശിയെ സഹായിപ്പാൻ ഒരാളെ ആവശ്യമുണ്ടായിരുന്നു. അതിന്നാണ് ഡാക്ടർ ഗുണ്ടർട്ടിനെ അങ്ങോട്ടയപ്പാൻ തീർച്ചയാക്കിയത്.

തലശ്ശേരിയിൽനിന്നു് അഞ്ചരക്കണ്ടിയിലേക്കു പോകുന്നവഴിയിൽ നിട്ടൂരിൽ 'ഇല്ലിക്കുന്നു' എന്നു പേരായി ചെറിയൊരു കുന്നു കാണാം. അവിടെ ഇപ്പോൾ യൂറോപ്യന്മാൎക്കു പാൎക്കാൻ തക്കസൌകൎയ്യവും വലിപ്പവും ഉള്ള രണ്ടു ഭംഗിയുള്ള ബങ്കളാവുകളും ഒരു മിഡിൽസ്കൂൾ, ട്രെയിനിങ്ങ്സ്കൂൾ എന്നിവയും ഒരു ക്രിസ്ത്യൻപള്ളിയും സെമിനറിയും ബോൎഡിങ്ങ്ഹൌസ്സും കുറെ ക്രിസ്ത്യൻവീടുകളും ഉണ്ടു്. ഈ കുന്നും ബങ്കളാവും തലശ്ശേരിയിൽ ഒരു ജഡ്ജിയായിരുന്ന മിസ്റ്റർ സ്ട്രേഞ്ച് എന്ന യൂറോപ്യന്റേതായിരുന്നു. ആദ്യകാലത്തു മലബാറിൽ വന്നു സുവിശേഷം പ്രസംഗിച്ചു ക്രിസ്തുമതം പ്രചരിപ്പിച്ച ഹെബിക്ക് എന്ന പണ്ഡിതന്റെ ഉപദേശങ്ങൾ കേട്ടു ഒരു യഥാൎത്ഥക്രിസ്ത്യാനിയായി ജീവിതം നയിക്കാൻ സംഗതിയായ മിസ്റ്റർ സ്ട്രേഞ്ച്, തന്റെ കൃതജ്ഞതയെ സൂചിപ്പിക്കാൻ ഈ ബങ്കളാവും അതു നില്ക്കുന്ന സ്ഥലവും ബാസൽമിഷ്യന്നു ദാനമായി കൊടുത്തിരുന്നു. ആ ബങ്കളാവിൽ പാൎത്തു അഞ്ചരക്കണ്ടിയിലെ കാൎയ്യാദികൾ അന്വേഷിപ്പാൻ സൌകൎയ്യമുണ്ടായിരുന്നതിനാൽ, ഡാക്ടർ ഗുണ്ടർട്ടിനെ അവിടെ അയക്കാൻ മേലധികാരികൾ തീൎച്ചയാക്കി. അങ്ങിനെ ൻ൦ കൊല്ലം മുമ്പു്, ഫെബ്രുവരി ഏപ്രിൽമാസം ആരംഭത്തിൽ ഡാക്ടർ ഗുണ്ടർട്ടു ഇല്ലിക്കുന്നിന്മേൽ വന്നുപാൎത്തു. 'ഇപ്രകാരമാകുന്നു ഈ നാട്ടിൽ മിഷ്യൻവേല സാക്ഷാൽ ആരംഭിക്കുവാൻ ഇടയായതു്; അതു് ആരംഭിച്ചതു ഗുണ്ടർട്ടുപണ്ഡിതനത്രെ. പിന്നെ ൨൦ കൊല്ലം അധ്വാനിച്ച മിഷ്യൻപ്രവൃത്തിയുടെ അടിസ്ഥാനം ഉറപ്പിച്ചതും അദ്ദേഹമായിരുന്നു.

ഡാക്ടർ ഗുണ്ടർട്ടു് ഇന്ത്യയിലേക്കു വന്നതു് ഇവിടെ

ക്രിസ്തുമതം പ്രചരിപ്പിക്കേണ്ടുന്നു ആവശ്യത്തോടുകൂടിയായിരുന്നു. അതിനായി മലയാളരാജ്യത്തിൽ പ്രവർത്തിക്കുവാനാണ് അദ്ദേഹത്തിന്നു സംഗതിവന്നത്. അതു മലയാളഭാഷക്കു വലിയൊരു ഭാഗ്യമായിട്ടാണ് കലാശിച്ചത്. അദ്ദേഹത്തിന്ന് ഇതരഭാഷകൾ പഠിച്ചറിവാൻ പ്രത്യേകമായ വാസനയും ഉത്സാഹവും ഉണ്ടായിരുന്നുവെന്നുള്ളതിന്നു സംശയമില്ല.

'സ്വർഗ്ഗത്തിൽവെച്ചും ഓരോ പുതിയ ഭാഷ പഠിക്കുവാൻ എനിക്ക് അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും!' എന്ന് ഡാക്ടർ ഗുണ്ടർട്ട് ഒരവസരത്തിൽ പറഞ്ഞിരുന്നതായി രേഖപ്പെട്ടുത്തിക്കാണുന്നു. അദ്ദേഹം തമിഴഭാഷ പഠിച്ച് അതിൽ പുസ്തകം എഴുതിയിരുന്നു. തെലുങ്കും കർണ്ണാടകവും പഠിക്കേണ്ടിവന്നു. ആദ്യം തൻെറ മതപ്രചരണവേല ബങ്കാളത്തിൽവെച്ചായിരിക്കും നടത്തേണ്ടിവരികയെന്നു വിചാരിച്ചു ബങ്കാളിയും പഠിച്ചു. മലയാളം എത്ര നല്ലവണ്ണം പഠിച്ചിരുന്നുവെന്ന് എല്ലാവൎക്കും അറിയാം. ജൎമ്മൻ മാതൃഭാഷയായിരുന്നു. പരന്ത്രീസ്സു, ഭാൎയ്യയുടെ മാതൃഭാഷയാകയാലും, ആ മദാമ്മ അതിലായിരുന്നു സംഭാഷണംചെയ്യാറെന്നു പറയപ്പെട്ടിരിക്കയാലും പരന്ത്രീസ്സും അറിയാമായിരുന്നുവെന്നു വരുന്നു. ഇംഗ്ലീഷുഭാഷയും പഠിച്ചിരുന്നു. ആകെ ൧൦ ഭാഷകൾ ആ മഹാന്നു വശമായിരുന്നുവത്രെ. ഇങ്ങിനെ അനേക ഭാഷകൾ പഠിച്ചറിഞ്ഞ ആ മഹാൻ മേൽപ്രകാരം പ്രസ്താവിച്ചതു തൻെറ സഹജമായ വാസനക്ക് അനുസരിച്ചുള്ള ആഗ്രഹത്തെ ഫലിതരസത്തിൽ പ്രത്യക്ഷപ്പെട്ടുത്തിയതല്ലാതെ മറെറന്താണ്?

ഏതായാലും നിഷ്കപടമായ ഈശ്വരഭക്തിയും മതവി

ശപാസവും ഉള്ള ഒരു മാന്യൻ തൻെറ മതത്തെ പ്രചരിപ്പിക്കുവാൻ മനഃപൂൎവ്വം പരിശ്രമിക്കുകയും അതിന്നായി പലേ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിലിടക്കു ഒരു വിദേശഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി ചെയ്യുന്ന പരിശ്രമം അത്രതന്നെ ശ്രദ്ധാന്തിയോടുകൂടിയായിരിപ്പാൻ ഇടയില്ലാത്തതാണെന്നാണല്ലോ വിശ്വസിപ്പാൻ കാരണമുള്ളത്. എന്നാൽ ഡാക്ടർ ഗുണ്ടർട്ട് മലയാളഭാഷയ്ക്കുവേണ്ടി ചെയ്ത അദ്ധ്വാനത്തിൻെറ ഫലം ഭാഷാഭിമാനികളായ കേരളീയരെയൊക്കെ ലജ്ജിപ്പിക്കത്തക്കതായിരുന്നു. ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ ചില തെററുകൾ ഉണ്ടെന്നുംമററും അഭിപ്രായപ്പെടാനല്ലാതെ, ആ തെററുകൾ ശരിപ്പെടുത്തി, ഗ്രന്ഥം പരിഷ്കരിപ്പാനോ, ആ മാതിരി മറെറാന്നു നിൎമ്മിക്കുവാനോ പ്രാപ്തരായ മലയാളികൾ ഇതുവരെ ഉണ്ടായിട്ടില്ല. ആ നിഘണ്ടുവെപ്പററി ഞങ്ങൾ ഒടുവിൽ പറയുന്നതാണ്. അതിന്നുമുമ്പ് അദ്ദേഹം മലബാറിൽ കേവലം അടിമകളായി ജീവിച്ച ജാതിക്കാൎക്കുവേണ്ടി ചെയ്ത പരിശ്രമങ്ങളെ ചുരുക്കത്തിൽ വിവരിക്കേണ്ടിയിരിക്കുന്നു.

മലബാറിൽ, വിശേഷിച്ചും വടക്കെ മലയാളത്തിൽ കിഴജ്ജാതികളെന്നു പറയപ്പെടുന്നവരുടെ ഇടയിൽ സ്വാതന്ത്ര്യബോധത്തിൻെറ ആദ്യത്തെ വിത്തു വിതച്ചതു ബാസൽമിഷ്യൻ സംഘക്കാരാണെന്നും അതിൽ ഒന്നാമതായി പ്രവൎത്തിച്ചവരിൽ മുഖ്യനായ ഒരാൾ ഡാക്ടർ ഗുണ്ടർട്ടാണെന്നും സൎവ്വസമ്മതമാണ്.

ഡാക്ടർ ഗുണ്ടർട്ട് അധികമായി പ്രവൎത്തിച്ചതു പുലയർ, മുകയർ, വെട്ടുവർ, മുക്കുവർ, തിയ്യർ മുതലായ ജാതിക്കാരുടെ ഇടയിലായിരുന്നു. നായന്മാർ മുതലായവരുടെ

ഇടയിൽനിന്നു പലരും അക്കാലത്തു ക്രിസ്തുമതം വിശ്വസി ച്ചിരുന്നവർ ഉണ്ടായിരുന്നുവെങ്കിലും, അധികവും മേല്പറ ഞ്ഞ ജാതിക്കാരായിരുന്നു. ജ്ഞാനസ്നാനപ്പെട്ടവരുടെ ഇ ടയിൽ രാമവർമ്മൻ എന്നൊരു ക്ഷത്രിയൻെറ പേർ കാണ്മാ നുണ്ടു്. 'ഈ രാജകുമാരൻ യാക്കോബ് രാമവർമ്മൻ' എ ന്ന പേരിൽ റവറണ്ട് ഹെബിക്കിൻെറ മുൻഷിയായിരുന്നു വെന്നു പറയപ്പെട്ടിരിക്കുന്നു. ഒരു നായരുടെ മതപരിവ ർത്തനത്തെപ്പററി ഡാക്ടർ ഗുണ്ടർട്ടു് ഇങ്ങിനെ വിവരിച്ചു കാണുന്നു :—

'കുഞ്ഞിരാമൻ എന്നു പേരുള്ള ഒരു നായർ വന്നു കു ട്ടുമ മുറിച്ചു അനാഥക്കുട്ടികളോടൊന്നിച്ചു് ഭക്ഷിച്ചതിനാൽ തൻെറ ജാതി കളഞ്ഞു. അദ്ദേഹം പ്രായംതികഞ്ഞ ആളാ യിരുന്നതുകൊണ്ടു് സംബന്ധക്കാക്കു് അയാളെ ബലാൽ ക്കാരേണ കൊണ്ടുപോവാൻ സാധിച്ചില്ല. എന്നാൽ ഈ സംബന്ധക്കാക്കു് അയാളുടെ സമ്പത്തു വലിയ കാൎയ്യമാ യി തോന്നി. അതിനെ കൈവശപ്പെടുത്തേണ്ടതിന്നായിട്ടു അവർ ഒരു കളവുചെയ്തു.' ഈ ധനം ഡാക്ടർ ഗുണ്ടർട്ടി ൻെറ അധ്വാനത്താൽ അവന്നു തിരികെ കിട്ടുമാറായി. 'എന്നാൽ കുഞ്ഞിരാമൻ സ്നാനപ്പെട്ടു് ദാവിദ് എന്ന പേ രും കിട്ടി, എങ്കിലും ക്രിസ്ത്യാനിയായിത്തീൎന്നശേഷം ഒന്നി ന്നും കൊള്ളാത്തവനായിത്തീൎന്നു. കഷ്ടം! സമ്പാദിച്ച പ ണംകൊണ്ടു തൻെറ ദുർമ്മോഹത്തെ ലാളിച്ചതിനാൽ ക്ഷണ ത്തിൽ സ്വഭാവഭ്രഷ്ടനായിത്തീൎന്നു. നടപ്പുദീനം പിടിച്ചു മര ണത്തോടു് അടുത്തപ്പോൾ അവനെ മാനസാന്തരത്തിന്നാ യി പ്രബോധിപ്പിച്ചു. എന്നിട്ടും സൌഖ്യം കിട്ടിയ ഉടനെ കാളിദേവിക്കു നേച്ചചെയ്യുകയായിരുന്നു ചെയ്തതു്. പതി നൊന്നു കൊല്ലം കഴിഞ്ഞിട്ടു് നികൃഷ്ടനായ ഈ മനുഷ്യൻ

വീണ്ടും വന്നു തിരികെ സഭയിൽ ചേരുവാൻ ആഗ്രഹിച്ചു. ഇതിന്നിടയിൽ അവൻ ഭിക്ഷക്കാരനായിത്തീൎന്നിരുന്നു. ഇനി കൈക്കൊള്ളുകയില്ല എന്നു് അവനോടു തീൎച്ചപറഞ്ഞു. എന്തു ചെയ്താലും പോകയില്ല എന്നു് അവനും തീൎച്ചപറഞ്ഞു. ഒടുക്കം അവൻ ദീനക്കാരൻ ആയിപ്പോയെന്നു കണ്ടിട്ടു അവനെ ധൎമ്മശാലയിൽ ആക്കി. അവിടെവെച്ചു് അവൻ വേഗം സൌഖ്യപ്പെട്ടുവെങ്കിലും ആത്മിക ആഹാരത്തിന്നായി യാതൊരു താല്പൎയ്യവും കാണിച്ചില്ല. ഒടുക്കം അവനെ പറഞ്ഞയച്ചശേഷം മുമ്പത്തെ ജീവൻതന്നെ കഴിച്ചുപോന്നു. സംബന്ധക്കാരാകട്ടെ, തിണ്ടൽ വരാത്ത വിധത്തിൽ അവനെ ഒരു ചെറിയ പുരയിൽ പാൎപ്പിച്ചു ജീവപൎയ്യന്തം പോററി രക്ഷിക്കുകയും ചെയ്തു.'

ദുൎമ്മാൎഗ്ഗികളായ അനേകംപേരെ ഇങ്ങിനെ വീണ്ടെടുത്തു സന്മാൎഗ്ഗത്തിൽ നടത്തുവാൻ ഡാക്ടർ ഗുണ്ടർട്ട് ചെയ്തിരുന്ന പരിശ്രമം അല്പമായിരുന്നില്ല. അവയൊക്കെ പലപ്പോഴും നിഷ്ഫലമായതിനെക്കുറിച്ചു് അദ്ദേഹം വിലപിച്ചിട്ടുണ്ടു്. ഒരിക്കൽ അദ്ദേഹം ഇങ്ങിനെ എഴുതി:—'ഞാൻ സ്നാനപ്പെടുത്തിയ ക്രിസ്ത്യാനികളൊക്കെയും പതിർ എന്നപോലെ പാറിപ്പോയി. പലപ്പോഴും എല്ലാം ഇളകുന്നുവെന്നും എല്ലാം പാഴിലായിപ്പോയി എന്നും തോന്നുന്നു. അഞ്ചരക്കണ്ടിയിലെ ക്രിസ്ത്യാനികൾ മൂന്നുമാസത്തോളം എന്നോടും സുവിശേഷത്തിന്റെ ശാസനയോടും മത്സരിച്ചു നിന്നു.'

പുലയർ മുതലായ ജാതിക്കാരെ ക്രിസ്തുമതത്തിൽ ചേൎത്തു പോന്നതിനാൽ അക്കാലത്തു മററുള്ള ഹിന്തുക്കൾ മിഷ്യൻ സംഘക്കാരോടു വലിയ വിരോധം കാണിച്ചിരുന്നുവെന്നു മാത്രമല്ല, ചില ലഹളകൾതന്നെയും ഉണ്ടായിരുന്നു. എ

ന്നാൽ അന്നു ക്രിസ്തുമതത്തിൽ ചേൎക്കപ്പെട്ടവരുടെ സന്താനങ്ങൾ ഇന്നു് അനുഭവിക്കുന്ന സ്വാതന്ത്ര്യവും ബഹുമതിയും സ്ഥാനവലിപ്പങ്ങളും ആലോചിച്ചാൽ, കീഴജ്ജാതികളെന്നു പറഞ്ഞു ചവിട്ടിത്താഴ്ത്തപ്പെട്ടുന്നവരൊക്കെ യോജിച്ചു് അന്നു ക്രിസ്ത്യാനികളാകാതിരുന്നതു രാജ്യത്തിന്നു വലിയ നഷ്ടമായില്ലേ എന്നേ പറയേണ്ടതുള്ളു. കണ്ണൂരിലെ മൂളിയിൽ രാമോട്ടി എന്ന ഒരു തിയ്യൻ അബ്രഹാം മൂളിയിൽ എന്ന പേരിലും, ചോമ്പാലിലെ ഒരു മുകയൻ, പോൾ ചന്ദ്രൻ എന്ന പേരിലും, ഒരു പുലയൻ, ജ്ഞാനമുത്തു എന്ന പേരിലും ഡാക്തർ ഗുണ്ടർട്ടിന്റെ ഉപദേശം കേട്ടു ക്രിസ്ത്യാനികളായി പരമയോഗ്യന്മാരായിത്തീൎന്നിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ഒരു യൂറോപ്യന്റെ വെപ്പാട്ടിയായി നിന്ദ്യമായ ജീവിതം നയിച്ചുപോന്ന മന്ദി എന്ന ഒരു തിയ്യസ്ത്രീ തന്റെ പുത്രിയോടുകൂടി ക്രിസ്തുമതം സ്വീകരിച്ചു. അതിൽപ്പിന്നെ അവൾ മൎയ്യാദയിൽ ജീവിക്കയും പുത്രിയായ മറിയ കണ്ണൂരിലെ തിമോത്ത്യൻ എന്ന ഒരു ഉപദേശിയെ വിവാഹംചെയ്തു യോഗ്യരായ വളരെ കുട്ടികളുടെ അമ്മയായിത്തീരുകയും ചെയ്തു. ഇങ്ങിനെ അനേകം ജനങ്ങൾ ഹിന്തുമതത്തിലെ അടിമത്തനം വിട്ടു ക്രിസ്തുമതത്തിൽ ചേൎന്നു സ്വാതന്ത്ര്യം ലഭിച്ചിരുന്നു.

ക്രിസ്തുമതത്തിൽ ചേൎന്ന പെൺകുട്ടികളെയും ആൺകുട്ടികളെയും രക്ഷിച്ചു പഠിപ്പിച്ചുപോരാനുള്ള ഭാരവാഹിത്വം ഡാക്തർ ഗുണ്ടർട്ടിന്റെ മദാമ്മയായിരുന്നു വഹിച്ചിരുന്നതെന്നു കാണുന്നു. പുതുതായി മതപരിവൎത്തനംചെയ്തു യുവജനങ്ങളിൽ വിവാഹം ആവശ്യപ്പെട്ടുന്നവർ മദാമ്മയുടെ അടുക്കൽ ചെന്നു വല്ല പെൺകുട്ടികളെയും തിരഞ്ഞെടുക്കുകയായിരുന്നു പതിവെന്നു കാണുന്നു. അങ്ങിനെ ചെ

സ്ഥിരുന്നതിൽ അവർ ആദ്യം ഏതു ജാതിയിലായിരുന്നുവെ ന്നുള്ളതു് അശേഷം പരിഗണിക്കാറുണ്ടായിരുന്നില്ല. നായരായിരുന്ന ആൾ തീയ്യസ്ത്രീയെയോ, തീയ്യനായിരുന്നവൻ വേട്ടവസ്ത്രീയെയോ, പുലയനായിരുന്നവൻ തീയ്യസ്ത്രീയെയോ വിവാഹംചെയ്യുന്നതിനു യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. അവരുടെയൊക്കെ സന്താനങ്ങൾ ഇന്നു യാതൊരു ജാതിവ്യത്യാസവും ഇല്ലാതെ 'മനുഷ്യരായി' മാന്യതയിൽ ജീവിക്കുന്നു. അവരുടെ കുടുംബങ്ങളിൽപെട്ടവരായി അന്നു ക്രിസ്ത്യാനികളാകാതിരുന്നവരിൽ ഇന്നും പുലയരും മുകയരും വേട്ടവരും ആയി അവരവരുടെ കുലവൃത്തികൾമാത്രം ചെയ്തു അടിമകളായി ജീവിക്കുന്നവർ എത്രയോ ഉണ്ടു് ! മലയാളരാജ്യത്തിനുവേണ്ടി ഡാക്ടർ ഗുണ്ടർട്ടു് ചെയ്ത ഗുണം എത്രയായിരുന്നുവെന്നു് ഇതിൽനിന്നു് ഊഹിക്കാമല്ലോ. ആ മാന്യന്റെ സ്മാരകമായി തന്റെ നിഘണ്ടു കേരളഭാഷയുള്ളന്നും നിലനില്ക്കുമെങ്കിലും, തന്നാൽ ഇത്രഅധികം ഗുണപ്പെട്ടവരോ അവരുടെ സന്താനങ്ങളോ ഡാക്ടർ ഗുണ്ടർട്ടിന്റെ പേർ നിലനില്ക്കത്തക്കവണ്ണം തങ്ങളുടെ കൃതജ്ഞതാസൂചകമായി യാതൊന്നും ഇതുവരെ ചെയ്തിരുന്നില്ലെന്നു പറയേണ്ടതിന്നുള്ള സന്ദർഭം ഇതാണു്.

ആദ്യകാലത്തു ക്രിസ്ത്യാനികളാക്കി 'മാർഗ്ഗംകൂട്ടി'യവരുടെ വേഷത്തിൽ ചില ഭേദഗതികൾ വരുത്തിയിരുന്നു. കുടുമ മുറിച്ചു, മുടിവളർത്തി, കളസവും കോട്ടും ധരിപ്പിച്ചിരുന്നതിനാൽ ക്രിസ്ത്യാനികൾ ഹിന്ദുക്കളിൽനിന്നു തീരെ ഭേദപ്പെട്ട ഒരു ജാതിയാണെന്നു വന്നുകൂടി. അവർ ഗോമാംസം ഭക്ഷിക്കുന്നവരാണെന്നും അറിയപ്പെട്ടു. അതുകൊണ്ടു ക്രിസ്ത്യാനികളായിത്തീർന്നവരെ മററു ഹിന്ദുക്കളും കുടുംബക്കാരും

നിന്ദ്യരായും ഭ്രഷ്ടരായും വിചാരിച്ചു. ഒരാൾ ക്രിസ്ത്യാനിയായാൽ അയാൾ കുടുംബത്തിന്നു കേവലം നഷ്ടമായിത്തീന്നും. ഈ നയം നന്നായിരുന്നുവോ എന്ന്, ഈ അവസരത്തിൽ ഒരു അഭിപ്രായം പറയുന്നതു വിഹിതമായിരിക്കയില്ല.

ഒരാൾ ക്രിസ്ത്യാനിയായാൽ അയാളുടെ കുടുംബം അയാളെപ്പററി ഏതു നിലയിലായിരുന്നു വിചാരിച്ചിരുന്നതെന്നു പോൾ ചന്ദ്രൻ എന്ന പുതിയ ക്രിസ്ത്യാനിയുടെ ചരിത്രം വായിച്ചാൽ അറിയാം. അദ്ദേഹം ക്രിസ്ത്യാനിയായശേഷം ഒരു ദിവസം സ്വഗൃഹത്തിൽ ചെന്നു. 'ഭാവത്തിലും വേഷത്തിലും ഓരോ മാററങ്ങൾ കണ്ടപ്പോൾ ഭാൎയ്യ വളരെ കരഞ്ഞുവെങ്കിലും ഭൎത്താവു ചെയ്തതു ശരിയെന്നു സമ്മതിച്ചു. ജ്യേഷ്ഠൻ ഒരു കത്തിയെടുത്തു അനുജനെ ആക്രമിക്കാൻ ചെന്നാറെ ശേഷമുള്ള കുടുംബക്കാർ അദ്ദേഹത്തോടു കയൎത്തുകൊണ്ടു കൂക്കിവിളിക്കയും തടുക്കയും ചെയ്തു.'

ഈ അവസരത്തിൽ കുടുംബസംബന്ധമായ ഒരു മഹാ സങ്കടംകൂടി ഡാക്ടർ. ഗുണ്ടർട്ടിന്ന് അനുഭവമായിരുന്നു. അദ്ദേഹത്തിന്നു ഹെർമൻ, ശമുവേൽ, ഫ്രെഡറിക്ക് എന്നു മൂന്നു മക്കൾ ജനിച്ചുകഴിഞ്ഞിരുന്നു. മൂന്നാമത്തെ കുട്ടിക്കു മൂന്നു വയസ്സായപ്പോൾ, ഒരു ദിവസം ആ കുട്ടി 'ഒരു ആയമ്മ (ധാത്രി)യുടെ കൈയിൽനിന്നു വഴുതി നിലത്തുവീണു ദീർഘസമയത്തോളം കഷ്ടപ്പെട്ടതിൽപ്പിന്നെ മരിച്ചുപോയി.' ഇതു കണ്ടു് സ്കൂൾകുട്ടികളൊക്കെയും കരഞ്ഞതു ചെറിയ ശാമുവേൽ കണ്ടിട്ടു് 'ഇവർ ഒക്കെയും കരയുന്നതു് ആശ്ചൎയ്യം! അവൻ സ്വരക്ഷിതാവിന്റെ അടുക്കൽ എത്തിയിരിക്കുന്നുവല്ലോ' എന്നു പറഞ്ഞുപോൽ.

൧൮൪൩-ൽ ഡാക്ടർ സ്വരാജ്യത്തേക്കു പോകയും ൧൮൪൭ ജനുവരി ൧൮-ാംതിയ്യതി വീണ്ടും തലശ്ശേരിയിൽ മട

ങ്ങിവരുകയും ചെയ്തു. ഡാക്റ്റർ ഗുണ്ടർട്ട് പോകുന്നതിന്നു മുമ്പിൽ ഇല്ലിക്കുന്നിന്മേൽ ഒരു കല്ലച്ചു സ്ഥാപിച്ചിരുന്നു. ആ കൊല്ലം നവമ്പർമാസം ൧-ാം തിയ്യതി അതിൽ ഒരു ചെറിയ പുസ്തകം അച്ചടിച്ചു പരസ്യംചെയ്തു. ഈ പുസ്തകം വായിച്ചതിന്റെ ഫലമായി ഗോവിന്ദൻ എന്നു പേരായ ഒരു ആനപ്പാപ്പാവു (ആനക്കാരൻ) ക്രിസ്തുമതം അവലംബിച്ചപോൽ. അവന്റെ ആന ചത്തുപോയതു തന്റെ പാപംനിമിത്തമാണെന്നു വിചാരിച്ചു, പാപശമനാർത്ഥം ഗോകർണ്ണത്തു പോകുന്ന വഴിക്കു ഈ പുസ്തകം വായിക്കാൻ സംഗതിവരുകയും അവൻ ഇല്ലിക്കുന്നിന്മേൽ പോയി ഗുണ്ടർട്ടു പണ്ഡിതരെ കണ്ടു് ഉപദേശം വാങ്ങി ക്രിസ്ത്യാനിയാകുകയും ചെയ്തു. ദാവീദു എന്നു പേർ ധരിച്ച അവൻ തലശ്ശേരിനഗരത്തിൽ ചെന്നു ക്രിസ്തുമതം പ്രസംഗിച്ചതിനാൽ ജനങ്ങൾ ക്ഷോഭിക്കയും അതുനിമിത്തം അന്നത്തെ സബ്ബ്കലക്ടരായ ഒരു യൂറോപ്യൻ അവനെ വിളിച്ചു താക്കീതു ചെയ്കയും ചെയ്തിരുന്നു.

൧൮൪൭ ഒക്ടോബർമാസത്തിൽ പണ്ഡിതർ വടക്കൻദിക്കിൽ മതപ്രസംഗം നടത്തിക്കൊണ്ടിരിക്കെ ജനങ്ങൾ 'പിശാചുക്കൾ എന്നപോലെ ശത്രുതപം കാണിച്ചു.' അന്നു തനിക്കും കൂട്ടുകാർക്കും '൫൦൦ തൊണ്ടുകൊണ്ടു ഏറു കിട്ടി' യതായി സായ്പ് പ്രസ്താവിച്ചിരിക്കുന്നു. സായ്പ് പുഴയിൽ ക്കൂടി കുതിരപ്പുറത്തേറി ഓടി രക്ഷപ്പെടേണ്ടിവന്നു. ഒന്നിച്ചുണ്ടായിരുന്ന തോമാസ് എന്ന ഉപദേശിയെ ആളുകൾ പിടിച്ചു നല്ല കണക്കിൽ പ്രഹരിച്ചുവിട്ടു.

൧൮൪൯ൽ മെയിമാസത്തിൽ നമ്മുടെ ചരിത്രനായകനെ ചിറക്കല്ലിലേക്കു സ്ഥലമാററംചെയ്തു. അവിടെ ഒരു പറമ്പു വാങ്ങി ചില ക്രിസ്തീയകുടുംബങ്ങളെ പാർപ്പിച്ചിരു

ന്നു. കണ്ണൂരിൽ മതപ്രചരണവേല ചെയ്തുപോന്നിരുന്ന പ്രസിദ്ധനായ ഹെബിക്ക്സായ്പിന്നു് ഉൾനാട്ടുകളിൽ സഞ്ചരിക്കേണ്ടിവന്നിരുന്നതിനാൽ 'സഭ നടത്തുവാനും,' ഉപദേശിമാരെ പഠിപ്പിക്കുവാനും സ്ക്കൂളുകൾ മേലന്വേഷണം ചെയ്യാനും സമയം കിട്ടിയിരുന്നില്ല. അതുകൊണ്ടായിരുന്നു ഡാക്ടർ ഗുണ്ടർട്ടിനെ അങ്ങട്ടയച്ചിരുന്നതു്. അവിടെ എത്തിയപ്പോൾ അദ്ദേഹത്തിന്നു സ്വരസാദം പിടിപെടുകയും കേവലം സംസാരിപ്പാൻ സാധിക്കാതാകുകയും ചെയ്തു. അങ്ങിനെ മൂന്നു കൊല്ലം ബുദ്ധിമുട്ടിയിരുന്നു. ആ അവസരത്തിലായിരുന്നു മലയാളത്തിൽ പലേ പുസ്തകങ്ങളും എഴുതിയുണ്ടാക്കുകയും നിഘണ്ഡുവിന്നു വേണ്ടുന്ന 'ഒരുക്കങ്ങൾ' അധികവും ചെയ്കയും ചെയ്തിരുന്നതു്. അന്നാണു് ബൈബിൾ പരിഭാഷ ചെയ്തതു്. ബൈബിളിന്നു ചില ഇംഗ്ലീഷുപാതിരിമാർ ഒരു പരിഭാഷയുണ്ടാക്കി പരസ്യംചെയ്തിരുന്നു. അതു തൃപ്തികരമല്ലാതിരുന്നതിനാൽ, മതിരാശിയിലെ 'ബൈബിൾ സൊസൈററിക്കാർ' അതു തിരുത്തി ശരിപ്പെടുത്തുവാൻ ഒരു യോഗം ഏർപ്പെടുത്തി. അതിൻെറ അദ്ധ്യക്ഷനായി ഗുണ്ടർട്ടുപണ്ഡിതരെ നിയമിച്ചു. പക്ഷെ യോഗത്തിലെ അംഗങ്ങളിൽ തെക്കൻ കേരളത്തിലെ ചിലരും പണ്ഡിതരും തമ്മിൽ യോജിക്കായ്കയാൽ യോഗം പിരിഞ്ഞു്, അദ്ദേഹം സ്വന്തമായി ഒരു പരിഭാഷ ഉണ്ടാക്കുകയാണു് ചെയ്തതു്. അതു് അച്ചടിക്കാനും മററുമുള്ള എല്ലാ ചെലവുകളും ബാസലിലെ സംഘക്കാരായിരുന്നു ചെയ്തിരുന്നതു്.

ഡാക്ടർ ഗുണ്ടർട്ടു് ഈ അവസരത്തിൽ ഹിന്തുക്കളിൽ വല്ലവരോടും സംസാരിക്കേണ്ടിവന്നാൽ ശബ്ദം അടച്ച നിലയിൽ പറഞ്ഞിരുന്നതിനെപ്പററി അവർ നിർദ്ദയമായി

പരിഹസിച്ചിരുന്നുവെന്നും ഒരിക്കൽ ചിറക്കൽ ക്ഷേത്രപരിസരത്തിൽവെച്ച് അവിടുത്തെ ദേവനെ ആക്ഷേപിച്ചു പ്രസംഗിച്ചതുകൊണ്ടാണ്, കണ്ണത്തിന്നു ദീനം വന്നതെന്നു പരസ്യമായി പ്രസ്താവിച്ചിരുന്നുവെന്നും രേഖപ്പെട്ടുത്തിക്കാണുന്നു. ഇതിനെ സൂചിപ്പിച്ചുകൊണ്ട് ചിറക്കൽത്തമ്പുരാൻ, ഗുണ്ടർട്ടുപണ്ഡിതക്ക് എഴുതിയ കത്തിന്നു സായ്പ് അയച്ച മറുപടിയിൽ അദ്ദേഹത്തിൻെറ വിശ്വാസത്തിൻെറ സ്വഭാവവും അദ്ദേഹം അന്ന് ഉപയോഗിച്ച ഭാഷയുടെ സ്വഭാവവും വായനക്കാൎക്ക് ഗ്രഹിപ്പാൻ കഴിയും. ഡാക്ടർ ഇങ്ങിനെ എഴുതി:—'ഞാൻ ആരുടെ പ്രേരിതനാകുന്നുവോ, ആ ദൈവം എൻെറ ദൂതസേവയിൽ വല്ല കുറവും കണ്ടിട്ടുണ്ടായിരിക്കണം. ഞാൻ പറയേണ്ടതു പറയാതിരുന്നതിനാലോ, പറയരുതാത്തതു പറഞ്ഞതിനാലോ അല്ല, രണ്ടും ചെയ്തതുനിമിത്തമോ ആയിരിക്കാം. ഇതിനെപ്പററി ധ്യാനിപ്പാൻ ഇപ്പോൾ എനിക്കു വേണ്ടുവോളം അവസരമുണ്ട്. ദൈവത്തിൻെറ ആന്തരം എന്നിൽ സാധിച്ചു വേഗം പ്രാഗത്ഭ്യത്തോടും പരസ്യമായും കൎത്താവായ യേശുവിനെക്കുറിച്ചു സാക്ഷ്യംചൊല്ലുവാൻ എനിക്കു അനുവാദം ഉണ്ടാകും എന്ന് ആശിക്കുന്നു.'

൧൮൪൦-ൽ ഡാക്ടർ ഗുണ്ടർട്ടിന്ന് എതിരായി ഹിന്തുക്കൾ ലഹളചെയ്തു. ആ ഒക്ടോബർമാസത്തിൽ ൭൩ ഹിന്തുക്കളെ ഒന്നിച്ചു 'ജ്ഞാനസ്നാനം' കഴിക്കുകയും അന്നു കണ്ണൂരിലെ സഭക്കാർ ഒരു ഉത്സവം കൊണ്ടാടുകയും ചെയ്തിരുന്നു. ജ്ഞാനസ്നാനം ചെയ്യപ്പെട്ടവരിൽ ചിറക്കല്ലിലെ ചില ചാലിയരും ഉണ്ടായിരുന്നു. ഇതുനിമിത്തം ചാലിയ സമുദായം ക്ഷോഭിച്ചു. മേല്പറഞ്ഞ ഉത്സവത്തിൽ അന്നെത്തെ സബ്ബ്കലക്ടരായിരുന്ന റോബിൻസൻസായ്പവർക

ളും സന്നിഹിതനായിരുന്നു. ഒരു സക്കാരുദ്യോഗസ്ഥനായ യൂറോപ്യൻ, ക്രിസ്ത്യൻപാതിരിമാർ ചെയ്യുന്ന മതപരിവത്തനകായ്യത്തിൽ സഹതപിച്ചതു, ഹിന്തുക്കൾക്കു ശങ്കയ്ക്കും ആശങ്കയ്ക്കും കാരണമായി. ഒക്ടോബർ ൧൯-ാംതിയ്യതി അഞ്ചരക്കണ്ടി, തലശ്ശേരി, കണ്ണൂർ മുതലായ സ്ഥലങ്ങളിൽനിന്നു വലിയൊരു പുരുഷാരം ഇളകി ചിറക്കൽ മിഷ്യൻപറമ്പിൽ ചെന്നുകൂടി. അവരുടെ ഉദ്ദേശം മിഷ്യൻവീട്ട് ആക്രമിച്ചു, സ്നാനം ലഭിച്ചവരിൽ ഒരുത്തൻെറ മകളായ മന്ദിയെന്ന പെൺകുട്ടിയെ ബലമായി പിടിച്ചുകൊണ്ടു പോകേണമെന്നായിരുന്നു. ലഹളക്കാർ സായ്വിൻെറ ഭൃത്യന്മാരെ അടിച്ചോടിച്ചു. രാത്രിയായാൽ ബങ്കളാവിലേക്കു കടക്കാമെന്നു തീച്ചയാക്കി അഞ്ചു മണിക്കൂർനേരം പറമ്പിൽതന്നെ കഴിച്ചു. അതിലിടക്കു കണ്ണൂരിൽനിന്നു പോലീസ്സൈന്യം എത്തി ലഹളക്കാരെ പിരിച്ചുവിട്ടു. പിറെറദിവസം ഗുണ്ടർട്ടുപണ്ഡിതർ ആ കുട്ടിയെ കണ്ണൂരിലേക്ക് അയക്കുകയും റോബിൻസൻസായ്വിൻെറ കോടതിയിൽ കേസ്സുകൊടുക്കുകയും ചെയ്തു. ലഹളക്കാരെ സബ്ബ്കലക്ടർ ശിക്ഷിച്ചു. ൨൪-ാം തിയ്യതി ആ ഉദ്യോഗസ്ഥൻെറ മുമ്പാകെവെച്ചുതന്നെ മന്ദിക്കു 'സ്നാനംകൊടുക്കുകയും' ചെയ്തു.

ഈ അവസരങ്ങളിലൊക്കെ സായ്വിൻെറ ധമ്മപത്നി ചിറക്കല്ലിലെ അനാഥശാലയിലും ദാരിദ്ര്യംകൊണ്ടു വലഞ്ഞ സ്ത്രീകളുടെ ഇടയിലും പ്രവത്തിച്ചുപോന്നിരുന്നു. 'ഗതിയില്ലാത്ത സ്ത്രീകൾക്കുവേണ്ടി അവിടെ ഒരു സങ്കേതസ്ഥലം തുറന്നുവെച്ചിരുന്നു.' അനാഥശാലയിൽ അന്ന് ൫൦ പെൺകുട്ടികൾ ഉണ്ടായിരുന്നുവത്രെ. ഇതിന്നു പുറമെ 'ആരും ഓരും ഇല്ലാത്ത' ൨൦ സ്ത്രീകളെ മദാമ്മ രക്ഷിച്ചുപോരുകയും ചെയ്തിരുന്നു. രണ്ടാമതു പറഞ്ഞ

വരെക്കൊണ്ട് അധികമായ 'അലമ്പൽ' ഉണ്ടായിരുന്നു വെന്നു കാണുന്നു. ഇവരെപ്പററി ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു:—'ശാരീരികവും ആത്മികവും ആയ ഞങ്ങളുടെ പ്രവൃത്തി മിക്കവാറും ആസ്പത്രിയിലെ പ്രവൃത്തിയോട് ഒക്കും. ഈ രോഗശാലയിലെ ദുർവ്വായുകൊണ്ട് ഞങ്ങളും തളൎന്നുപോയിട്ട് ആളുകളിൽ നിത്യജീവൻെറ പുഴകൾ ഒഴുകിവരുന്നതിന്നും പുനൎജ്ജന്മം സംഭവിക്കുന്നതിന്നും വേണ്ടി കാത്തുയാചിക്കുന്നതിന്നു പകരം ഇങ്ങുമങ്ങും ഏതാനും നന്നാക്കുന്നതിൽ തൃപ്തിപ്പെടുന്ന പരീക്ഷ ഞങ്ങൾക്കും ഉണ്ട്. നമ്മുടെ വൈദ്യനായ കൎത്താവു തൻവചനപ്രകാരം ഞങ്ങളെയും ചികിത്സിച്ചു ജീവിപ്പിക്കേയാവു.'

ഒരിക്കൽ ലീപ്സിഗ്പട്ടണത്തിലെ മിഷ്യൻസംഘത്തിൻെറ അഗ്രാസനരായ ഗ്രൌൾപണ്ഡിതർ മലബാറിൽ വരുകയും നമ്മുടെ ചരിത്രനായകനെ കാണ്മാൻ ചിറക്കല്ലിലേക്കു പോകുകയും ചെയ്തിരുന്നു. അദ്ദേഹം പിന്നിട്ട് എഴുതിയ ഒരു പുസ്തകത്തിൽ ഡാക്ടർ ഗുണ്ടർട്ടിനെപ്പററി വളരെ പ്രശംസിച്ച് പ്രസ്താവിച്ചിരിക്കുന്നു. ചിറക്കല്ലിൽ താമസിക്കുമ്പോൾ ഒരു ദിവസം ഗ്രൌൾപണ്ഡിതരും ഗുണ്ടർട്ടുപണ്ഡിതരും കൂടി ഒരു പുരാണകോട്ടയുടെ അവശിഷ്ടങ്ങൾ കാണുവാൻ പോയിരുന്നു. അപ്പോൾ ചിലർകൂടി സായ്പ്മാരെ കല്ലെറിഞ്ഞു ദ്രോഹിച്ചു. 'ഗ്രൌൾപണ്ഡിതരെ ഓൎത്തു അവരുടെപേരിൽ കേസ്സു കൊടുക്കുകയും അവരെയെല്ലാം നല്ല കണക്കിൽ ശിക്ഷിപ്പിക്കുകയും ചെയ്തു.'

൧൮൪൯-ൽ ഗുണ്ടർട്ടുപണ്ഡിതർ മംഗലാപുരത്തു പോകുകയും അവിടെവെച്ചു ശാമറാവു എന്ന ഒരു ബ്രാഹ്മണ

ന്നെ ക്രിസ്തുമതത്തിൽ ചേക്കുകയും ചെയ്തിരുന്നു. അവിടെ വെച്ച മിനെണ്ണ കഴിച്ചപ്പോൾ കണ്ണത്തിന്റെ സുഖക്കേടിനു കുറെ ശമനം കിട്ടി. അതിൽപ്പിന്നെ അല്പദിവസം നീലഗിരിയിൽ പോയി പാൎത്തു. പിന്നെയും ചിറക്കല്ലിൽ വന്നശേഷം ൧൮൪൨-ൽ ആ താലൂക്കിൽ കഠിനമായ ഒരു മാപ്പിളലഹള നടന്നിരുന്നു. കുറെ മാപ്പിളമാർ പുല്ലേരിഇല്ലത്തു നമ്പൂതിരിയുടെ ഭവനത്തിൽ കടന്നുചെന്നു, ൨൨ പേരെ വെട്ടിക്കൊല്ലുകയും ക്ഷേത്രങ്ങളെയും ഇല്ലങ്ങളെയും ചുട്ടു ഭസ്മമാക്കുകയും ചെയ്തിരുന്നു. ചെറിയ ഒരു ഉണ്ണി മാത്രമെ അവിടെ അന്നു മരിക്കാതെ ജീവിച്ചിരുന്നുള്ളു. ഈ ലഹളസമയത്തു ഭയവിഹ്വലരായ പലരും ഗുണ്ടർട്ടുപണ്ഡിതരുടെ ബങ്കളാവിൽ ചെന്നു ശരണം പ്രാപിച്ചിരുന്നു. ൧൮൪൯-ൽ പടിഞ്ഞാറെക്കരയിൽ ബാസൽമിഷ്യൻസംഘത്തിന്റെ അഗ്രാസനരായിത്തീൎന്നു, ൧൮൫൧ ഫിബ്രുവരിമാസം ൧൪-ാം തിയതി മംഗലാപുരത്തേക്കു പോയി. അവിടെ ഇരിക്കുമ്പോഴായിരുന്നു ൧൮൫൭-ൽ ഗുണ്ടർട്ടുപണ്ഡിതരെ മലയാളം കൎണ്ണാടകം ജില്ലകളിലെ ഒന്നാം സ്കൂൾഇൻസ്പെക്ടരായി മതിരാശിഗവൎമ്മെണ്ടു് നിയമിച്ചതു്. രണ്ടു കൊല്ലം ഈ ഉദ്യോഗം വഹിച്ചിരുന്നു. ഒടുവിൽ ൧൮൫൯ ഏപ്രിൽമാസം ൧൧-ാം തിയ്യതി അദ്ദേഹം രക്താതിസാരത്താൽ കുഴങ്ങുകയാൽ ബിലാത്തിയിലേക്കു പോയി. അതിൽപ്പിന്നെ ഇങ്ങോട്ടു മടങ്ങിവന്നിരുന്നില്ല. അവിടെവെച്ചു മിഷ്യൻവേലകൾ ചെയ്തുകൊണ്ടിരുന്നതിലിടയ്ക്കു പത്തു കൊല്ലംകൂടി പരിശ്രമിച്ചിട്ടാണു് മലയാളനിഘണ്ടു പൂൎത്തിയാക്കിയതു്.

ഇരുപത്തഞ്ചുകൊല്ലം മലയാളഭാഷ പഠിച്ചുപോന്നിരുന്ന അവസരത്തിൽ ചെയ്തുകൊണ്ടിരുന്ന പരിശ്രമത്തി

ൻെറ ഫലമായിട്ടാണ് ആ നിഘണ്ഡു ഉണ്ടാക്കിയത്. അതിന്നുവേണ്ടി തലശ്ശേരിയിൽ ഇല്ലിക്കുന്നിന്മേൽ പാൎത്ത കാലത്തും ചിറക്കല്ലിൽ പാൎത്ത കാലത്തും ആയിരുന്നു കാൎയ്യമായി പരിശ്രമിച്ചുകൊണ്ടിരുന്നത്. പലതരത്തിലും പദവിയിലും ഉള്ള നാനാജാതിമതസ്ഥരായ ആളുകളുമായുള്ള സംഭാഷണത്തിൽനിന്നും മലബാറിലെ എല്ലാ ജില്ലകളിലും ഉള്ള സൎക്കാർ റിക്കാൎട്ടുകളിൽനിന്നും പലരുടെയും കത്തുകളിൽനിന്നും അക്കാലത്തുണ്ടായിരുന്ന ഗദ്യപദ്യഗ്രന്ഥങ്ങളിൽനിന്നും അപ്പപ്പോൾ ഈ നിഘണ്ഡുവിലേക്കു പദങ്ങൾ കുറിച്ചെടുക്കാറുണ്ടായിരുന്നുവത്രെ. ഡാക്ടർ ഗുണ്ടർട്ട് വൈകുന്നേരം ഉലാവാൻപോകുന്ന അവസരത്തിൽ വല്ല ചെടിയൊ ഇലയൊ പുല്ലൊ കൈയിൽ പിടിച്ചുകൊണ്ടിരിക്കയും വഴിക്കൽ കാണുന്നവരോട് അവയുടെ പേർ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നതായി അറിയുന്നു. തട്ടാൻ, ആശാരി, മൂശാരി, കൊല്ലൻ മുതലായവരുടെ പണിസ്ഥലങ്ങളിൽ പോയി, അവരുടെ ആയുധങ്ങളുടെ പേർ ചോദിച്ചു മനസ്സിലാക്കിയിരുന്നു.

അദ്ദേഹം നൂറിൽ അധികം പുസ്തകങ്ങളിൽനിന്നു വാക്കുകൾ എടുത്തു ചേൎത്തതായി നിഘണ്ഡുവിൻെറ മുഖവുരയിൽനിന്നു മനസ്സിലാക്കാം. അവയിൽ ചില പുസ്തകങ്ങളുടെ പേർ അറിഞ്ഞിരിക്കുന്നത് ഈ അവസരത്തിൽ രസകരമായിരിക്കും. (൧) പ്രാചീന വൈദ്യശാസ്ത്രം (ഗദ്യം), (൨) ജെ. അർബത്ത്നോട്ട്സായ്പ് പരസ്യംചെയ്ത പാഠാവലി (കോട്ടയം ൧൮൪൧), (൩) ബെയിലി എഴുതിയ മലയാളം ബൈബിൾ, (൪) ചലനശാസ്ത്രം, (൫) കോലത്തിരി കേരളനാടകം, (൬) മലബാറിലെ സിറിയൻപള്ളികളെപ്പററി ജി. കുരിയൻ എഴുതിയ പ്രബന്ധങ്ങൾ (൧൮൪൨)

(൭) കേരളനാടകം, (൮) ലക്ഷ്മിപാൎവ്വതി സംവാദം, (൯) മന്ത്രങ്ങൾ, (൧൦) മൃഗചരിതം (കോട്ടയം), (൧൧) മൎമ്മമണി (മൎമ്മങ്ങളെപ്പററിയുള്ള ഒരു പഴയ ഗ്രന്ഥം), (൧൨) മിസ്റ്റർ കോളററ് എഴുതിയ മലയാള പാഠപ്പുസ്തകം, (൧൩) ന്യായശാസ്ത്രം, (൧൪) പയ്യന്നൂർ പാട്ടു്, (൧൫) രാമചരിതം, (൧൬) സഹ്യമാഹാത്മ്യം, (൧൭) ശങ്കരാചാൎയ്യചരിതം, (൧൮) ശുചീന്ദ്രമാഹാത്മ്യം, (൧൯) തന്ത്രസംഗ്രഹം, (൨൦) വിവാദരത്നാകരം, (൨൧) വ്യാകരണപ്രവേശം.

പദങ്ങളുടെ ആഗമങ്ങളെ വളരെ പ്രയാസപ്പെട്ടു കണ്ടറിഞ്ഞു നിഘണ്ടുവിൽ രേഖപ്പെടുത്തീട്ടുണ്ടു്. അറബി, പെർസ്യൻ, ഹിന്ദുസ്ഥാനി, പോൎത്തുഗീസ്, ഇംഗ്ലീഷു മുതലായ ഭാഷകളിൽനിന്നു വന്ന വാക്കുകൾ പ്രത്യേകം കാണിച്ചിട്ടുള്ളതിനു പുറമെ, ദ്രാവിഡപദങ്ങൾക്കു്, ഓരോ ദ്രാവിഡഭാഷയിലുമുള്ള പ്രത്യേക രൂപങ്ങളും എഴുതിയിരിക്കുന്നു. പദങ്ങൾക്കു് ആദ്യമുണ്ടായിരുന്ന അൎത്ഥവും, പിന്നീടു ഉപയോഗംകൊണ്ടു മാറിവന്ന അൎത്ഥവും അലങ്കാരമായി ഉപയോഗിക്കുമ്പോഴുള്ള പ്രത്യേകാൎത്ഥവും കാണിച്ചിരിക്കുന്നു. ഓരോ മുഖ്യപദവും ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചതിന്നു കവിവാക്യം തന്നെ ഉദ്ധരിച്ചെഴുതി ഉദാഹരണം കാണിച്ചിരിക്കുന്നു. ചില വാക്കുകളെക്കൊണ്ടു ജനങ്ങളുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളൊ വല്ല ഐതിഹ്യമൊ സൂചിക്കുന്നുണ്ടെങ്കിൽ അവയും പഴഞ്ചൊല്ലുകളിൽ ഉപയോഗിച്ച വാക്കുകളാണെങ്കിൽ ആ പഴഞ്ചൊല്ലും എടുത്തു ചേൎത്തിരിക്കുന്നു. തത്ഭവങ്ങളാണെങ്കിൽ അവയുടെ തത്സമങ്ങൾ കാണിച്ചിരിക്കുന്നു. ഇങ്ങിനെ നാനാവിധത്തിലും പ്രയോജനകരമായ ഒരു നിഘണ്ടു മററു യാതൊരു ദ്രാവി

ഡഭാഷയ്ക്കും ഇതുവരെ ഉണ്ടായിട്ടില്ലെന്നാണ് പറയപ്പെട്ടുന്നത്.

എകാരത്തിന്റെ ദീർഘത്തിന്നു ദീർഘപ്പുള്ളി ഉപയോഗിച്ചതു് ആദ്യം ഡാക്ടർ ഗുണ്ടർട്ടാണെന്നു പറയുന്നതു പരമാത്ഥംതന്നെയോ എന്നു ഭാഷാചരിത്രജ്ഞന്മാർ പറയേണ്ടതാണ്.

താലവ്യഅകാരത്തിന്നുശേഷം വരുന്ന 'ക്ക' എന്ന പ്രത്യയത്തിന്നു യകാരശബ്ദംകൂടിയുള്ളതിനാൽ യകാരംകൂടി എഴുതേണമെന്നു കേരളപാണിനിയാണല്ലൊ വിധിച്ചു നടപ്പിൽവരുത്തിയതു്. ഗുണ്ടർട്ട് ഈ യകാരത്തെ പിന്നിൽ പുള്ളിയിട്ടു സൂചിപ്പിച്ചതായി കാണുന്നു. 'അടയ്ക്ക' എന്നു എഴുതേണം എന്നു കേരളപാണിനിയും 'അടെക്ക' എന്നാണ് വേണ്ടതെന്നു ഗുണ്ടർട്ടും പറഞ്ഞിരിക്കുന്നു. 'അടച്ചു' എന്ന പദത്തിന്റെ ഉച്ചാരണത്തിലും യകാരശബ്ദം ഉണ്ടെന്നു ഗുണ്ടർട്ട് തീച്ചയാക്കിയായിരിക്കണം 'അടെച്ചു' എന്ന് എഴുതിയതു്. കേരളപാണിനി അവിടെ യകാരം ഗണ്യമാക്കീട്ടില്ല. ഇപ്പോൾ യകാരം കുറെക്കൂടി ഉറപ്പിച്ചു ഉച്ചരിക്കുന്നതു ഒരു ഭംഗിയാണെന്നു കരുതി പലരും ഇകാരത്തിന്നു ശേഷവും യകാരം ചേത്തു 'ഇടിയ്ക്കു' എന്നും മറ്റും എഴുതുന്നു. ഗുണ്ടർട്ടപണ്ഡിതർ എഴുതിയതുപോലേ 'അടെക്ക' 'അടെച്ചു' എന്ന് എഴുതുന്നതോ അതോ കേരളപാണിനി പറഞ്ഞതുപോലെ 'അടയ്ക്കു' അടച്ചു' എന്നു എഴുതുന്നതോ ഏതാണ് ശരിയെന്നും നല്ലതെന്നും വൈയ്യാകരണന്മാർ തീച്ചയാക്കിക്കൊള്ളട്ടെ.

പണ്ഡിതരുടെ ജീവചരിത്രകത്താവു ഇങ്ങിനെ പറയുന്നു :— ബിലാത്തിയിൽവെച്ചു വൈദികസംബന്ധമായ പല പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നതിന്നിടയിൽ 'ആ

ദ്ദ്യത്തെ പത്തു സംവത്സരത്തിനകം മലയാളികൾക്കു വില യേറിയ ഒരു നിധിപോലെ ഇരിക്കുന്ന വലിയ നിഘ ണ്ടു ചമെച്ചതിൽശേഷം മററുള്ളവർ സൈ്വരം അ നുഭവിക്കുന്ന സമയത്തു താൻ അനേക ഭാഷകളോടൊന്നി ച്ചു പ്രത്യേകമായി ജിവപൎയ്യന്തം സ്നേഹിച്ച മലയാളഭാഷ യിലെ ഗ്രന്ഥങ്ങളെയും നിത്യം വായിച്ചുകൊണ്ടിരുന്നു.'

'സകല പ്രവൃത്തിയും അദ്ദേഹം എത്രയുംസൂക്ഷ്മത്തോ ടെ ചെയ്തു എന്നുംകൂടെ ഓൎത്താൽ ഇതെല്ലാം സാധിപ്പിപ്പാ ൻ ഒരു മനുഷ്യൻെറ ശക്തി മതിയാകുമോ എന്നു സംശയി ക്കാം' എന്നു ജിവചരിത്രകാരകൻ പറഞ്ഞതു് ഏററവും പ രമാൎത്ഥമാണെന്നു തോന്നുന്നില്ലയോ?

ഈ ലേഖനത്തിന്നായി ഞങ്ങൾ അധികവും കടപ്പെ ട്ടിട്ടുള്ള ജിവചരിത്രത്തിൻെറ കൎത്താവു് ആരാണെന്നറിയു ന്നില്ലെങ്കിലും അദ്ദേഹത്തിൻെറ കൈയ്യിൽ സായ്പവർകൾ ഉപയോഗിച്ച സ്വന്തം നിഘണ്ടു ഉണ്ടെന്നും അതിലെ ഭിന്നഭിന്ന ഭാഗങ്ങളിൽ ഓരോ ഭാഗത്തും സായ്പ് പിന്നെ ത്തേതിൽ വായിച്ച പുസ്തകങ്ങളിൽ കണ്ട ഓരോ പുതിയ പ്രയോഗങ്ങളെ പുതുതായി സ്വന്ത കൈകൊണ്ടു കുറിച്ചു ചേൎത്തതായി കാണുന്നുവെന്നും അദ്ദേഹം എഴുതിയിരുന്നു. ആ വാക്കുകളായിരിക്കാം നിഘണ്ടുവിൻെറ പ്രസാധകൻ ഒടുവിൽ അനുബന്ധമായി ചേൎത്തതു്. പക്ഷെ, അവയൊ ക്കെ ഡാക്ടർ ഗുണ്ടർട്ട് എഴുതിയ കുറിപ്പുപോലെ ചുരുക്ക ത്തിൽ അതേ രീതിയിൽ ചേൎക്കുകയേ ചെയ്തിട്ടുള്ളു. ഗ്രന്ഥ കൎത്താവു ഇങ്ങിനെകൂടി എഴുതിയിരിക്കുന്നു:—

ഏകദേശം ഭിന്ന ഭാഷകളിൽ എഴുതപ്പെട്ട ഓരോ വ ൎത്തമാനക്കടലാസ്സുകൾ ആഴ്ചതോറും തപ്പാൽമാൎഗ്ഗമായി സാ യ്പിന്നു കിട്ടാറുണ്ടു്. സായ്പോ, ഇവയൊക്കെയും വായിച്ചു്

അതിൻെറ സാരാംശം തൻെറ എഴുതുന്ന ലിഖിതങ്ങളിൽ പ്രയോഗിച്ചുംപോന്നു.'

ഗുണ്ടർട്ടുപണ്ഡിതർ ബിലാത്തിയിൽ പോകുമ്പോൾ തൻെറ ഭാൎയ്യയെ ഒന്നിച്ചുകൂട്ടിയിരുന്നില്ല. ഒരു കൊല്ലം ബിലാത്തിയിൽ പാൎത്തു ശരീരസുഖം വീണ്ടും സമ്പാദിച്ചു മടങ്ങിവരാമെന്നു വിചാരിച്ചായിരുന്നു അദ്ദേഹം പോയിരുന്നതു്. അതുകൊണ്ടു ഭാൎയ്യയും മകളും കോഴിക്കോട്ടു പാൎക്കേണ്ടിവന്നു. പിന്നെ ഒരു കൊല്ലം കഴിഞ്ഞശേഷം അവരും ബിലാത്തിക്കു പോയി.

നമ്മുടെ ചരിത്രനായകൻ ൧൮൫൯ മെയിമാസം ൨൯-ാംതിയതി ബാസൽനഗരത്തിൽ എത്തി. കുറെ കഴിഞ്ഞപ്പോൾ രോഗം ഭേദപ്പെട്ടുവെങ്കിലും ഇന്ത്യയിലേക്കു മടങ്ങിവരുന്നതിനു പലേ തടസ്ഥങ്ങളും നേരിട്ടു. ജൎമ്മനിയിൽ മതസംബന്ധമായ ഗ്രന്ഥങ്ങൾ രചിക്കാനും പരസ്യം ചെയ്യാനും മററും വലിയ ഒരു സംഘം ഉണ്ടായിരുന്നതിൻെറ അദ്ധ്യക്ഷനായ ബാൎത്ത് പണ്ഡിതർ എന്ന മഹാ വിദ്വാൻെറ സഹായകനായും, അദ്ദേഹത്തിൻെറ മരണശേഷം അദ്ധ്യക്ഷനായും ഉദ്യോഗം വഹിക്കേണ്ടതായിവന്നു. ഈ സംഘത്തിൻെറ പ്രവൃത്തിയുടെ സ്വഭാവം താഴെ കാണുന്ന വിവരണത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

'ആളുകൾക്കു അറിവാൻ ആവശ്യമുള്ള ഓരോ കാൎയ്യത്തെ സംബന്ധിച്ചു ക്രിസ്ത്രീയഭാവത്തോടുകൂടെ എഴുതപ്പെട്ട പുസ്തകങ്ങൾ ലഭിക്കുമാറു ആ സംഘം ഏകദേശം സകല വിഷയങ്ങളെക്കുറിച്ചും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിവന്നു. നമ്മുടെ സഭയിൽ പ്രയോഗിച്ചുവരുന്ന വേദകഥകൾക്കു പുറമെ ക്രിസ്തീയമാൎഗ്ഗത്തെ സംബന്ധിച്ചു മററു പലവിധമായ പുസ്തകങ്ങൾ മാത്രമല്ല, സഭാചരിത്രം,

ലോകചരിത്രം, സ്വദേശചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം, കണക്കുസാരം മുതലായവയെ സംബന്ധിച്ചുള്ള പുസ്തകങ്ങളെ ആ സംഘം ചമെച്ചു.'

ഇങ്ങിനെയുള്ള സംഘത്തിൻെറ അദ്ധ്യക്ഷനായി ഡാക്ടർ ഗുണ്ടർട്ട് അനേകം നല്ല പുസ്തകങ്ങൾ എഴുതി പ്രസിദ്ധംചെയ്തിരുന്നു. അതിലിടയ്ക്കു് അദ്ദേഹം മൂന്നു പത്രങ്ങളുടെ പത്രാധിപത്യവും വഹിച്ചിരുന്നു. കുറെക്കാലം അഞ്ചു പത്രങ്ങളെ ഒന്നിച്ചു നടത്തിയിരുന്നുവെന്നും അതിൽ ഒന്നു് കുട്ടികൾക്കുവേണ്ടിയുള്ളതായിരുന്നുവെന്നും അറിയുന്നു. പള്ളികളിലും മതസംബന്ധമായ വലിയ സഭകളിലും ഇതേസമയത്തു പ്രസംഗങ്ങൾ ചെയ്യേണ്ടതായും ഉണ്ടായിരുന്നു. ആദ്യത്തെ പത്തുകൊല്ലം മലയാളനിഘണ്ഡു വെ ക്രമപ്പെടുത്തി അച്ചടിക്കാൻ തയ്യാറാക്കേണ്ടുന്ന ജോലിയും നടത്തിക്കൊണ്ടിരുന്നു. ഇങ്ങിനെ അത്യന്തം ഭാരവാഹിത്വമുള്ളതും, പ്രയാസമേറിയതും, അത്യദ്ധ്വാനം ആവശ്യമായതുമായി അദ്ദേഹം ചെയ്തുപോന്ന പ്രവൃത്തികളെപ്പററി ആലോചിക്കുമ്പോൾ, 'ഭയങ്കരം' എന്നു പറവാനേ തോന്നുകയുള്ളു.

ജർമ്മനിയിലെ 'കല്വ' എന്ന ചെറുനഗരത്തിലായിരുന്നു അദ്ദേഹം തൻെറ ഒടുവിലത്തെ കാലം നയിച്ചിരുന്നതു്. ബിലാത്തിയിൽ മടങ്ങിയെത്തി അധികദിവസം ചെല്ലുന്നതിനു മുമ്പിൽ ഒരു ദിവസം അദ്ദേഹം ഒരു പർവ്വതമുകളിൽനിന്നു് അതിൻെറ താഴ്വരയിൽ കിടക്കുന്ന ഈ ചെറുനഗരം നോക്കി, 'ഇതാ എലിക്കത്രി, ഇതിൽനിന്നു ഞാൻ ഇനി ഒഴിഞ്ഞുപോകയില്ല,' എന്നു പറഞ്ഞുപോൽ. അപ്രകാരംതന്നെ സംഭവിച്ചു. പിന്നെ മരണംവരെ ൨൨ കൊല്ലം അവിടെ കഴിക്കേണ്ടിവന്നു.

തൻെറ മദാമ്മ ബിലാത്തിയിൽവെച്ച് സാധുക്കളെ സഹായിച്ചും രോഗികളെ ശുശ്രൂഷിച്ചും കാലംകഴിച്ചു. ഒരിക്കൽ വസൂരിപിടിച്ച ഒരു രോഗിയെ ശുശ്രൂഷിച്ചതിനാൽ ആ രോഗം മദാമ്മയ്ക്കും പകന്നു, അതുനിമിത്തം കുറെ കഷ്ടപ്പെട്ടുവാൻ ഇടവന്നിരുന്നു. കുടുംബസംബന്ധമായി പലേ സങ്കടങ്ങളും ഡാക്ടർ ഗുണ്ടർട്ടും പത്നിയും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അവയിൽ ഏററവും കഠിനമായിരുന്നതു തൻെറ രണ്ടാമത്തെ മകൻ, ശമുവേൽ, അച്ഛൻെറ ശേഷം മംഗലാപുരത്തുള്ള മിഷ്യൻവേല ചെയ്തുകൊണ്ടിരിക്കെ അവിടെവെച്ചു ൧൮൭൦-ൽ മരിച്ചുപോയതായിരുന്നു. മകളുടെ ഭർത്താവും ക്ഷയരോഗത്താൽ മരിച്ചു. ൧൮൭൭-ൽ തൻെറ പ്രിയ പത്നിയും ഇഹലോകവാസം വെടിഞ്ഞു.

൧൮൯൦-ാം കൊല്ലത്തിൽ ഡാക്ടർ ഗുണ്ടർട്ടിന്നു മഹോദരം എന്ന വ്യാധി പിടിപെട്ടു. അതിൽനിന്നു രക്ഷപ്പെടാതെ ൧൮൯൩ എപ്രിൽമാസം ൨൫-ാം തീയതി ചൊവ്വാഴ്ച രാവിലെ നാലരമണിയ്ക്കു്, ആ മഹാൻ അന്ത്യശ്വാസം കഴിച്ചു.

കേരളരാജ്യത്തിനും കേരളഭാഷയ്ക്കും വേണ്ടി ഏകസമയത്തു നിസ്വാത്ഥമായി ഇത്രയധികം പരിശ്രമിച്ച മറെറാരാൾ സ്വദേശികളുടെ കൂട്ടത്തിൽപോലും ഉണ്ടെന്നു തോന്നുന്നില്ല. കേരളീയർ അദ്ദേഹത്തിൻെറ പരിശുദ്ധനാമധേയം എന്നെന്നും കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു.

165279
38207
032:9M8
G0;1;1

C. M. S. PRESS, KOTTAYAM.—1930

UNIVERSITY LIBRARY
24 SEP 1955